NERVEEDHI

Volume -11, Issue - 09, 10th September 2022, Monthly, Price ₹ 25, Published at Kottayam

വാല്യം–11, ലക്കം–09, സെപ്തംബർ 2022 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ഇളം തലമുറയെ സജ്ജമാക്കുക

പേജ് 4

Editorial

# മാതൃകാജീവിതവും മാർഗ്ഗനിർദ്ദേശങ്ങളും

അപകടം നിറഞ്ഞ ലോകത്തിലേക്കാണ് വളർന്നുവരുന്ന നമ്മുടെ കുട്ടികൾ ഇറങ്ങുന്നത് എന്ന് എല്ലാവർക്കുമറിയാം. അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ഏത് ഉൾഗ്രാമത്തിലും ലഭ്യമായതോടെ എവിടെയുള്ളവർക്കും എന്തും കാണുവാനും കേൾക്കുവാനും അറിയുവാനുള്ള സംവിധാനം വിരൽത്തുമ്പിലായി. ഗുണകരമായി ഇത് ഉപയോഗിക്കുവാൻ വിവേചനവും പരിജ്ഞാനവും ആത്മനിയന്ത്രണവും അനിവാര്യമാണ്. അങ്ങനെയുള്ളവർ അത് നന്മയ്ക്കായി പ്രയോജനപ്പെടുത്തും. മറ്റുള്ളവർ അത് ദുരുപയോഗപ്പെടുത്തി സ്വന്ത നാശത്തിന് തീവ്രത കൂട്ടും. നിർഭാഗ്യമെന്നു പറയട്ടെ, ഇന്ന് അനേകർ പിശാചിന്റെ ഈ ചതിക്കുഴിയിൽപ്പെട്ട് ഉഴലുകയാണ്. എല്ലാവികസന സംവിധാനങ്ങളും അവർക്ക് നാശഹേതുവായിത്തീർന്നിരിക്കുന്നു.

കുടുംബത്തകർച്ച ഏത് കാലഘട്ടത്തെക്കാളും അധികമായിക്കൊണ്ടിരിക്കുന്നു. വിവാഹമോചനങ്ങൾ കുട്ടികളെ അരക്ഷിതാവസ്ഥയുടെ ചുഴിയിലകപ്പെടുത്തുന്നു. സ്നേഹം ലഭിക്കാതെയും അറിയാതെയും വളരുന്നവർ സ്നേഹിക്കുവാൻ കഴിയാതെ നശീകരണ സ്വഭാവം ഉള്ളവരായിത്തീരുന്നു. സംസ്ക്കാരസമ്പന്നമായ കുടുംബങ്ങളിൽപ്പോലും തിരക്കുകൾ നിമിത്തം ബന്ധങ്ങൾ തണുത്തുറയ്ക്കുന്നു; അന്യോന്യമുള്ള സംസാരം അത്യാവശ്യത്തിൽ മാത്രമൊതുങ്ങുന്നു. ഒരു യാന്ത്രിക ജീവിതം!

സ്നേഹത്തിനും അംഗീകാരത്തിനും കൊതിക്കുമ്പോൾ മുൻപിൽ വെച്ചുനീട്ടുന്ന സ്നേഹത്തെ വിവേചിക്കുവാൻ കഴിയാതെ ചതിക്കുഴിയിൽ അകപ്പെട്ടു നശിക്കുന്ന എത്രയെത്ര യുവത്വങ്ങൾ! ഈ കാറ്റുകൾക്കെതിരെ പിടിച്ചു നിൽക്കുവാൻ നമ്മുടെ തലമുറയെ സജ്ജമാക്കുന്നതിലേക്കുള്ള പ്രോത്സാഹനമാണ് ഈ ലക്കത്തിലെ സന്ദേശം. സമയത്തിനും അവസരത്തിനുമൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ തലമുറയ്ക്ക് കൊടുക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ആത്മീയത്തിനും ആത്മീയ പ്രബോധനങ്ങൾക്കും, കേൾക്കുന്നവർ വിലമതിക്കണമെങ്കിൽ നല്ല മാതൃകാജീവിതം അവർ കാണേണ്ടത് അത്യാവശ്യമാണ്. മറ്റുള്ളവരെ പ്രത്യേകാൽ യുവജനങ്ങളെയും കൗമാരക്കാരെയും മനസ്സിലാക്കി; അംഗീകരിച്ച് അവരെ ആത്മീയതയുടെ പാതയിൽ കൈ പിടിച്ചു നടത്തുവാൻ പക്വതയും പരിജ്ഞാനവും മാതൃകാജീവിതവും ഉള്ള ജ്യേഷ്ഠസഹോദരങ്ങളുടെ പ്രസക്തി ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. അങ്ങനെയുള്ള സഹോദരീസഹോദരന്മാരാണ് വളർന്നു വരുന്ന തലമുറയ്ക്ക് മാർഗ്ഗദർശികൾ ആകുക. ഇതിൽ നമുക്ക് ഓരോരുത്തർക്കുമുള്ള പങ്ക് കണ്ടെത്തി സഭയെ പരിപോഷിപ്പിക്കേണ്ടതാണ്.

അഭ്യസ്തവിദ്യർ പൊതുവെ വിവേകികളാണെന്നാണ് സമൂഹം കരുതുന്നത്. എന്നാൽ വിദ്യാഭ്യാസവും വിവേകവും രണ്ടും രണ്ടാണെന്ന്, ഹോസ്റ്റലിൽ നിന്നും പിടിക്കപ്പെട്ട എം. ബി. ബി. എസും ഇന്റേൺഷിപ്പും പൂർത്തിയാക്കിയ പതിനഞ്ചോളം ഡോക്ടർമാർ തെളിയിക്കുന്നത്. ജീവൻ രക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരായിരിക്കുന്ന ഇത്തരക്കാർ ചികിൽസിച്ചാൽ രോഗികളുടെ അവസ്ഥ എന്താകും? ഹൃദയത്തിൽ സംഗ്രഹിക്കുന്ന തിരുവെഴുത്തുകളുടെ വെളിച്ചമാണ് ഏതൊരു വ്യക്തിയെയും പരിജ്ഞാനത്തിലും വിവേകത്തിലും സമ്പന്നനാക്കി സമൂഹത്തിനു അനുഗ്രഹവും ആശ്വാസവുമായി ഭവിക്കുക. നേർവീഥിയുടെ ഓരോ ലേഖനങ്ങളും ശ്രദ്ധയോടെ വായിച്ചു ലോകത്തിനു വെളിച്ചവും കേടുകൂടാതെ സൂക്ഷിക്കുന്ന ഉപ്പുമായിരിക്കുവാൻ ഓർമ്മിപ്പിച്ചു കൊണ്ട് മാസിക സമർപ്പിക്കുന്നു.

പുസ്തകം 11 ലക്കം 9
സെപ്തംബർ 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription `250.00
Cover : Google Photos

**ഇളം തലമുറയെ സജ്ജമാക്കുക** 4
ജോയ് എം. തോമസ്

**അയോഗ്യമായി അപ്പംതിന്നുന്നവർ** 6
സാജു മാത്യു

**വിശ്വാസം ദൈവത്തിങ്കലെ....** 8
ചെയ്സ് ജോസഫ്

**വാർത്താ വീഥി** 11

**മോക്ഷയാത്രയിലെ അദൃശ്യമതിൽ** 12
വാച്ച്മാൻ നീ

**മത്സരം ആഭിചാരത്തിനും കലഹം..** 14
ജോർജ് മാത്യു, പുതുപ്പള്ളി

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**മലബാറിലെ സുവിശേഷ പ്രവർത്തനങ്ങൾ** 18
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 20
ജെസ്സി സാജു

**ആത്മികജീവിത വിജയത്തിന്** 22
രാജു അത്താണിക്കൽ

**കർത്താവിന്റെ മടങ്ങിവരവ് ഈ നാളുകളിൽ...** 24
ഡോ. സജികുമാർ കെ. പി.

**വേദ അധ്യയനം** 27
ജോയ് എം. തോമസ്

**ഹൃദയശുദ്ധിയോടെ ജീവിക്കാം...** 31
എംസി



ജോയ് എം. തോമസ്

# ഇളം തലമുറയെ സജ്ജമാക്കുക

അനവധി വെല്ലുവിളികൾ നിറഞ്ഞ സമൂഹത്തിലാണ് നമ്മുടെ മക്കൾ വളരുന്നത്. ഈ ലോകത്തിലെ ഭാവി തന്നെ ഇരുളടഞ്ഞു പോകത്തക്ക പ്രതിസന്ധികളാണ് അവരുടെ മുമ്പിലുള്ളത്. അപ്പോൾ ആത്മീയജീവിതവും എത്രയും പ്രതിസന്ധികളെ തരണം ചെയ്ത് അവർക്ക് നയിക്കേണ്ടതുണ്ട്. ആത്മീയജീവിതം കളങ്കമില്ലാതെ നയിക്കുവാൻ കഴിഞ്ഞാൽ ഭൗതിക തലത്തിലുള്ള എല്ലാ പ്രതിസന്ധികളെയും കീഴടക്കുവാൻ ദൈവം അവരെ പ്രാപ്തരാക്കും എന്നതാണ് വാസ്തവം. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കരുത്തുള്ളതും യഥാർത്ഥവുമായ ഒരു ആത്മീയജീവിതത്തിലേക്ക് നമ്മുടെ ഇളം തലമുറയെ കൈപിടിച്ചുയർത്തുവാൻ നാം ചുമതലപ്പെട്ടിരിക്കുന്നു.

ഇന്നത്തെ സന്ദേശത്തിന് ആധാരമായ വാക്യത്തിലേക്ക് നിങ്ങളുടെ പൂർണ്ണശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. വിശ്വാസത്താൽ മോശെയുടെ ജനനത്തിൽ ശിശു സുന്ദരൻ എന്നു അമ്മയപ്പന്മാർ കണ്ടു. രാജാവിന്റെ കൽപ്പന ഭയപ്പെടാതെ അവനെ മൂന്നുമാസം ഒളിപ്പിച്ചുവെച്ചു ( എബ്രായർ 11 : 23).

വളരെ പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ ചുറ്റുപാടിൽ ആയിരുന്നു മോശെയുടെ ജനനം. എത്ര വലിയ പ്രതികൂല സാഹചര്യം പിശാച് കെട്ടിപ്പൊക്കിയാലും ദൈവത്തിനു പ്രവർത്തിക്കുവാൻ അത് തടസ്സമാകുന്നില്ലല്ലോ. ശത്രുക്കളുടെ മുമ്പിൽ മേശ ഒരുക്കുക എന്നത് ദൈവത്തിന്റെ പ്രവർത്തന ശൈലിയാണ്. മോശെയുടെ വളർച്ചയിൽ നമുക്കത് കാണുവാൻ കഴിയും.

ഇസ്രായേൽ മക്കൾക്ക് ജനിക്കുന്ന ആൺകുട്ടികളെ നദിയിൽ ഇട്ടു കളയണമെന്ന രാജാവിന്റെ ശക്തമായ കൽപ്പന നിലനിൽക്കുകയാണ് (പുറപ്പാട് 1: 22 ). ഒരു ആൺകുട്ടി വേണമെന്ന് ആഗ്രഹമില്ലാത്ത മാതാപിതാക്കൾ കാണില്ല. ആൺകുട്ടികൾ ഇല്ലാതെ വന്നാൽ വംശത്തിന്റെ നിലനിൽപ്പും അപകടത്തിൽ. പിശാച് ആഗ്രഹിച്ചത് വലിയ തിന്മ ആയിരുന്നു. ഇന്നും ആത്മികതയെ ദുർബലപ്പെടുത്തുവാനും ഭക്തന്മാരെ ഇല്ലാതാക്കുവാനും പിശാച് ചെയ്യുന്നത് ഇളം തലമുറയെ വഴിതെറ്റിക്കുക എന്നതാണ്. പിശാചിന്റെ തന്ത്രങ്ങളെ എതിർത്ത് തോൽപ്പിക്കുവാൻ നാം ജാഗ്രതയുള്ളവർ ആയിരിക്കണം.

മോശെയുടെ മാതാപിതാക്കളുടെ വിശ്വാസം ആണ് മോശെയെ വളർത്തുവാൻ അവരെ ധൈര്യമുള്ളവരാക്കിയത്. പ്രതികൂലങ്ങളിൽ പതറുകയും ഭയപ്പെടുകയും ചെയ്യുന്നത് സ്വാഭാവികമാണ്. എന്നാൽ അവയെ തരണം ചെയ്യുവാൻ നിലപാട് എടുക്കുന്നത് വിശ്വാസത്താലാണ്. മോശെയുടെ മാതാപിതാക്കൾക്ക് ദൈവത്തിലുണ്ടായിരുന്ന വിശ്വാസം എത്ര വലുതായിരുന്നു. തങ്ങളുടെ പിതാക്കന്മാരായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ ഏകസത്യദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവും, ദൈവത്തോടുള്ള അവരുടെ ആത്മബന്ധവും ആണ് അവരിൽ ദൈവത്തിലുള്ള ഉറപ്പും വിശ്വാസവും രൂപപ്പെടുവാൻ കാരണമായത്.

മാതാപിതാക്കളുടെ ദൈവത്തിലുള്ള വിശ്വാസം, ദിശാബോധത്തിൽ മക്കളെ വളർത്തുന്നതിൽ വലിയ പങ്കു വഹിക്കുന്നതാണ്. ദൈവത്തിലുള്ള വിശ്വാസം എത്ര ഉറപ്പുള്ളതാണെന്നും, മക്കൾക്ക് മാതൃക കാണിക്കുന്ന ആത്മീയ ജീവിതമാണോ തങ്ങൾ നയിക്കുന്നതെന്നും മാതാപിതാക്കൾ ശോധന ചെയ്യേണ്ടതാണ്. വളർച്ചയുടെ ആദ്യഘട്ടം തികച്ചും മാതാപിതാക്കളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഗർഭാവസ്ഥ മുതൽ തന്നെ കുഞ്ഞിന്

ആത്മീയ പരിപോഷണം നൽകിത്തുടങ്ങണം. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് പ്രാർത്ഥിക്കുന്നതും വചനം ധ്യാനിക്കുന്നതും ദൈവഹിതത്തിനു സമർപ്പിതരായി ജീവിക്കുന്നതും മക്കൾക്ക് അനുഗ്രഹമായിത്തീരും.

മോശെയുടെ ജനനത്തിന് മുമ്പ് തന്നെ വിശ്വാസം മാതാപിതാക്കളിൽ രൂഢമായി രൂപപ്പെട്ടിരുന്നു എന്നതിനാൽ ആണല്ലോ ജനനത്തിങ്കൽ വിശ്വാസത്തോടെ തങ്ങളുടെ പൈതലിനെ അവർ നോക്കിയത്. ആൺകുഞ്ഞുങ്ങൾക്ക് ജീവിക്കുവാൻ അവകാശമില്ലാത്ത ആ കാലത്ത് തങ്ങൾക്ക് ഒരു ആൺകുട്ടി ജനിക്കണം എന്ന് വിശ്വാസത്താൽ അവർ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരിക്കാം. ആ കുട്ടിയെ ദൈവത്തിനായി വളർത്തുവാനുള്ള വിശ്വാസവും സമർപ്പണവും അവർക്കുണ്ടായിരുന്നു. അതുകൊണ്ട് ഗർഭിണിയായ സംഗതി ആ ദമ്പതികൾ മറച്ചുവെച്ചു. പ്രസവം നടന്നത് തന്നെ ആരും അറിഞ്ഞില്ല എന്ന് കരുതുന്നതാണല്ലോ ഉത്തമം. കാരണം ആരെങ്കിലും ഒറ്റിക്കൊടുത്താൽ എല്ലാം പദ്ധതിയും പൊളിയും. പൈതൽ ജനിച്ച ശേഷം മൂന്നുമാസം അവർ ഒളിപ്പിച്ചുവെച്ചു. അതിന്റെ കാരണം അവരുടെ വിശ്വാസമാണ്. വിശ്വാസത്തോടെ നോക്കിയപ്പോൾ അവരുടെ പൈതൽ സുന്ദരൻ, ദൈവത്താൽ പരിഗണിക്കപ്പെട്ടിരിക്കുന്നവൻ (divinely favoured)എന്നു മാതാപിതാക്കൾക്ക് മനസ്സിലായി. വിശ്വാസത്താൽ കാണുന്നവർ ദൈവത്തിന്റെ കണ്ണുകളിൽക്കൂടി കാണുന്നവരാണ്.

ദൈവം നമുക്ക് നൽകിയിരിക്കുന്ന തലമുറകളെ വിശ്വാസത്തോടെ കാണുവാൻ നമുക്ക് കഴിയണം. നമ്മുടെ കണ്ണുകളെ പരിശുദ്ധാത്മാവ് പ്രകാശിപ്പിക്കണം. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും ( അപ്പോസ്തലപ്രവർത്തികൾ 2: 17) എന്ന വാഗ്ദത്തം നമുക്കുള്ളതാണ്. നമ്മുടെ മക്കൾ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും വിശ്വാസത്താൽ കാണുവാനും അവർക്കായി നിരന്തരം പ്രാർത്ഥിക്കുവാനും നമുക്ക് കഴിയട്ടെ. ജീവനപകടം നിലനിൽക്കുന്ന സാഹചര്യം ആയിരുന്നിട്ടും മോശെയുടെ മാതാപിതാക്കൾ മോശെയെ ദൈവത്തിന്റെ പദ്ധതിക്കായി വളർത്തി ഒരുക്കിയെടുത്തത് എങ്ങനെ? വിശ്വാസത്താൽ! മൂന്നുമാസം ഒളിപ്പിച്ചു വളർത്തിയതിനോടൊപ്പം മൂന്നുമാസത്തിനു ശേഷം രാജകൊട്ടാരത്തിൽ വളരുന്നത് അവർ വിശ്വാസത്താൽ കണ്ടു പദ്ധതി ഒരുക്കി. ഈ വിശ്വാസത്തിന്റെ ദർശനം അവരുടെ സൃഷ്ടിയായിരുന്നില്ല, പ്രത്യുത ദൈവം അവരുടെ ഉള്ളിൽ പകർന്നതാണ്. പ്രാർത്ഥിക്കുന്ന മാതാപിതാക്കൾക്ക് അവരുടെ മക്കളെക്കുറിച്ചുള്ള ദർശനം ദൈവം അവരുടെ ഉള്ളിൽ പകരാതിരിക്കില്ല. അവർ മക്കളെ വളർത്തുന്നത് ദൈവത്തിന്റെ പദ്ധതിക്ക് ആയിട്ടായിരിക്കും. ഈ ലോകത്തിൽ ഉന്നത പദവികളിൽ എത്തിക്കുവാൻ ദൈവത്തിനു പദ്ധതിയുണ്ടെങ്കിൽ ദൈവം അത് ചെയ്യും. എന്നാൽ ലോകത്തിൽ ഉന്നതരാകുവാനുള്ള നമ്മുടെ സ്വാർത്ഥ സ്വപ്നം അവരിൽ ഇട്ടുകൊടുത്തു വളർത്തുന്നത് അപകടകരമാകും. ആത്മീയതെ പിന്നിലാക്കി ഭൗതിക കാഴ്ചപ്പാടിൽ മക്കളെ പ്രോത്സാഹിപ്പിക്കുന്നവർ ദു:ഖിക്കേണ്ടി വരും.

വളർന്നുവരുന്ന തലമുറയെ വഴിതെറ്റിച്ച് നശിപ്പിക്കുവാനുള്ള കുരുക്കുകൾ സാമൂഹ്യദ്രോഹികൾ തയ്യാറാക്കുന്നതിനെക്കുറിച്ച് മാധ്യമങ്ങളിൽക്കൂടി നാം അറിഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. ബസ്സ്റ്റോപ്പുകളിലും ബസ് സ്റ്റാൻഡുകളിലും കലാലയ പരിസരങ്ങളിലുമെല്ലാം ചതിക്കുഴികളാണ്. പ്രേമത്തിന്റെ കുരുക്കുകളും, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങളും ലൈംഗിക അഴിഞ്ഞാട്ടത്തിനുള്ള കുറുക്കുവഴികളും എല്ലാം പിശാച് ഒരുക്കിക്കൊടുത്ത് എത്ര ജീവിതങ്ങളെയാണ് നശിപ്പിക്കുന്നത്. ഈ അപകടങ്ങൾ നിറഞ്ഞ വഴികളിൽക്കൂടി നമ്മുടെ മക്കൾ സുരക്ഷിതരായി അവരവരെ സംരക്ഷിക്കണമെങ്കിൽ, നാം അതിനവരെ ആത്മീയതയിൽ വേരുറച്ചവരായി ദൈവഭയത്തിൽ വളർത്തണം. ഭീഷണി നിറഞ്ഞ സാഹചര്യത്തിൽ മോശെയെ സുരക്ഷിതനായി വളർത്തിയത് പോലെ.

മാതാപിതാക്കൾക്കൊപ്പം വെല്ലുവിളികളെ തരണം ചെയ്യുന്നതിന് നമ്മുടെ ഇളം തലമുറയെ സജ്ജരാക്കുന്നതിൽ അവർ ഉൾപ്പെടുന്ന പ്രാദേശിക സഭയ്ക്കും നിർണായകമായ പങ്കുണ്ട്. സഭ ഒരു കുടുംബം എന്ന നിലയിലുള്ള അന്തരീക്ഷം നിലനിർത്തുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടികളെ അവഗണിക്കുകയോ യൗവനക്കാരെ പിൻമാറ്റക്കാരായി ആക്ഷേപിച്ചകറ്റുകയോ ചെയ്യരുത്. അവരെ ചേർത്തുപിടിച്ച് സ്നേഹവും പ്രോത്സാഹനവും നൽകി സഭയ്ക്കവർ ഏറ്റവും വേണ്ടപ്പെട്ടവരെന്ന അവബോധം നൽകണം. കൗമാരക്കാർക്കും യൗവനക്കാർക്കും അവരുടെ സമ്മർദ്ദങ്ങളെയും വെല്ലുവിളികളെയും നേരിടുവാനുള്ള ഉൾക്കരുത്തും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്ന വേദപഠനം അത്യാവശ്യമാണ്. അതോടൊപ്പം പ്രാർത്ഥനയുടെ സുരക്ഷാവലയവും ഉണ്ടാക്കണം അവർക്ക് ചുറ്റിലും! ●



സാജു മാത്യു

# അയോഗ്യമായി അപ്പം തിന്നുന്നവർ

***അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരനാകും (1 കൊരിന്ത്യർ 11: 27)***

**വി**ശ്വാസികളായിത്തീർന്ന ശേഷവും ജഡീകസ്വഭാവങ്ങളിൽ തുടരുന്നവരെ നിശിതമായി വിമർശിച്ചുകൊണ്ട് പാസ്റ്റർ സംസാരിക്കുമ്പോൾ ഒരു സ്ത്രീ പറഞ്ഞു: ''എന്നാലും പാസ്റ്ററെ അങ്ങനെ കീറിമുറിച്ചു പറയാതെ... നമ്മൾ അതിപരിശുദ്ധരൊന്നുമല്ലെങ്കിലും ദൈവമക്കളല്ലേ. ജാതികളെപ്പോലെ നാം ദൈവത്തെ നിഷേധിക്കുന്നൊന്നുമില്ലല്ലോ. പാസ്റ്റർ വിശ്വാസികളുടെ പാപങ്ങളെയും അവിശ്വാസികളുടെ പാപങ്ങളെയും ഒരേതട്ടിൽ കാണരുത്!"

"ഞാനൊരിക്കലും അത് ഒരേതട്ടിൽ കാണില്ല സഹോദരി" പാസ്റ്റർ പറഞ്ഞു: "വിശ്വാസികളുടെ ജീവിതത്തിലെ പാപങ്ങളെ അവിശ്വാസികളുടെ ജീവിതത്തിലെ പാപങ്ങളെക്കാൾ കൂടുതൽ നികൃഷ്ടമായാണു ഞാൻ കാണുന്നത്''.അതെ! വിശ്വാസി പാപംചെയ്യുമ്പോൾ അതു അവിശ്വാസിയുടെ പാപത്തേക്കാൾ നിഷ്ഠൂരമാണ്. "ഒരു അവിശ്വാസി പാപം ചെയ്യുമ്പോൾ അവൻ അവന്റെ പിതാവിനോടു പാപം ചെയ്യുന്നു." 'പാപത്തിൽ തുടരുന്ന ഒരു വിശ്വാസി ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടും' (*1 കൊരിന്ത്യർ 11:* 32) എന്നുതന്നെയാണു പൗലൊസ് ഇവിടെ നമ്മുടെ വേദഭാഗത്ത് ഓർപ്പിക്കുന്നത്! ''അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരനാകും"(*1 കൊരിന്ത്യർ 11* : 27).

നുറുക്കപ്പെടുന്ന അപ്പം എന്റെ പാപത്തിന്റെ പരിഹാരത്തിനായി തകർക്കപ്പെട്ട യേശുവിന്റെ ശരീരത്തെയും പകരപ്പെടുന്ന പാനപാത്രം എന്നെ പുതിയനിയമത്തിലേക്ക് അഥവാ ഉടമ്പടിയിലേക്ക് പ്രവേശിപ്പിക്കാൻ ചൊരിയപ്പെടുന്ന യേശുവിന്റെ രക്തവുമാണെന്നു (*1 കൊരിന്ത്യർ 11:* 23-26) കഴിഞ്ഞ ലക്കത്തിൽ നാം കണ്ടു. അതായത്, അപ്പവും വീഞ്ഞും വെറും റൊട്ടിയും മുന്തിരിച്ചാറുമല്ല. വലിയൊരു ത്യാഗത്തിന്റെ ഓർമയാണത്. "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു. (*1 കൊരിന്ത്യർ 11:* 25) എന്നതു ബാർക്ലെ തർജമ ചെയ്തിരിക്കുന്നത്: "ഈ പാനപാത്രം, എന്റെ രക്തത്തിന്റെ ചെലവിൽ ഞാൻ ഉണ്ടാക്കിയ പുതിയ നിയമം" എന്നാണ്. പുതിയ ഉടമ്പടിയിലേക്കു പ്രവേശിക്കുമ്പോൾ വെറുതെ 'കൂളായി' ദൈവസന്നിധിയിലേക്കു കയറി നിന്നുകൂടാ. ഇതു സാധ്യമാക്കാൻ യേശുവിന്റെ ശരീരം തകർക്കപ്പെട്ടെന്നും രക്തം ചൊരിയപ്പെട്ടെന്നും നന്ദിയോടെ ഓർക്കണം.

എന്നാൽ, ഈ "ഓർമ" ഞായറാഴ്ച തിരുവത്താഴത്തിനു അപ്പം മുൻപിൽ വരുമ്പോൾ "മനസി"ലേക്കു കയറിവന്നാൽ മാത്രം പോരാ! യേശുവിന്റെ ത്യാഗത്തിനുള്ള മറുപടിയായി "യോഗ്യ"മായി ജീവിക്കുകയും വേണം. ആറുദിവസം അയോഗ്യമായി ജീവിച്ചിട്ട് എന്തു വിലകൊടുത്താണു യേശു നമ്മെ വിലക്കു വാങ്ങിയതെന്നു മറന്നു അശുദ്ധിയിൽ ജീവിച്ചിട്ട്, ഒരു 'ഉളുപ്പു'മില്ലാതെ 'കൂൾ' ആയി വന്നു അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരനാകും(*1 കൊരിന്ത്യർ 11:* 27). "അതുകൊണ്ട് മനുഷ്യൻ തന്നെത്താൻ ശോധനചെയ്തിട്ടുവേണം ഈ

അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്‌വാൻ (*1 കൊരിന്ത്യർ 11:* 28).

കർത്തൃമേശയിൽ കർത്താവിന്റെ തകർക്കപ്പെട്ട ശരീരത്തെ ഓർക്കണം എന്നു പറഞ്ഞ പൗലൊസ് അടുത്തതായി പറയുന്നതു അവനവന്റെ ശരീരത്തെ, ജീവിതത്തെ ശോധന ചെയ്യണം എന്നാണ്! രക്തം കൊടുത്ത് എന്നെ വീണ്ടെടുത്ത കർത്താവിനു 'യോഗ്യ'മായ ജീവിതമാണോ ഞാൻ ജീവിച്ചത് എന്നു ഓരോരുത്തരും ശോധനചെയ്യണം!

"ശോധന"(examine) എന്ന വാക്ക് ഇവിടെ തെളിയിക്കുക (prove) എന്നതിനു തുല്യമായതാണ്! ദൈവപുത്രന്റെ സ്നേഹത്തിനും ത്യാഗത്തിനും തുല്യമായ ഒരു ജീവിതമാണ് താൻ ജീവിച്ചതെന്നും ഓരോരുത്തരും തെളിയിക്കട്ടെ. 'അയോഗ്യമായി' താൻ ജീവിച്ചില്ലെന്നു ഓരോരുത്തരും തന്നെത്താൻ ബോധ്യപ്പെടുത്തട്ടെ! സ്വാഭാവികമായും ഇവിടെ ഒരു ചോദ്യം മനസിൽ വരും. വിശുദ്ധിയിൽ പൂർണരാകുന്നവർക്കു മാത്രമേ തിരുവത്താഴത്തിൽ പങ്കെടുക്കാൻ കഴിയുകയുള്ളോ?

പരിപൂർണരായവർക്കുവേണ്ടിമാത്രമുള്ള കർത്തൃമേശ. എന്നലതേ സമയം പാപത്തിൽ തുടരുന്നവർക്കു വേണ്ടിയുള്ളതും യേശുവിന്റെ നുറുങ്ങിയ ശരീരത്താലും ചൊരിയപ്പെട്ട രക്തത്താലും പാപമോചനം പ്രാപിച്ചവർക്കുവേണ്ടിയുള്ളതും ആകുന്നു കർത്തൃമേശ. അതു വഴിയേപോകുന്ന ആർക്കും കയറി പങ്കുകാരനാകാൻ കഴിയുന്നതല്ല!

"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1:7). ആ തിരുരക്തത്താൽ പാപങ്ങൾ കഴുകപ്പെട്ട് ശുദ്ധീകരണം പ്രാപിച്ചവർക്കുള്ളതാണ് കർത്തൃമേശ! യേശു, പത്രൊസിനോടു പറഞ്ഞു: "ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടുകൂടെ പങ്കില്ല!"(യോഹന്നാൻ 13:8). പാപം ചെയ്തിട്ടില്ലാത്തവർ അല്ല, പാപം കഴുകപ്പെട്ടവരാണു കർത്തൃമേശയ്ക്കു "യോഗ്യർ". പാപത്തിൽ തുടരുന്നവർ – യേശുവിന്റെ രക്തത്താലുള്ള കഴുകൽ പ്രാപിക്കാത്തവർ– അവർ "തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുകയാണ്!"(*1 കൊരിന്ത്യർ 11:* 29).

11-ാം അധ്യായം തുടങ്ങുന്നത് കൊരിന്തു സഭയെ പ്രശംസിച്ചുകൊണ്ടാണ്: "നിങ്ങൾ സകലത്തിലും എന്നെ ഓർക്കയും ഞാൻ നിങ്ങളെ ഏൽപ്പിച്ച കല്പനകളെ പ്രമാണിക്കയും ചെയ്കയാൽ ഞാൻ നിങ്ങളെ 'പുകഴ്ത്തുന്നു' (1 *കൊരിന്ത്യർ* 11: 2 ). പൗലൊസിനെ സ്നേഹിക്കുകയും അനുസരിക്കയും ചെയ്യുന്ന ഒരു സഭയായിരുന്നു കൊരിന്തു സഭ എന്നു സാരം!

എന്നാൽ പുകഴ്ത്തിപ്പറഞ്ഞു കൊണ്ടു തുടങ്ങുന്ന പൗലൊസ് ചില വാക്യങ്ങൾ കഴിഞ്ഞപ്പോൾ പറയുന്നത്: "ഇനി ആജ്ഞാപിപ്പാൻ പോകുന്നതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല" എന്നാണ്! (*1 കൊരിന്ത്യർ 11:* 17). കാരണം, നിങ്ങൾ കൂടിവരുന്നതുകൊണ്ട് നന്മയല്ല, തിന്മയാണുണ്ടാവുന്നത്. "നിങ്ങൾ കൂടിവരുമ്പോൾ നിങ്ങൾ ഒറ്റക്കെട്ടല്ല;" നിങ്ങളുടെയിടയിൽ ഭിന്നതയുണ്ട്. ഭിന്നത ഒരു കാരണവശാലും പുകഴ്ത്തപ്പെടാൻ കഴിയുന്ന കാര്യമല്ല!

കൊരിന്ത്യസഭയിലെ 'പിണക്ക'ത്തെപ്പറ്റി ഒന്നാം അധ്യായത്തിൽത്തന്നെ പൗലൊസ് പറയുന്നുണ്ട് (1 കൊരിന്ത്യർ 1 :11). എല്ലാവരും ഒരുമിച്ചു സഭായോഗം കൂടുകയും ആരാധിക്കുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ഓരോരുത്തർക്കും ഓരോ 'ഹീറോ'കളുണ്ട്. ചിലരുടെ 'ഹീറോ' പൗലൊസ് ആണ്. അവർ പറഞ്ഞു: ഞങ്ങൾ പൗലൊസിന്റെ പക്ഷക്കാർ! ചിലർ പറഞ്ഞു: ഞങ്ങൾ അപ്പല്ലൊസിന്റെ പക്ഷക്കാർ. വേറെ ചിലർ പത്രൊസിന്റെ (കേഫാവിന്റെ) പക്ഷക്കാർ. മറ്റു ചിലർ പറഞ്ഞു: ഞങ്ങൾ ഇവരുടെ ആരുടെയും കൂടെയില്ല. ഞങ്ങൾ ക്രിസ്തുവിന്റെ പക്ഷക്കാർ. താരങ്ങളുടെ 'ഫാൻസ് അസോസിയേഷൻ പോലെ ഇക്കൂട്ടർ ഹീറോകളുടെ പേരിൽ ചില ചില്ലറ പിണക്കങ്ങളുമായി ഓരേ സഭയിൽ ഒരുമിച്ചു ആരാധിച്ചുപോന്നു. അപ്പോഴും അവരിൽ ക്രിസ്തുവിന്റെ സാക്ഷ്യം ഉറപ്പായിരുന്നു; അവർ പരിജ്ഞാനികളും, ഒരു കൃപാവരത്തിലും കുറവില്ലാത്തവരുമായിരുന്നു! (1 കൊരിന്ത്യർ 1 : 5–9).

എന്നാൽ, നമ്മുടെ വേദഭാഗത്ത് പിണക്കമല്ല, ഭിന്നതയാണു പ്രശ്നം! സഭ രണ്ടു കൂട്ടരായി വിഭാഗിക്കപ്പെട്ടിരുന്നു. ആരാണീ രണ്ടു കൂട്ടർ? പൗലൊസിന്റെ ഫാൻസും പത്രൊസിന്റെ ഫാൻസും അല്ല. അവർ തമ്മിൽ അല്പം പിണക്കമുണ്ടെങ്കിലും ഭിന്നതയില്ല. ഉള്ളവരും ഇല്ലാത്തവരും തമ്മിലാണു ഇവിടെ ഭിന്നത! യഹൂദന്മാർ ശനിയാഴ്ച (ശബ്ബത്ത്) യാണ് ആരാധിച്ചിരുന്നതെങ്കിലും ക്രിസ്ത്യാനികളായിത്തീർന്നവർ ''ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ"(ഞായറാഴ്ച) ആരാധന കഴിച്ചുപോന്നു. (അപ്പൊസ്തലപ്രവൃത്തികൾ 20:7). ഞായറാഴ്ച തന്നെ അവർ രാത്രിയിൽ പലപ്പോഴും അപ്പം

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# വിശ്വാസം ദൈവത്തിങ്കലെ നീതിയായി മാറുന്നത് എങ്ങനെ?

**വി**ശ്വാസം എങ്ങനെ നീതിയായി മാറുന്നു എന്നത് ഇന്നും പലർക്കും മനസ്സിലാകാതെ കിടക്കുന്ന ഒരു സമസ്യയാണ്. അതിന് കാരണം വിശ്വാസമെന്നത് പലപ്പോഴും നാം മനസ്സിലാക്കുന്നത് ഒരു മതവിശ്വാസം എന്ന അർത്ഥത്തിലാണ്. അല്ലെങ്കിൽ ചില പ്രത്യേക ആശയങ്ങളിൽ ഉള്ള വിശ്വാസം! ഈ വിശ്വാസങ്ങൾക്കൊന്നും നീതിയായി മാറുവാൻ സാധിക്കുകയില്ല. വിശ്വാസം തെറ്റിപ്പോകുമ്പോഴാണ് വെറും വിശ്വാസം മാത്രം മതിയോ എന്ന് ചോദ്യം ഉണ്ടാകുന്നത്.

നാം കഴിഞ്ഞലക്കത്തിൽ കണ്ടതുപോലെ വിശ്വാസജീവിതം എന്നത് ദൈവം നമ്മെ നടത്തും എന്നുള്ള ആശയമോ, ചില ആശയങ്ങളോടുള്ള ആഭിമുഖ്യമോ, ഏറ്റുപറച്ചിലോ അല്ല. വിശ്വാസത്തിലൂടെ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയും നമ്മുടെ സ്വഭാവത്തിന് രൂപാന്തരം സംഭവിക്കുകയും ക്രിസ്തുവിന്റെ സ്വരൂപത്തോട് നാം അനുരൂപരാവുകയും ചെയ്യുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഞാനല്ല ക്രിസ്തുവത്രേ ജീവിക്കുന്നത് എന്നതാണ് വിശ്വാസജീവിതം. കാഴ്ചയാൽ ജീവിക്കുന്നത് എന്റെ ജീവിതവും, വിശ്വാസത്താൽ ജീവിക്കുന്നത് ക്രിസ്തുവിന്റെ ജീവിതവുമാണ്. ഞാനല്ല ക്രിസ്തുവത്രേ എന്ന അർത്ഥത്തിൽ ക്രിസ്തു എന്റെ പകരക്കാരനായി എന്നിൽ വസിക്കുന്നതാണ് വിശ്വാസത്തിന്റെ ഫലം.

യേശുക്രിസ്തുവിന്റെ എല്ലാ ഗുണങ്ങളിലേക്കും സ്വഭാവ പരിപൂർണ്ണതയിലേക്കും ഈ വിശ്വാസം നമ്മെ നയിക്കുന്നു. ന്യായപ്രമാണം നയിച്ചുപോന്ന കാലത്ത് തെറ്റ് ചെയ്യാതിരുന്നത് നിയമത്തെയും നരകത്തെയും ഭയപ്പെട്ടിട്ടാണ്. എന്നാൽ വിശ്വാസത്താൽ നാം ജീവിക്കുമ്പോൾ നാം ഭയപ്പെട്ടിട്ടല്ല, നിയമം ഉള്ളതുകൊണ്ടല്ല, പിന്നെയോ നമ്മുടെ സ്വഭാവം ക്രിസ്തുവിന് അനുരൂപമായി രൂപപ്പെടുന്നത് കൊണ്ടാണ് തിന്മ ചെയ്യാത്തത്. ഈ ആന്തരിക പരിവർത്തനമാണ് പുതിയ നിയമത്തിന്റെ അന്ത:സത്ത. ആന്തരിക പരിവർത്തനം എങ്ങനെയാണ് സംഭവിക്കുന്നത് എന്ന് റോമാലേഖനം നമ്മെ പഠിപ്പിക്കുന്നു.

യേശുവിനെ കർത്താവ് എന്ന് ഏറ്റു പറയുമ്പോൾ എന്താണ് സംഭവിക്കുന്നത്? നാം കാറ്റുപോലെ ആവുകയാണ്. നമ്മുടെ സ്വന്തം ഇഷ്ടങ്ങൾക്ക് മരിക്കുകയാണ്. യേശുക്രിസ്തു എന്ന ദൈവപുത്രന്റെ ജീവൻ നമുക്ക് ലഭിക്കുകയാണ്. ഇനി യേശുവാണ് എല്ലാം ചെയ്യുന്നത്. അതെങ്ങനെ സാധിക്കും? അവിടെയാണ് യേശു എന്റെ കർത്താവായി വരുന്നത്. യേശുക്രിസ്തുവിന്റെ കർതൃത്വം എന്നത് രക്ഷയുടെ അവിഭാജ്യ ഘടകമാണ്. യേശുവിനെ കർത്താവായി അംഗീകരിക്കാൻ പ്രാപ്തമാക്കാത്ത എല്ലാ കൃപയും വ്യാജകൃപയാണ്. നാം കാറ്റ് പോലെ ആകുന്നു എന്നു പറയുമ്പോൾ എന്താണർത്ഥമാക്കുന്നത്? നാം ഒരിടത്തും ഉറച്ച് സ്വന്തമായ ഏതെങ്കിലും ഒരു ധാരണയിലെത്തുന്നില്ല . ഓരോ നിമിഷവും ദൈവമാണ് നാം എന്ത് ചെയ്യണമെന്നും എങ്ങോട്ട് പോകണമെന്നും എങ്ങനെ പെരുമാറണമെന്നും പ്രതികരിക്കണമെന്നും തീരുമാനിക്കുന്നത്. അത് നമുക്ക് മനസ്സിലാകുന്നത് ആത്മാവ് നമ്മോട് സംസാരിക്കുന്നതുകൊണ്ടാണ്. ഇങ്ങനെ ആത്മാവ് നമ്മെ നയിക്കുന്ന

തിലൂടെ നമുക്ക് പുത്രന്റെ ജീവനെ നൽകുന്നു. ഇത് ഒരിക്കലും ന്യായപ്രമാണത്താൽ സാധിക്കുകയില്ല.

അതുകൊണ്ടുതന്നെയാണ് ന്യായപ്രമാണം ബലഹീനമാണ് എന്ന് നാം മനസ്സിലാക്കുന്നത്. ന്യായപ്രമാണം ഉള്ളതുകൊണ്ട് ഞാൻ മോഷ്ടിക്കുകയോ, കൊലപാതകമോ വ്യഭിചാരമോ ചെയ്യുകയോ ചെയ്യുന്നില്ല. മര്യാദയ്ക്ക് ജീവിക്കുന്നു എന്നുള്ളത് മാത്രമല്ല ദൈവമക്കളുടെ സ്വഭാവം. അത് സ്വാഭാവികമായി സ്വയനീതിയിൽ ജീവിക്കുന്നവരുടെ പരിശ്രമമാണ്. ന്യായപ്രമാണം അല്ല നമ്മെ നീതികരിക്കുന്നത് എന്ന് പറയുമ്പോൾ ന്യായപ്രമാണം പ്രയോജന രഹിതം എന്നാണർത്ഥം. കാരണം ന്യായപ്രമാണത്തിന് ആന്തരിക പരിവർത്തനം നടത്തുവാനുള്ള കഴിവില്ല. അതുകൊണ്ട് പുതിയ നിയമ വിശ്വാസത്തിന്റെ ആദ്യ ഫലം നാം ക്രിസ്തുവിനെ നേടുന്നു എന്നുള്ളതാണ്. എഫെസ്യർ 3 :17 ൽ പറയുന്നതുപോലെ ക്രിസ്തു വിശ്വാസത്താൽ നമ്മുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന് വരം നൽകണം എന്നാണ് നാം പ്രാർത്ഥിക്കുന്നത്. നമ്മുടെ ജീവനായ ക്രിസ്തുവാണ് നമ്മുടെ കർത്താവായി വരുന്നത്. അതുകൊണ്ട് യേശുക്രിസ്തു എന്റെ കർത്താവ് എന്ന് ഞാൻ ഏറ്റു പറയുന്നത് വെറുതെ ഒരു വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ മാത്രമല്ല. അത് പ്രായോഗികമായി എന്റെ ജീവനായ കർത്താവ് എന്നിലൂടെ വസിക്കുന്നതാണ്. അതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത് ഇനി ഞാനല്ല പുനരുത്ഥാനം ചെയ്ത കർത്താവ് ജീവനുള്ള ആത്മാവായി എന്റെ ഉള്ളിൽ വസിക്കുന്നു എന്നതാണ്.

**യേശുക്രിസ്തുവിന്റെ പുനരുത്ഥാനം നമ്മിൽ എങ്ങനെയാണ് നീതി ഉണ്ടാക്കുന്നത്?**

ഞാനിപ്പോൾ ഏത് രീതിയിലാണോ നീതിയെ സമീപിക്കുന്നത് അതിൽ നിന്നും തികച്ചും വ്യത്യസ്തവും വ്യതിരിക്തവുമായ രീതിയിലാണ് വിശ്വാസത്താൽ ദൈവനീതിയെ സമീപിക്കുന്നത്. ന്യായപ്രമാണത്തിൽ ഭയമുളവാക്കി കൊണ്ടാണ് അല്ലെങ്കിൽ അനുഗ്രഹങ്ങളുടെ വാഗ്ദാനങ്ങൾ നൽകിക്കൊണ്ടാണ് ഒരാളെ ന്യായപ്രമാണത്തിന്റെ നീതി പ്രവർത്തിക്കുവാൻ നിർബന്ധിക്കുന്നത്. ശിക്ഷിക്കപ്പെടും എന്ന ഭയമോ പ്രതിഫലം കിട്ടും എന്ന ആഗ്രഹമോ ആണ് ഒരാൾക്ക് ന്യായപ്രമാണത്തിന്റെ നീതി ചെയ്യുവാനുള്ള പ്രചോദനം. അതുകൊണ്ട് എന്റെ ഉള്ളിൽ എത്ര മോഹമോ

**മര്യാദയ്ക്ക് ജീവിക്കുന്നു എന്നുള്ളത് മാത്രമല്ല ദൈവമക്കളുടെ സ്വഭാവം. അത് സ്വാഭാവികമായി സ്വയനീതിയിൽ ജീവിക്കുന്നവരുടെ പരിശ്രമമാണ്...... കാരണം ന്യായപ്രമാണത്തിന് ആന്തരിക പരിവർത്തനം നടത്തുവാനുള്ള കഴിവില്ല അതുകൊണ്ട് പുതിയ നിയമ വിശ്വാസത്തിന്റെ ആദ്യ ഫലം നാം ക്രിസ്തുവിനെ നേടുന്നു എന്നുള്ളതാണ്.**

വൈരാഗ്യമോ ഉണ്ടായാലും ഞാൻ ഭയപ്പെട്ട് അല്ലെങ്കിൽ മോഹിച്ച് ന്യായപ്രമാണം അനുസരിക്കുവാൻ ശ്രമിക്കും. എങ്കിലും പലപ്പോഴും നാം പരാജയപ്പെടുകയാണ് പതിവ്. പൗലോസ് പറയുന്നു: അതിന്റെ കാരണം നമ്മുടെ ശരീരത്തിന്റെ അവയവങ്ങൾ ഒരു പാപപ്രമാണത്തിന്റെ കീഴിലാണ്. ന്യായപ്രമാണം കാരണം നാം പാപത്തോട് എത്ര ശക്തിയായി പോരാടുമ്പോഴും നമ്മുടെ അവയവങ്ങളിലെ പ്രമാണം അതിനെതിരെ പ്രവർത്തിച്ച് നമ്മെ തോൽപ്പിച്ച് കളയും.

വിശ്വാസത്താൽ ദൈവനീതിയെ സമീപിക്കുന്നത് തികച്ചും വ്യത്യസ്തമായ ഒരു രീതിയിലാണ്. അവിടെ ആദ്യം നമുക്ക് ലഭിക്കുന്നത് പുനരുത്ഥാനം പ്രാപിക്കും എന്നുള്ള വിശ്വാസമാണ്. അതിന്റെ കാരണം നമ്മുടെ കർത്താവായ യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ആദ്യഫലമായി ഉയിർത്തെഴുന്നേറ്റു എന്നുള്ളതാണ്. ക്രിസ്തുവിനെ ഉയിർത്തെഴുന്നേൽപ്പിച്ച അതേ ആത്മാവ് എന്നിലും വസിക്കുന്നു എന്നുള്ളത് കൊണ്ട് ഞാനും പുനരുത്ഥാനം പ്രാപിക്കും എന്നുറച്ചിരിക്കുന്നു. യേശുക്രിസ്തു ദൈവമായിരിക്കെ അവിടുന്ന് മനുഷ്യരൂപമെടുത്ത് പാപികളായ മനുഷ്യർക്ക് വേണ്ടി ക്രൂശിൽ മരിച്ച് പുനരുത്ഥാനം ചെയ്തു. യേശുക്രിസ്തു ദൈവമായിരുന്നതുകൊണ്ട് തനിക്ക് സ്വയമായി പുനരുത്ഥാനം ചെയ്ത് ഉയിർത്തെഴുന്നേൽക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. അത് ക്രിസ്തു പറയുകയും ചെയ്തിട്ടുണ്ട്. ഈ മന്ദിരം പൊളിക്കുവിൻ ഞാൻ മൂന്ന് ദിവസം കൊണ്ട് ഇതിനെ വീണ്ടും പണിയും എന്ന് പറഞ്ഞപ്പോൾ തനിക്ക് സ്വയം ജീവനെ തിരിച്ചെടുക്കുവാനുള്ള അധികാരത്തെ കുറിച്ചാണ് സംസാരിച്ചത്. എന്നാൽ കർത്താവ് അങ്ങനെ ചെയ്തില്ല. അവിടുന്ന് പിതാവിനോട് നിലവിളിക്കുകയും പിതാവ് ക്രിസ്തുവിനെ പുനരുത്ഥാനം ചെയ്യിക്കുമെന്ന് വിശ്വസിക്കുകയും പിതാവിൽ നിന്ന് ആ പുനരുത്ഥാനം പ്രാപിക്കുകയും ചെയ്തു.

എന്തുകൊണ്ടാണ് അങ്ങനെ ചെയ്യേണ്ടി വന്നത്? യേശുക്രിസ്തു വെറുതെ മരിക്കുക ആയിരുന്നില്ല. അവിടുന്ന് നമുക്കായി ഒരു യാഗം ആവുകയായിരുന്നു. പിതാവ് ആ യാഗം അംഗീകരിക്കേണ്ടതായുണ്ട്. കാരണം ആ യാഗം സകല മനുഷ്യർക്കും അതേസമയം എന്നെപ്പോലെ ഒരു പാപിയായ മനുഷ്യനു വേണ്ടിയുമാണ്. പിതാവ് യേശുക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽപ്പിച്ചു എന്ന് നാം വിശ്വസിക്കുമ്പോൾ, യേശുക്രിസ്തു എനിക്കുവേണ്ടി കാൽവറി ക്രൂശിൽ കഴിച്ച യാഗം പിതാവ് അംഗീകരിച്ചു എന്നർത്ഥം. അത് എനിക്ക് തരുന്ന ഒരു വാഗ്ദത്തം ഉണ്ട്. എന്റെ പാപങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള യേശുക്രിസ്തുവിന്റെ യാഗം പിതാവ് അംഗീകരിച്ചു എന്ന് പറയുമ്പോൾ എന്റെ പാപങ്ങൾ പരിഹരിക്കപ്പെട്ടു എന്നും അതിന്റെ ശിക്ഷ തീർന്നു എന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഞാൻ മരിച്ചാലും ജീവിക്കും എന്നും നിത്യമായും ക്രിസ്തുവിന്റെ തേജസിൽ അവിടത്തോടൊപ്പം വസിക്കുമെന്നും ഉറച്ചു വിശ്വസിക്കുന്നു. ശത്രു എനിക്ക് നേരെ വാൾ എടുക്കുമ്പോൾ ഞാൻ തിരിച്ച് പ്രതികരിക്കേണ്ടതില്ല. കാരണം എന്നെ കൊന്നാലും എന്റെ അവകാശങ്ങൾ മാറിപ്പോകാത്തതാണ്. അതുകൊണ്ട് പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ് എന്നെ കർത്താവിന്റെ നീതിയിലേക്ക് നടത്തുന്നത്. അവിടെ ഒരു ഭവനത്തിന്റെ വാഗ്ദത്തം എനിക്കുള്ളതിനാൽ ഇവിടെ ഒന്നുമില്ലെങ്കിലും നിരാശപ്പെടുന്നില്ല. അപമാനം സഹിക്കേണ്ടി വന്നാലും ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്നാലും ഒന്നും നേടിയില്ലെങ്കിലും വിഷമിക്കേണ്ട കാര്യമില്ല. കാരണം ആർക്കും എടുക്കുവാൻ പറ്റാത്ത ഒരു അവകാശം യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ഈ ഒരു വിശ്വാസത്തിന്റെ ഉറപ്പിൽ മാത്രമേ പുതിയനിയമ നീതിയിലേക്ക് നമുക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. പഴയനിയമത്തിൽ ന്യായപ്രമാണത്തിലൂടെ വന്ന നീതിക്ക് പരിമിതികളുണ്ട്. അതിന് സന്തോഷത്തോടെ കഷ്ടം സഹിക്കുവാനോ, ഈ ലോകം വേണ്ട എന്ന് പറയുവാനോ ഉള്ള കഴിവില്ല. എബ്രായലേഖനം 11 ാം അധ്യായം പറയുന്നത് അവർ ഒരു പിതൃദേശം അന്വേഷിച്ചു എന്നാണ്. അതുകൊണ്ടാണ് അവർ ഈ ഭൂമിയിൽ പരദേശികൾ ആയിരുന്നത്.

അതുകൊണ്ട് പുതിയനിയമ നീതി, ന്യായപ്രമാണം ഉളവാക്കുന്ന ഭയത്തിൽ നിന്നല്ല, പിന്നെയോ

**ശത്രു എനിക്ക് നേരെ വാൾ എടുക്കുമ്പോൾ ഞാൻ തിരിച്ച് പ്രതികരിക്കേണ്ടതില്ല. കാരണം എന്നെ കൊന്നാലും എന്റെ അവകാശങ്ങൾ മാറിപ്പോകാത്തതാണ്. അതുകൊണ്ട് പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ് എന്നെ കർത്താവിന്റെ നീതിയിലേക്ക് നടത്തുന്നത്.**

ആത്മാവ് നൽകുന്ന രൂപാന്തരത്തിൽ നിന്നാണ് വരുന്നത്. അത് നിത്യതയുടെ വാഗ്ദത്തത്തിലധിഷ്ഠിതമാണ്. നിത്യജീവന്റെ പ്രത്യാശ, പുനരുത്ഥാനത്തിന്റെ വാഗ്ദത്തം, പിതൃദേശത്തെക്കുറിച്ചുള്ള അന്വേഷണം, ഇതെല്ലാം ആത്മാവു നമ്മിൽ പരിവർത്തിക്കുന്നതിന്റെ ഫലമാണ്. ഈ ആത്മാവ് തരുന്ന ജീവനാണ് ക്രിസ്തുവിന്റെ സ്വഭാവത്തിലേക്ക് അല്ലെങ്കിൽ ദൈവപ്രസാദമുള്ള ആന്തരിക നീതിയിലേക്ക് നമ്മെ നടത്തുന്നത്. ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ നീതി നടപ്പാക്കുന്നത് നമ്മുടെ പ്രവർത്തികളല്ല, പിന്നെയോ നമ്മുടെ പരിവർത്തനമാണ്. ആ പരിവർത്തനത്തിന്റെ ഫലമാണ് പ്രവർത്തികൾ.

ന്യായപ്രമാണത്താലുള്ള നീതി, പ്രവർത്തികളാലുളവാകുമ്പോൾ വിശ്വാസത്താലുള്ള നീതി വിശ്വാസത്താൽ ഉളവാവുകയും ക്രിസ്തുവിൽ വസിച്ചുകൊണ്ടു ചെയ്യുന്ന പ്രവർത്തി പൂർത്തിയാവുകയും ചെയ്യുന്നു. അതുകൊണ്ട് പുതിയനിയമ നീതി പ്രവർത്തിയാൽ ഉണ്ടാവുകയില്ല. പിന്നെയോ ദൈവനീതിയാലുള്ള നീതിപ്രവർത്തികൾ ആണ് ഉണ്ടാകുന്നത്. ന്യായപ്രമാണത്താലുള്ള നീതി, പ്രവർത്തികളാൽ ഉണ്ടാകുമ്പോൾ പുതിയനിയമ നീതി പ്രവർത്തികളെ ഉളവാക്കുന്ന പരിവർത്തനം നമ്മുടെ ഉള്ളിൽ ഉണ്ടാക്കുന്നു. അതായത് പുതിയനിയമത്തിൽ നാം നീതിയിൽ നിന്നും പ്രവർത്തിയിലേക്കും പഴയനിയമത്തിൽ നാം പ്രവർത്തിയിൽ നിന്ന് നീതിയിലേക്കും പോകുന്നു. ഇത് നമുക്ക് മനസ്സിലായില്ലെങ്കിൽ പുതിയനിയമം എന്താണ് നമ്മോട് പറയുന്നതെന്ന് നാം ഗ്രഹിച്ചിട്ടില്ല എന്നാണർത്ഥം. ഇന്നും പലരും വ്യാജ ഉപദേശങ്ങളാൽ തെറ്റിപ്പോകുവാനുള്ള കാരണം പൗലോസ് പറയുന്നത് എന്താണന്ന് മനസ്സിലാക്കാത്തത് കൊണ്ടാണ്. •

# ഭക്ഷ്യവസ്തുക്കളിലെ മായം

**പാ**ലിൽ കൊഴുപ്പ് കൂട്ടാനായി യൂറിയ പോലുള്ള മാരക രാസവസ്തുക്കൾ ചേർത്ത് ടാങ്കർ ലോറിയിൽ കൊണ്ടുവന്ന പാൽ പാലക്കാട് മീനാക്ഷിപുരം ചെക്ക് പോസ്റ്റിൽ മൃഗസംരക്ഷണവകുപ്പ് അധികൃതർ പിടികൂടിയിരുന്നു എന്ന് വാർത്താമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഓണക്കാലത്തു പാലിന് ആവശ്യം വർധിക്കുന്നത് കണക്കിലെടുത്താണ് രാസവസ്തുക്കൾ ചേർത്ത പാൽ കേരളത്തിലേക്ക് എത്തിക്കുന്നത്. ഇതിനെതിരെ ജാഗ്രത പാലിക്കണമെന്നാണ് ഭക്ഷ്യ സുരക്ഷാവകുപ്പ് മുന്നറിയിപ്പ് നൽകുന്നത്.

അതിർത്തി കടന്ന് കേരളത്തിലെത്തുന്ന പാലിൽ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിലെ ഡയറി പ്ലാന്റുകളിലാണ് ഉല്പാദിപ്പിക്കുന്നത്. ഇവിടെ എത്തിക്കുന്നത് വരെ കേടാകാതിരിക്കാൻ ഫോർമാലിൻ പോലുള്ള രാസവസ്തുക്കൾ ചേർക്കാനുള്ള സാധ്യതയും ഏറെയാണെന്നാണ് വിദഗ്ധ അഭിപ്രായം. ഇതിനും കൃത്യമായ പരിശോധന ആവശ്യമാണെന്നാണ് മൃഗസംരക്ഷണ വകുപ്പ് അധികൃതർ പറയുന്നത്. പാലിൽ കൃത്രിമമായി കൊഴുപ്പ് കൂട്ടാനാണ് യൂറിയ ഉപയോഗിക്കുന്നത്. യൂറിയ കലർന്ന പാൽ കുടിച്ചാൽ വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും. ഛർദിൽ, വയറിളക്കം തുടങ്ങിയവയ്ക്കു കാരണമാകും. ദീർഘനാളായി ഉപയോഗിക്കുകയാണെങ്കിൽ ഹൃദയത്തിന്റെയും വൃക്കകളുടെയും കരളിന്റെയും പ്രവർത്തനം തകരാറിലാക്കും. പാലിൽ മായം ചേർത്തുള്ള വില്പന മുൻപും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അന്നൊക്കെ യൂറിയ പോലുള്ളവയുടെ സാന്നിധ്യം കുറവായിരുന്നു. വൻകിട കമ്പനികൾ മായം ചേർത്ത പാലിനെ പരീക്ഷണ വസ്തുവാക്കി കേരളത്തിലേക്ക് അയക്കുകയാണ്. പാലിന്റെ ഗുണനിലവാരം മറച്ച് പിടിച്ച് കുറഞ്ഞവിലയ്ക്ക് വിൽക്കുകയാണ് ചെയ്യുന്നത്.

പാലിൽ മാത്രമല്ല പഴം, പച്ചക്കറി തുടങ്ങിയ മിക്കവാറും എല്ലാ നിത്യോപയോഗ വസ്തുക്കളിലും മായം കലർത്തുന്നു എന്ന പരാതി വളരെ കാലങ്ങളായി നിലവിലുള്ളതാണ്. പാശ്ചാത്യ രാജ്യങ്ങളിലും ഗൾഫ് രാജ്യങ്ങളിലും കർശനമായ ഗുണനിലവാര പരിശോധനയുള്ളതിനാൽ കഠിനശിക്ഷയെ ഭയന്ന് പലരും മായം ചേർക്കുവാൻ തയ്യാറാകില്ല. മായം ചേർക്കലിനെ പ്രതിരോധിക്കുവാൻ ഉപഭോക്താക്കൾക്ക് കാര്യമായ പങ്കു വഹിക്കുവാൻ കഴിയാത്തതിനാൽ, ഭക്ഷ്യ സുരക്ഷാവകുപ്പ് ഉദ്യോഗസ്ഥർ ജാഗ്രതയോടെ ഇത് നിയന്ത്രിച്ചില്ലെങ്കിൽ ഭയാനകമായ ഭവിഷ്യത്തുകൾ ആയിരിക്കും സാധാരണ ജനം അനുഭവിക്കേണ്ടി വരിക.

പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ തന്നെയും അൽപ്പമെങ്കിലും സ്ഥലവും സൗകര്യവും ഉള്ളവർ ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പരിപാലിച്ചാൽ അവരവരുടെ ആവശ്യത്തിനുള്ളതെങ്കിലും ഉൽപ്പാദിപ്പിച്ചു ഉപയോഗിക്കുവാൻ കഴിയും. പാലിനും മുട്ടയ്ക്കും വേണ്ടി കോഴി, ആട്, സൗകര്യമെങ്കിൽ പശുവിനെയോ വളർത്തുന്നത് മായം കലരാത്ത ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭിക്കുവാനും ആരോഗ്യസംരക്ഷണത്തിനും ഉതകും. ഇതിനു പുറമെ കൃഷിയാവശ്യത്തിനുള്ള ജൈവ വളവും ലഭ്യമാകും.

വളരെ ദു:ഖകരമായ മറ്റൊരു കാര്യം ആത്മികമേഖലയിലും മായം കലർന്ന ഉപദേശങ്ങളും, ലൗകിക ഇമ്പങ്ങളിലേക്കു വശീകരിക്കുന്ന പ്രലോഭനങ്ങളും, തിരുവെഴുത്തുകൾ വളച്ചൊടിക്കുന്നവരും, അർബുദ വ്യാധി പോലെ സഭാഗാത്രത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്നു എന്നതാണ്. ക്രിസ്തുവിനെ വാണിജ്യവൽക്കരിച്ചു വീര്യം നഷ്ട്ടപ്പെട്ട ഉപ്പു പോലെ ദുരുപദേശകർ വിലസുന്നു. ഇത് തടയുവാൻ ദൈവജനം വചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു കൊണ്ട്, മായമില്ലാത്ത നിർമ്മലമായ ആത്മിക അനുഭവങ്ങളിലേക്ക് മടങ്ങി വരേണ്ടതാണ്. ●



വാച്ച്മാൻ നീ

# മോക്ഷയാത്രയിലെ അദൃശ്യമതിൽ

**ദൈ**വത്തോട് ചേരുവാൻ ലോകത്തോടുള്ള വേർപാട് ക്രിസ്തീയജീവിതത്തിന്റെ ആദ്യതത്വമാണ്. അപ്പോസ്തലനായ യോഹന്നാൻ, യേശുക്രിസ്തുവിനെക്കുറിച്ചുള്ള തന്റെ വെളിപ്പെടുത്തലിൽ, തമ്മിലിണക്കുവാൻ കഴിയാത്ത രണ്ട് തീവ്രനിലപാടുകൾ ആണ് വെളിപ്പെടുത്തിയത്. ധാർമ്മികമായി ഉത്തരദക്ഷിണ ധ്രുവങ്ങൾ തമ്മിലുള്ള അന്തരം പോലെ അത് കാണപ്പെടുന്നു. വേശ്യകളുടെയും മ്ളേച്ഛതകളുടെയും മാതാവായ ബാബിലോണിനെ കാണാൻ അവൻ ആദ്യം ആത്മാവിൽ ഒരു മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു (വെളിപ്പാട് 17:3). പിന്നെ അവനെ അതേ ആത്മാവിൽ വലിയതും ഉയരമുള്ളതുമായ ഒരു പർവതത്തിലേക്ക് കൊണ്ടുപോയി, അവിടെ നിന്ന് മണവാട്ടിയും കുഞ്ഞാടിന്റെ കാന്തയുമായ യെരൂശലേമിനെ കാണാൻ (വെളിപ്പാട് 21:10). ഇവിടെ വൈരുദ്ധ്യം വ്യക്തമാണ്, കൂടുതൽ വ്യക്തമായി പ്രസ്താവിക്കാൻ പ്രയാസമാണ്.

നാം മോശയെപ്പോലെയോ ബിലെയാമിനെപ്പോലെയോ ആയാലും, മോക്ഷയാത്രയെക്കുറിച്ചുള്ള ദൈവത്തിന്റെ വീക്ഷണം ഉണ്ടാകണമെങ്കിൽ യോഹന്നാനെപ്പോലെ ഒരു മലമുകളിലേക്ക് അഥവാ ഉയർന്ന ആത്മിക നിലവാരത്തിലേക്ക് ദൈവത്താൽ നയിക്കപ്പെടണം. പലർക്കും ദൈവത്തിന്റെ ശാശ്വതമായ പദ്ധതി കാണുവാനോ മനസിലാക്കുവാനോ വേണ്ടും പോലെ കഴിയുന്നില്ല. ഇനി ഒരു പക്ഷെ അവർ മനസിലാക്കിയാൽത്തന്നെ അതു അവ്യക്തമായ ഏതോ ഒരു സിദ്ധാന്തമായി മാത്രമേ മനസ്സിലാകൂ. ഒരു ശരാശരി ആത്മികജീവിതത്തിൽ പലരും സംതൃപ്തരാണ്. അത് ആരെയും ഒരിക്കലും ചലിപ്പിക്കുന്നില്ല. ദൈവസാന്നിധ്യത്തിന്റെ വെളിപ്പാട് മാത്രമാണ് നമുക്ക് ചൈതന്യം പകരുന്നത്. കഷ്ടതയാകുന്ന മരുഭൂമിയിലൂടെ പോകുമ്പോൾ ദൈവത്തിൽ നിന്നകന്നു പോകുന്നു ചിലർ. ദൈവത്തിന്റെ സ്ഥാനത്തു മറ്റാരെയെങ്കിലും, മറ്റെന്തിനെയെങ്കിലും ആശ്രയിച്ചാൽ അതിനെയാണ് ആത്മികവ്യഭിചാരം എന്ന് തിരുവെഴുത്തു വിശേഷിപ്പിക്കുന്നത്. എന്നാൽ ദൈവത്തിന്റെ പുതിയ യെരുശലേം കാണാൻ നമുക്ക് കഴിയുന്നത് കഷ്ടതയുടെ പാരമ്യത്തിലായിരിക്കാം. യോഹന്നാന് ആത്മീയ വെളിപ്പാടുണ്ടായത് പത്മോസിലെ ഭീകരാന്തരീക്ഷത്തിൽ തനിയെ ആയിരുന്നപ്പോഴാണല്ലോ. ഒരിക്കൽ അതുപോലൊരു വെളിപ്പാടുണ്ടായിക്കഴിഞ്ഞാൽ നാം പഴയ ജീവിതം ആഗ്രഹിക്കുക പോലുമില്ല. നമ്മുടെ ആത്മികദൃഷ്ടി പ്രകാശിപ്പിക്കപ്പെട്ടാൽ ശരാശരി ക്രിസ്തീയ ജീവിതം ഉപേക്ഷിച്ച് ആത്മികതയുടെ പടവുകൾ കയറുന്നവരായിരിക്കണം. ആത്മികതയിൽ വരൾച്ചയല്ല പ്രത്യുത വളർച്ചയാണ് കൈവരിക്കേണ്ടത്.

ബാബിലോൺ മഹാനഗരം എന്ന വേശ്യ (വെളിപ്പാട് 16:19,) ലൗകിക നേട്ടങ്ങളിലൂടെ അവളുടെ മഹത്വം കൈവരിക്കുന്നതിൽ മാത്രം ഊന്നൽ നൽകുന്നു. ഇതിനു കടകവിരുദ്ധമായി മണവാട്ടിയായ യെരൂശലേമെന്ന 'വിശുദ്ധ നഗരം'(വെളിപ്പാട് 21:2,10) ലൗകികതയോടു വേർപെട്ടു ദൈവത്തെ മഹത്വപ്പെടുത്തന്നതിനു മാത്രം ഊന്നൽ നൽകുന്നു. കാന്ത ദൈവത്തിൽ നിന്നുള്ളവളാണ്, കൂടാതെ തന്റെ കാന്തനായ ക്രിസ്തുവിനായി ഒരുങ്ങിയുമിരിക്കുന്നു. ഇക്കാരണത്താൽ അവൾ ദൈവത്തിന്റെ മഹത്വത്തിൽ ക്രിസ്തുവിന്റെ കൂട്ടവകാശി ആയിത്തീരുന്നു. ഇത് നാമെല്ലാവരും പ്രാപിക്കേണ്ട അനുഭ

മതിൽപ്പണിയുന്നതിൽ നിശ്ചയദാർഢ്യം ഉള്ളവരായിരിക്കണം നാം. ശത്രുക്കളെ തടയുവാൻ, ദൃശ്യമായ മതിലില്ലാത്ത ഇടമായിരുന്നു ഏദൻ തോട്ടം. അവിടെ എങ്ങനെ സാത്താന് പ്രവേശന മുണ്ടായി? ആദമും ഹവ്വയും ദൈവകല്പന പ്രമാണിച്ചു കൊണ്ട് 'അതിനെ കാത്തുസൂക്ഷിക്കണമെന്ന' ഉദ്ദേശ്യത്തോടെയാണ് ദൈവം കൽപ്പന നൽകിയത് (ഉൽപ്പത്തി 2:15). ഇന്ന്, ക്രിസ്തുവിലൂടെ വീണ്ടെടുത്ത തന്റെ ജനത്തിന്റെ ഹൃദയത്തിൽ ഒരു ഏദൻ ദൈവം വിഭാവനം ചെയ്തിരിക്കുന്നു. വാസ്തവത്തിൽ ജയജീവിതം നയിക്കുന്ന ആരുടേയുമുള്ളിൽ സാത്താന് പ്രവേശനം ലഭിക്കില്ല.

അപ്പോസ്തലനായ പൗലോസിന് ദൈവസഭയെക്കുറിച്ചു ഒരു പ്രത്യേക വെളിപ്പാട് നൽകിയിട്ടുണ്ടെന്ന് നമുക്ക് അറിവുള്ള കാര്യമാണ്. അതുപോലെ ലോകത്തിന്റെ സ്വഭാവത്തെക്കുറിച്ച് ദൈവം യോഹന്നാന് ഒരു പ്രത്യേകജ്ഞാനം നൽകിയതായി നമുക്ക് മനസിലാക്കാവുന്നതാണ്. തന്റെ ആദ്യലേഖനത്തിൽ യോഹന്നാൻ എഴുതുന്നു: 'ജഡമോഹം, കണ്ണുകളുടെ മോഹം, ജീവനത്തിന്റെ അഹന്ത എന്നിങ്ങനെ ലോകത്തിലുള്ളതൊന്നും ദൈവത്തിൽ നിന്നുള്ളതല്ല ലോകത്തിൽ നിന്നുള്ളതാണ്' (യോഹന്നാൻ 2: 16).

ഹവ്വയുടെ പ്രലോഭനത്തെ വളരെ വ്യക്തമായി പ്രതിഫലിപ്പിക്കുന്ന വാക്കുകളിൽ (ഉൽപ്പത്തി 3:6) യോഹന്നാൻ ലോകത്തിന്റെ സ്വാധീനത്തെക്കുറിച്ചു നിർവചിക്കുന്നു. ദുർമോഹങ്ങൾക്കും പ്രാകൃതമായ ആഗ്രഹത്തിനും, അത്യാഗ്രഹത്തെ ഉത്തേജിപ്പിക്കുന്ന എന്തിനും ഏതിനും, ജീവിതത്തിന്റെ അഭിമാനമോ പ്രൗഢിയോ ഉണർത്തുന്ന എല്ലാക്കാര്യങ്ങളും ലോകവ്യവസ്ഥയുടെ ഭാഗമാണ്. നമ്മിൽ അഭിമാനം ഉണർത്തുന്നതെല്ലാം ലോകത്തിന്റെതാണ്. അംഗീകാരം, സമ്പത്ത്, നേട്ടം, ഇവയെ ലോകം വാഴ്ത്തുന്നു. എല്ലാവരും വിജയത്തിൽ അഭിമാനിക്കുന്നു. പ്രശംസ കൊണ്ടുവരുന്ന എല്ലാറ്റിനെയും 'ലോകത്തിന്റെതു' എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്.

ലോകത്തെയും ജഡത്തെയും പിശാചിനെയും അങ്ങനെ പരാജയത്തിലേക്ക് നയിക്കുന്ന സകലത്തെയും പ്രതിരോധിക്കുവാൻ സുശക്തമായ ഈ മതിൽ നമ്മുടെ മോക്ഷയാത്രയിൽ ഉണ്ടായേ തീരൂ. ഇന്ദ്രിയങ്ങൾ നമ്മെയല്ല, മറിച്ചു നാം ഇന്ദ്രിയങ്ങളെയാണ് നിയന്ത്രിക്കേണ്ടത്. ഈ പ്രക്രിയയിൽ സുപ്രധാന പങ്കു ഈ മതിലിനുണ്ട്.

വമാണ്. നമ്മിലുള്ള വിശുദ്ധി ദൈവത്തിൽ നിന്നുള്ളതാണ്. ക്രിസ്തുവിനായി പൂർണ്ണമായും നമ്മെ സമർപ്പിച്ച് അന്ത്യശ്വാസം വരെ വിശ്വസ്തതയോടെ ജീവിക്കുന്നതിനാൽ ആണ് ഇത് പൂർണ്ണമാകുന്നത്; ഇപ്പോൾ നാം ലോകത്തിലായതിനാൽ വിശുദ്ധിയുടെ അനുഭവത്തിൽ നിലനിൽക്കേണ്ടത് അനിവാര്യമാണ്.

സ്വർഗ്ഗീയനഗരത്തെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണത്തിൽ താൻ പരാമർശിക്കുന്ന ആദ്യത്തെ കാര്യം അതിന്റെ മതിലിനെക്കുറിച്ചാണ്. മതിലിന്റെ പ്രാധാന്യതയാണ് പരാമർശം. പ്രായോഗികമായി ഉത്തമവും വിലയേറിയതുമായ ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തെ നമ്മിൽ കാത്തുസൂക്ഷിക്കണം. അതേസമയം ബാബിലോണിലുള്ളതെല്ലാം അതായതു ലൗകികമായതെല്ലാം നിരസിക്കുകയും ചെയ്യേണ്ടതിനു ആത്മികമായ 'വേർപാടെന്ന' ഈ മതിൽ നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കണം. മനുഷ്യർ തമ്മിലുള്ള നിസ്സഹകരണമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. നമ്മുടെ സഹോദരങ്ങൾ ചെയ്യുന്ന ചില കാര്യങ്ങളിൽ വിയോജിപ്പുണ്ടായാൽപ്പോലും അവരെ ഒഴിവാക്കാതെ സ്നേഹത്തോടെ വർത്തിക്കണം. അതെ, നാം നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുകയും സ്വീകരിക്കുകയും വേണം, എന്നാൽ തത്വത്തിൽ ലോകത്തിൽ നിന്നുള്ള വേർപാടിൽ യാതൊരു വിട്ടുവീഴ്ചയും ഇല്ലാത്തവരുമായിരിക്കണം. ആവർത്തിച്ചു പറയട്ടെ, നമ്മെ മലിനമാക്കുന്നതൊന്നും ഉള്ളിൽ കടക്കാതെയും വിശുദ്ധിയിൽ നമ്മെ നിലനിറുത്തുന്നതൊന്നും പുറത്തേക്കു ഒഴുകിപ്പോകാതെയും ഈ മതിൽ നമ്മിൽ സുശക്തം ആയിരിക്കണം.

വലിയ എതിർപ്പിനെ അതിജീവിച്ചാണ് നെഹെമ്യാവ് യെരുശലേമിന്റെ മതിൽ പുനർനിർമിക്കുന്നതിൽ വിജയിച്ചത്. വേർപാട് സൂക്ഷിക്കുന്നതിനെ തകർക്കുവാൻ, വളരെ കൗശലത്തോടെ നമ്മുടെ ജീവിതപന്ഥാവിൽ കെണികളും കുടുക്കുകളും സാത്താൻ ഒളിച്ചുവച്ചിട്ടുണ്ട്. മനുഷ്യർ ദൈവത്തെ അനുസരിച്ചു ലൗകികജീവിതത്തിൽ വേർപാട് സൂക്ഷിച്ചു ജീവിക്കുന്നത് സാത്താന് സഹിക്കുവാൻ കഴിയുന്നതല്ല. അതിനാൽ നെഹമ്യാവും സഹപ്രവർത്തകരും ആയുധം ധരിച്ച് യുദ്ധത്തിന് സജ്ജരായി മതിൽപ്പണി പൂർത്തീകരിച്ചു. ജീവിതവിശുദ്ധി സൂക്ഷിക്കുവാൻ നാം കൊടുക്കേണ്ട വിലയാണ് ഇത്. എന്നുവച്ചാൽ സർവ്വായുധവർഗ്ഗം ധരിച്ചവരായി സാത്താനോട് പോരാടുവാൻ നാം സാദാ ജാഗരൂകരായിരിക്കണം.

●



**ജോർജ് മാത്യു, പുതുപ്പള്ളി**

# മത്സരം ആഭിചാരത്തിനും കലഹം മിഥ്യാപൂജയ്ക്കും സമം

**കോരഹിന്റെയും** അനുയായികളുടെയും പാപമാണ് മത്സരം. അത് കലഹസ്വഭാവവുമായി ഏറെ ബന്ധം പുലർത്തുന്നു. മത്സരത്തിന്റെ വിത്ത് വിശ്വാസികളുടെ ഇടയിൽ വിതയ്ക്കാൻ സാത്താൻ ഏറെ ശ്രദ്ധ പുലർത്താറുണ്ട്. മത്സരഫലമായി കോരഹിനും കൂട്ടർക്കും മരണശിക്ഷയാണു ലഭിച്ചത്. മത്സരത്തിൽ പൈശാചികവിഷം കലർന്നിരിക്കുന്നു. മത്സരികളിൽ ഒന്നാമനാണ് സാത്താൻ. അവനാണ് ആദ്യമായി ദൈവത്തോടു മത്സരിച്ചത്. അസൂയയിൽനിന്നും അഹങ്കാരത്തിൽ നിന്നുമാണ് മത്സരത്തിന്റെ സ്വാധീനം ഉളവാകുന്നത്. വിശ്വാസികളുടെ ഹൃദയത്തിലേക്കും തന്ത്രപരമായി പിശാച് ഈ മനോഭാവം പകരുന്നു.

അക്രമവും അരാജകത്വവും അഴിച്ചുവിടുന്ന മത്സരമനോഭാവം എല്ലാ ദൈവിക നിയമങ്ങളെയും കാറ്റിൽപ്പറത്തുന്നു. പൈശാചികമായ പ്രച്ഛന്നവേഷം ധരിച്ചാവും മത്സരബുദ്ധി വെളിയിൽ വരിക. മത്സരികൾ ഉള്ളിൽ ഇങ്ങനെയാവാം ചിന്തിക്കുന്നത്: ആരെതിർത്താലും ഞാൻ വഴങ്ങുകയില്ല, ഞാൻ അത്ര കുറഞ്ഞവനൊന്നുമല്ല, അവൻ എന്നേക്കാൾ അത്ര കേമനുമല്ല എന്നിങ്ങനെയുള്ള ഭോഷത്വചിന്താഗതിയിൽ നിന്നാണ് മത്സരസ്വഭാവം ഉരുത്തിരിഞ്ഞു വരുന്നത്. അതുകൊണ്ടുതന്നെ ഞാൻ മറ്റാർക്കും കീഴടങ്ങുകില്ല എന്ന തരത്തിലുള്ള കപടവേഷവും ധരിച്ചാണ് മത്സരബുദ്ധി നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുക.

മത്സരസ്വഭാവം ഒരു നശികരണശക്തിയാണ്. സ്നേഹമാകട്ടെ സൃഷ്ടിപരമായ ശക്തിയും. സ്നേഹത്തിലൂടെ വിശുദ്ധിയുടെയും സൗഹൃദത്തിന്റെയും രാജ്യം നാം പടുത്തുയർത്തുകയാണ്. എന്നാൽ മത്സരം നരകത്തെയാണ് കെട്ടിപ്പടുക്കുന്നത്. മത്സരബുദ്ധി നമുക്കു മനസിലാകാത്ത വിധത്തിൽ മറ്റൊരു രൂപത്തിലാണ് പ്രത്യക്ഷപ്പെടുക. നിഷ്ക്കളങ്ക വിശ്വാസികൾ പോലും മത്സരത്തിന് അടിമകളാകുന്നു. പകർച്ചവ്യാധി പോലെ അതു മറ്റുള്ളവരിലേക്കും പടരുന്നു. സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലുമൊക്കെ ഇതിന്റെ വ്യാപകമായ വർദ്ധന നമുക്കു കാണുവാൻ സാധിക്കും. പരിഷ്കാര നിർദ്ദേശങ്ങളും മോഹന വാഗ്ദാനങ്ങളുമായിട്ടായിരിക്കും മത്സരിക്കുന്നവർ മത്സരബുദ്ധിയോടെ രംഗപ്രവേശം ചെയ്യുക. മത്സരബുദ്ധി നിർദ്ദോഷമെന്നും നീതിയിൽ അധിഷ്ഠിതമെന്നും നാം തെറ്റിദ്ധരിക്കുന്നു. അനാത്മികന്റെ കൈകളിലേക്ക് നേതൃത്വം പോകാതെ സൂക്ഷിക്കുവാനാണ് ഞാൻ മത്സരിക്കുന്നത് എന്ന ന്യായം ചിലർ പറയുന്നുണ്ട്. ഇവിടെ എതിരാളി അനാത്മികനാണെന്നു വിധിക്കുകയും താൻ ആത്മികനാണെന്നു സ്വയം പുകഴുകയും അല്ലേ ചെയ്യുന്നത്? അതിൽ ഒളിഞ്ഞുകിടക്കുന്ന പൈശാചികതന്ത്രം നാം തിരിച്ചറിയുന്നില്ല. മത്സരം ആഭിചാരദോഷം പോലെയും കലഹം മിഥ്യാപൂജയും പോലെയാണ് (1 ശമുവേൽ 15 : 23) എന്ന് നാം മനസിലാക്കുന്നില്ല. നികൃഷ്ടബുദ്ധിയായ സാത്താൻ ഈ മാരകവിഷം നമ്മുടെ ചിന്താമണ്ഡലത്തിൽ കുത്തിവയ്ക്കുന്നു. കോരഹിനും സംഘത്തിനും ലഭിച്ച മരണശിക്ഷയാണ് നമുക്കും ലഭിക്കാൻ പോകുന്നതെന്നോർത്ത് അവൻ ഊറിച്ചിരിക്കുന്നു. ഇഹലോകത്തിൽ മത്സരികൾക്കുള്ള ശിക്ഷ കഠിനമെങ്കിൽ വരും ലോകത്തിലെ ന്യായവിധി അതികഠിനമായിരിക്കും. മത്സരികൾ ആത്മികമായി മരിച്ചു അവരുടെ ജീവി

തം അർത്ഥശൂന്യമായിത്തീരുകയും ചെയ്യുന്നു. ആത്മഹത്യാനിരക്ക് വർദ്ധിക്കുവാൻ പോലും മത്സരചിന്ത കാരണമാകുന്നുണ്ട് എന്നത് ഭയാനകമായ ഒരു യാഥാർഥ്യമാണ്. കലഹസ്വഭാവത്തെ ജഡത്തിന്റെ പ്രവൃത്തിയായിട്ടാണ് അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിക്കുന്നത് (ഗലാത്യർ 5 : 19). സമാധാന ബന്ധങ്ങളെ തകർത്തുകളയാൻ ഭിന്നത കാരണമാകുന്നു. കലഹസ്വഭാവത്തിന് പൗലൊസ് നൽകുന്ന പര്യായപദങ്ങൾ: ശത്രുത, ഭിന്നത, പിണക്കം, ഭിന്നപക്ഷം എന്നിങ്ങനെയാണ്. ദൈവജനം ഐക്യത്തിലും സ്നേഹത്തിലും കഴിയണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. തനിക്കുള്ളവർ രമ്യതയിൽ കഴിയണമെന്നാണ് അവസാനം വരെ യേശു ആഗ്രഹിച്ചിരുന്നത്: പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ' (യോഹന്നാൻ 17 : 21).

സാത്താന്റെ ദാസരാകാൻ നാം ആഗ്രഹിക്കുന്നില്ലെങ്കിൽ ദൈവത്തിന് എതിരായുള്ള മത്സരചിന്തയിൽ നിന്നും പിന്മാറണം. നമ്മുടെ ചിന്തകളെ പൂർണ്ണമായി ദൈവഹിതത്തിനു സമർപ്പിക്കുകയാണ് പ്രഥമപടി. ദൈവം നമ്മെ ആക്കി വച്ചിരിക്കുന്ന വ്യവസ്ഥാപിത അധികാരത്തിന്റെ ചട്ടക്കൂടിനുള്ളിൽ പൊരുത്തപ്പെട്ടു പോകുവാനുള്ള എല്ലാ ശ്രമങ്ങളും നാം നടത്തണം. ആത്മീയാധികാരികളുടെ തീരുമാനങ്ങൾ സത്യസന്ധവും നീതിയുക്തവുമാണെങ്കിൽ നാം അംഗീകരിക്കണം. അവരുടെ തീരുമാനങ്ങൾ തിരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം സ്നേഹബുദ്ധ്യാ അവരെ അറിയിക്കണം. സാത്താനു മുമ്പിലല്ല, യേശുവിനു മുമ്പിലാണ് നാം കീഴടങ്ങേണ്ടത്. നസറേത്തിൽ യേശു തന്റെ മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നതായി നാം തിരുവചനത്തിൽ വായിക്കുന്നു (ലൂക്കൊസ് 2 : 51). അന്ധകാര നിബിഡമായ സന്ദർഭങ്ങളിൽപ്പോലും പിതാവാം ദൈവത്തോടു മത്സരിക്കുന്നതിനു പകരം നമുക്ക് ദുർഗ്രഹമായ ദൈവത്തിന്റെ നടത്തിപ്പുകളിൽ പൂർണ്ണമായി ആശ്രയിക്കുകയാണ് യേശു ചെയ്തത്. അനുസരണത്തിലൂടെ മത്സരസ്വഭാവത്തെ യേശുകർത്താവ് കീഴടക്കി. നമുക്കും തന്റെ മാതൃക പിന്തുടരാം.


മത്സരത്തിന്റെയും കലഹത്തിന്റെയും ജീവിതം സഭയുടെ തലയായ ക്രിസ്തുവിനെ വിരൂപമാക്കുകയാണ്. ക്രിസ്തു നൽകിയ സ്നേഹസന്ദേശത്തെ അപമാനിക്കുകയാണ്. മത്സരവും ഭിന്നതയും കുടുംബങ്ങളിലും സഭകളിലും രാഷ്ട്രങ്ങളിലും വരുത്തിവയ്ക്കുന്ന പ്രത്യാഘാതങ്ങൾ ഭയാനകമാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ഓർമ്മയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു എന്ന് ദൈവവചനം പ്രസ്താവിക്കുന്നു (മലാഖി 3 : 16). നാം കൊളുത്തി വിടുന്ന ഭിന്നതയുടെ തീപ്പൊരി ഭവനത്തിലും സഭയിലും ചിലപ്പോൾ ഒരു അഗ്നിപ്രളയം തന്നെ സൃഷ്ടിച്ചേക്കാം. സത്യത്തിനുവേണ്ടിയുള്ള പോരാട്ടം എന്ന ഭംഗിവാക്ക് നമ്മുടെ കലഹസ്വഭാവത്തിനു കൊടുക്കാതിരിക്കാൻ നാം തയാറാകണം. പൗലൊസ് ഇങ്ങനെ ചോദിക്കുന്നു: നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ നിങ്ങൾ ജഡീകന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരും അല്ലയോ? (1 കൊരിന്ത്യർ 3 : 3).

മത്സരവും കലഹവും ജഡീകമായ പാപങ്ങളുടെ പട്ടികയിൽപ്പെട്ടവയാണ്. ഈർഷ്യയും അസൂയയും അഹങ്കാരവുമാണ് ഇതിന്റെ മൂലകാരണം. നിഗളികളുടെ ചിന്ത അവർ പറയുന്നതു മാത്രമാണ് ശരി എന്നാണ്. വിനയശീലർക്ക് സാധിക്കുന്നതുപോലെ മറ്റുള്ളവരിലെ നന്മ കാണാൻ നിഗളികൾക്കു കഴിയുകയില്ല. നാം മറ്റുള്ളവരോടു കലഹിക്കുമ്പോൾ ദൈവരാജ്യത്തിൽ നിന്ന് സ്വയം അകന്നു പോകുകയാണ് എന്നത് പലരും തിരിച്ചറിയുന്നതുമില്ല. മറ്റുള്ളവരുമായി കലഹമുണ്ടാക്കുന്ന സ്വഭാവം നാം ഉപേക്ഷിക്കണം.

സമരമനോഭാവം ഒരു ആത്മീയനു ഭൂഷണമല്ല. യേശുകർത്താവ് സമാധാനപ്രഭുവാണ്. യേശുവിനെക്കുറിച്ച് തിരുവചനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും നേരായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കയത്രേ ചെയ്തത്' (1 പത്രൊസ് 2 : 23). ഒരു കുഞ്ഞാടിനെപ്പോലെ നിന്ന്, തന്നെ ഉപദ്രവിച്ചവരുടെമേൽ സ്നേഹത്തിന്റെ തീക്കനൽ കുന്നിക്കയാണ് യേശു ചെയ്തത്. തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ നമുക്കു ജയിക്കാം (റോമർ 12 : 21). കഴിയുന്നിടത്തോളം മറ്റുള്ളവരുമായി സമാധാനത്തിൽ വർത്തിക്കാം. അപരന്റെ അഭിപ്രായങ്ങളോടും പ്രതിപക്ഷ ബഹുമാനം പുലർത്താം. അവരുടെ അഭിപ്രായം നമ്മുടേതിൽ നിന്നും വിഭിന്നമാണെങ്കിൽക്കൂടി സ്നേഹത്തോടെ അവരുമായി സഹകരിക്കാം. അഭിപ്രായ വ്യത്യാസങ്ങൾ, തമ്മിലുള്ള സ്നേഹബന്ധത്തെ ഒരുവിധത്തിലും പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ നാം പരമാവധി ശ്രദ്ധിക്കുവാൻ ദൈവം കൃപ നൽകട്ടെ. ●



അനു ഗ്രേസ് ചാക്കോ



# മാതൃകാജീവിതം യഥാർത്ഥ ലഹരി

നന്നായി പഠിച്ചുകൊണ്ടിരുന്ന കുട്ടി പഠനത്തിൽ പിന്നോക്കം പോയതും, അകാരണമായി ദേഷ്യപ്പെടുന്നതും, മുറിക്കകത്ത് വാതിലടച്ച് ദീർഘസമയം ചിലവിടുന്നതും, സഹോദരിയോടും അമ്മയോടും മോശമായി പെരുമാറുന്നതും കണ്ടിട്ടാണ് മാതാപിതാക്കൾ അവനെ ഒരു കൗൺസലറുടെ അടുക്കൽ കൊണ്ടുവന്നത്. തങ്ങളുടെ മകൻ മയക്കുമരുന്നിന് അടിമയാണെന്ന് കൗൺസലിങ്ങിലൂടെ മനസ്സിലാക്കിയപ്പോൾ കുറെ സമയത്തേക്ക് നിർജ്ജീവരായിപ്പോയി മാതാപിതാക്കൾ!

ഇത് ഒറ്റപ്പെട്ട സംഭവമല്ല, കുടുംബപ്രശ്നങ്ങൾ, ചീത്ത കൂട്ടുകെട്ടുകൾ, അവർ പറഞ്ഞു കൊടുക്കുന്ന നിറം പിടിപ്പിച്ച കഥകൾ, സിനിമകളിൽ നിന്നും ദൃശ്യമാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന തെറ്റായ സന്ദേശങ്ങൾ, ഏകാന്തത അങ്ങനെ പല പ്രശ്നങ്ങൾ ആണ് ലഹരിയുടെ നിലയില്ലാക്കയങ്ങളിൽ നല്ലൊരു പങ്ക് യൗവനക്കാരും എത്തുവാൻ കാരണം. ഇങ്ങനെയുള്ള പ്രശ്നങ്ങൾ നിമിത്തം ഒറ്റതിരിഞ്ഞു നടക്കുന്നവരെ അവർ പ്രകടിപ്പിക്കുന്ന ശരീരഭാഷയിൽ നിന്നും, മുഖത്തെ ഭാവവ്യത്യാസങ്ങളിൽ നിന്നും തിരിച്ചറിഞ്ഞു വലവീശി പിടിക്കുകയാണ് കുടിച്ചും വലിച്ചും കൂത്താടിയും സ്വയം നശിക്കുന്ന ലഹരിക്കടിമപ്പെട്ടവർ ചെയ്യുന്നത്.

കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്തുന്നതിൽ അതീവജാഗ്രത കാണിക്കുന്നവരാണ് മിക്കവാറും എല്ലാ മാതാപിതാക്കളും. സ്നേഹമുള്ള ഭവനാന്തരീക്ഷത്തിൽ വളരാത്ത കുട്ടികളും, അല്പംപോലും തന്റെ സുഖദു:ഖങ്ങൾ കേൾക്കുവാൻ സമയമില്ലാത്ത മാതാപിതാക്കളുടെ കുട്ടികളും ആണ് പ്രധാനമായും ലഹരിയുടെ വലയിൽ അകപ്പെടുന്നത്. സൗജന്യമായി ലഹരി ഉൽപ്പന്നങ്ങൾ നൽകിയും ലൈംഗിക ചൂഷണങ്ങൾക്ക് കുട്ടികളെ വിധേയരാക്കിയും തങ്ങൾ വിരിച്ച വലയ്ക്കകത്ത് കുടുക്കുകയാണ് പലപ്പോഴും കള്ളക്കടത്തിലും നിയമവരുദ്ധപ്രവർത്തനങ്ങളിലും മുഴുകുന്ന രഹസ്യ കുറ്റവാളിസംഘം ചെയ്യാറുള്ളത്. ഒരിക്കൽ ഉപയോഗിച്ചാൽ അടിമപ്പെട്ടു പോകും എന്നുള്ളതാണ് മിക്ക മയക്കുമരുന്നുകളുടെയും പ്രത്യേകത. പുതിയതെന്തും അനുഭവിക്കുവാൻ ആഗ്രഹിക്കുന്ന യൗവനക്കാരെയാണ് ഇവർ ഉന്നം വയ്ക്കുന്നത്. ഇത് നിമിത്തം ഊർജ്ജസ്വലരും കർമ്മശേഷിയുള്ളവരുമായ ഒരു തലമുറയാണ് ഇവിടെ അന്യം നിന്നു പോകുന്നത്. അതായത് വീടിനും നാടിനും യാതൊരു പ്രയോജനവും ഇല്ലാത്ത, സമൂഹത്തിന് ബാധ്യതയും പേടിസ്വപ്നമായി മാറുന്ന കുറെ ആളുകളെയാണ് ലഹരി എന്ന മഹാവിപത്ത് ഇവിടെ അവശേഷിപ്പിക്കുന്നത്. വരുംകാലങ്ങളിൽ സമർത്ഥരായ ഡോക്ടർമാരും എൻജിനീയർമാരും അധ്യാപകരും നാടിനും വീടിനും പ്രയോജനമായിത്തീരേണ്ട യൗവനക്കാരുമാണ് ഇതുനിമിത്തം സമൂഹത്തിന് നഷ്ടപ്പെടുന്നത്. തൃശൂരിൽ വിവിധ തരത്തിലുള്ള മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന ഏകദേശം പതിനഞ്ചോളം എം ബി ബി എസ് കഴിഞ്ഞു ഇന്റേൺഷിപ് തീരാറായ ഡോക്ടർമാരെ ഷാഡോ പോലീസ് വെളുപ്പിനെ 3 മണിക്ക് ഹോസ്റ്റലിൽ ഇരച്ചുകയറി പിടികൂടിയെന്നു തൃശൂർ മലയാള മനോരമ ഓൺലൈനിൽ റിപ്പോർട്ട് ചെയ്തിരുന്നു.

മക്കളുടെ പതിവു പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റം കാണുന്നുണ്ടോ? അവർ ലഹരി ഉപയോഗിക്കുന്നവരാണെന്ന് എങ്ങനെ തിരിച്ചറിയും? ആൺകുട്ടികൾ മാത്രമേ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യൂ എന്നായിരുന്നു പലരുടെയും കണക്കുകൂട്ടൽ. അതൊക്കെ തെറ്റിച്ചു കൊണ്ട് പെൺകുട്ടികളും ഒരിക്കലും തിരിച്ചു കയറുവാൻ കഴിയാത്ത ലഹരിയുടെ ആഴക്കയത്തിൽ വീണു പോയിരിക്കുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കുട്ടികളുടെ പെരുമാറ്റത്തിലെ അസ്വാഭാവികത മാതാപിതാ

ക്കൾ പ്രത്യേകം ശ്രദ്ധിക്കുക. ദേഷ്യം, ആരോടും മിണ്ടാതെ എപ്പോഴും മുറിക്കകത്തു ഒറ്റയ്ക്കിരിക്കുന്ന അവസ്ഥ, പഠനത്തിൽ പിന്നോക്കം പോവുക, തീരുമാനങ്ങൾ എടുക്കുന്നതിൽ പരാജയപ്പെടുക, കൂട്ടുകാരിൽ നിന്ന് അകലുക, വസ്ത്രം മാറുന്നതിലും മുടി ചീകി ഒതുക്കുന്നതിലും താല്പര്യമില്ലായ്മ കാണിക്കുക, ഉറക്കക്കുറവ്, അമിത ഉറക്കം ഇങ്ങനെ കുട്ടികളുടെ അസ്വാഭാവിക പെരുമാറ്റ രീതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികൾ പഠിക്കുന്നത് ചെറിയ ക്ലാസുകളിലാണെങ്കിലും മുതിർന്ന ക്ലാസുകളിലാണെങ്കിലും തങ്ങളുടെ കുട്ടികളെ മാതാപിതാക്കളും അധ്യാപകരും വേണ്ടപ്പെട്ടവരെല്ലാം കൃത്യമായി അവർ അറിയാതെ നിരീക്ഷിച്ചു കൊണ്ടിരിക്കണം. അവർ എവിടെപ്പോകുന്നു? സുഹൃത്തുക്കൾ ആരൊക്കെയാണ്? അവർ കേൾക്കുവാൻ ഇഷ്ടപ്പെടുന്ന ഗാനങ്ങൾ ഏതൊക്കെ? അങ്ങനെ നിരീക്ഷിച്ചു കൊണ്ടിരിക്കണം. കുട്ടികൾ ധരിക്കുന്ന വസ്ത്രങ്ങളിൽ തീപ്പൊരി വീണുണ്ടായ ചെറിയദ്വാരങ്ങൾ പോലുള്ള അടയാളങ്ങൾ തുടർച്ചയായി കാണപ്പെടുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ശരീരത്തിൽ സൂചി കുത്തിയ പാടുകളോ വസ്ത്രത്തിൽ ചോരപ്പാടുകളോ കണ്ടാലും അത് നിസ്സാരമായി അവഗണിച്ചുകളയരുത്. കുട്ടികൾ ടോയ്‌ലറ്റിൽ അധികസമയം ചിലവഴിക്കുന്നുണ്ടോ, അവരുടെ കണ്ണുകൾ ചുവന്നു കലങ്ങിയതാണോ, മക്കളുടെ പഠനമുറി വൃത്തിയാക്കുമ്പോൾ ലഹരിമരുന്ന് ഉപയോഗിച്ചതിന്റെ ഏതെങ്കിലും അവശിഷ്ടങ്ങൾ ഉണ്ടോ എന്നൊക്കെ പരിശോധിക്കേണ്ടതാണ്. അനാവശ്യമായി പൈസ ആവശ്യപ്പെടുന്നതും, കിട്ടാതെ വന്നാൽ അക്രമാസക്തമാകുന്നതും സ്വാഭാവിക കാര്യങ്ങളായി മാത്രം കാണാതെ സൂക്ഷ്മതയോടെ നിരീക്ഷിക്കേണ്ടത് ആവശ്യമാണ്. ഭവനത്തിലെ വിലപിടിപ്പുള്ള സാധനങ്ങൾ കാണാതെ പോകുമ്പോൾ എന്റെ മകനല്ലേ, അവനെ എന്തിന് സംശയിക്കണം എന്നൊക്കെ ചിന്തിച്ച കാലം ഉണ്ടായിരുന്നു. മക്കൾ ഏതെങ്കിലും ലഹരിപദാർത്ഥങ്ങൾക്കടിമപ്പെട്ടു പോയെങ്കിൽ സ്വന്തം ഭവനത്തിൽ നിന്നു തന്നെ വിദഗ്ധമായി പണം മോഷ്ടിക്കുവാൻ കുട്ടികൾ മടി കാണിക്കാറില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ നിരീക്ഷിക്കുമ്പോൾ ഒരിക്കലും അവരറിയാതെ ആയിരിക്കണം ഇതൊക്കെ ചെയ്യുവാൻ ശ്രമിക്കേണ്ടത്.

തങ്ങളുടെ കുട്ടി ഏതെങ്കിലും ലഹരിപദാർത്ഥത്തിന് അടിമയാണെന്ന് മനസ്സിലാക്കിയാൽ വലിയ മാനസികസംഘർഷമാണ് അപ്പനും അമ്മയ്ക്കും വേണ്ടപ്പെട്ടവർക്കും ഉണ്ടാകുന്നത്. പ്രതീക്ഷകൾ തകർന്നതിന്റെ നിരാശയും സമൂഹത്തിന്റെ മുൻപിൽ ഉണ്ടായിരുന്ന മാന്യതയും അന്തസ്സും നഷ്ടപ്പെട്ടുപോയേക്കാമെന്ന ഭയവും മാതാപിതാക്കളെ നിരാശരും നിഷ്ക്രിയരും ആക്കിത്തീർക്കുവാനുള്ള സാധ്യത ഏറെയാണ്. യുവതലമുറയുടെ ലഹരി ഉപയോഗം മൂലം നശിക്കുന്നത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും വലിയ പ്രതീക്ഷകളാണ്, നാളെയുടെ സ്വപ്നങ്ങളാണ്. ഒരുമുഴം കയറിലും, റെയിൽവേ പാളങ്ങളിലും, വിഷക്കുപ്പിയിലും അവസാനിക്കുന്ന ജീവിതങ്ങളിൽ ഏറെപങ്കും ലഹരിയുടെ അടിമകളാണെന്ന് വസ്തുത സമൂഹം ഗൗരവത്തോടെ കാണേണ്ടതുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കുട്ടികളുടെ പ്രശ്നം കുടുംബത്തിന്റെ മുഴുവൻ താളവും തെറ്റിച്ചുകളയും. വളർത്തുദോഷത്തിന്റെ പേര് പറഞ്ഞ് മാതാപിതാക്കൾ പോലും പരസ്പരം പോരടിച്ചേക്കാം. ഈ സാഹചര്യത്തിൽ കുട്ടികളോട് എങ്ങനെ പെരുമാറണമെന്ന് പല മാതാപിതാക്കൾക്കും അറിഞ്ഞുകൂടാ.

തങ്ങളുടെ കുട്ടി ലഹരിക്ക് അടിമയാണെന്ന് മാതാപിതാക്കൾ തിരിച്ചറിഞ്ഞാൽ ഒരിക്കലും അവരോട് വെറുപ്പോടെയോ വൈരാഗ്യത്തോടെയോ പെരുമാറുവാൻ പാടില്ല. ശാന്തതയോടും സ്നേഹത്തോടും കൂടെയുള്ള സമീപനമാണ് ആവശ്യം. ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചു കുട്ടികളെ അവബോധരാക്കുക. ആവശ്യം എങ്കിൽ ഒരു കൗൺസലറുടെ സഹായം തേടാൻ മടിക്കേണ്ടതില്ല. ചില സാഹചര്യത്തിൽ കുട്ടികൾ ലഹരിവസ്തുക്കൾ കൈമാറ്റം ചെയ്യേണ്ട ഏജന്റ് ആയി പോലും ഉപയോഗിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ തീർച്ചയായും നിയമസഹായം തേടുക. ഇത്തരം ചതിക്കുഴികളിൽ കുട്ടികൾ ചെന്ന് വീഴുന്നതിനുമുൻപേ ചെറുപ്രായത്തിൽ തന്നെ കുട്ടികളെ ലഹരിയുടെ കെണികളെക്കുറിച്ച് ബോധവാന്മാരാക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുക. No പറയേണ്ടിടത്തു അത് പറയുവാൻ കുട്ടികളെ പ്രത്യേകം പരിശീലിപ്പിക്കുക. പലപ്പോഴും ഇതിന് കഴിയാതെ വരുമ്പോൾ ആണ് കൂട്ടുകാരുടെ നിർബന്ധത്തിനും സ്വാധീനത്തിനും വഴങ്ങി ലഹരിവസ്തുക്കൾ കുട്ടികൾ ഉപയോഗിച്ചു തുടങ്ങുന്നത്. നിയമം കൊണ്ട് മാത്രം ഇതൊന്നും നിയന്ത്രിക്കാൻ സാധിക്കണം എന്നില്ല. സ്കൂൾ തലം മുതൽ സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ നിരന്തരമായ ബോധവൽക്കരണവും, എല്ലാ വിദ്യാഭ്യാസ സ്ഥാപങ്ങളുടെയും പരിസരങ്ങളിൽ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ നിരന്തര നിരീക്ഷണം നടത്തുന്ന സംവിധാനവും ഉണ്ടാകേണ്ടതാണ്. ജീവിതത്തെ കാർന്നു തിന്നുന്ന ലഹരിയെന്ന ഈ അർബുദത്തിൽ നിന്ന് തലമുറ മോചനം പ്രാപിക്കുവാൻ, യഥാർത്ഥ ജീവിതമാണ് ലഹരിയെന്ന് കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ നമ്മാലാവോളവും പ്രാർത്ഥിക്കാം പ്രരിശ്രമിക്കാം. ●

# മലബാറിലെ സുവിശേഷ പ്രവർത്തനങ്ങൾ

**ബെഞ്ചമിൻ വർഗീസ്**

**ഭാ**ഷാപണ്ഡിതനും, വിദ്യാഭ്യാസ വിചക്ഷണനും, ചരിത്രകാരനുമായ ഗുണ്ടർട്ട് അതിലൊക്കെ ഉപരി ഒരു സുവിശേഷകൻ ആയിരുന്നു. ഇന്ത്യയിലെത്തിയ സമയം മുതൽ രക്ഷകനായ ക്രിസ്തുവിനെക്കുറിച്ച് പറയുവാൻ ഉത്സാഹം കാട്ടി. അങ്ങനെ ഇല്ലിക്കുന്നിലെത്തിയ ഗുണ്ടർട്ട് വൈകാതെ തന്നെ സുവിശേഷീകരണവും ആരംഭിച്ചു. എന്നാൽ ആ ഉദ്യമം ഉദ്ദേശിച്ചത്ര ഫലപ്രദമല്ലാതെ വന്നു. തദ്ദേശീയർ തങ്ങളെ ഉന്നതരെന്ന് കാണുന്നത് സുവിശേഷഘോഷണത്തിനു തടസ്സമാകുന്നതായി അദ്ദേഹം തിരിച്ചറിഞ്ഞു. സാധാരണക്കാരായ നാട്ടുകാർ അവതാരപുരുഷന്മാരെപ്പോലെ തങ്ങളെ കരുതുന്നിടത്തോളം അവരോട് ഇടപഴകുവാനും ക്രിസ്തുവിന്റെ സ്നേഹം പങ്കുവെക്കുവാനും ആവില്ലെന്നും അതുകൊണ്ടുതന്നെ ആ വിടവ് നികത്തേണ്ടത് ആവശ്യമാണെന്നും മനസിലാക്കിയ അദ്ദേഹം ഇല്ലിക്കുന്നിലെ ആ മനോഹര ബംഗ്ലാവ് വിട്ട് തലശേരി പട്ടണത്തിലെ ഒരു ചെറിയ ഭവനത്തിലേയ്ക്ക് താമസം മാറ്റി. ബംഗ്ലാവ് വാടകയ്ക്ക് കൊടുത്ത് അതിൽനിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് മറ്റൊരു മിഷണറികുടുംബത്തെ തന്നോടൊപ്പം പ്രവർത്തിക്കുവാനായി അയയ്ക്കാനാവശ്യപ്പെട്ടുകൊണ്ടു മിഷൻ ആസ്ഥാനത്തേയ്ക്ക് ഒരു കത്തും അയച്ചു. പട്ടണത്തിലേക്ക് താമസം മാറിയതിൽ ജൂലിയയും സന്തുഷ്ടയായിരുന്നു. അതു മൂലം അവർക്കും മുതിർന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഇടയിൽ കൂടുതൽ പ്രവർത്തിക്കാനുള്ള അവസരം കൈവന്നു.

1839 ഒക്റ്റോബർ മാസത്തിലാണ് ഗുണ്ടർട്ട് തലശേരിയിലേയ്ക്ക് താമസം മാറ്റുന്നത്. ഈ തീരുമാനം മറ്റുള്ളവർക്കൊക്കെ വിസ്മയമായി തോന്നിയെങ്കിലും ഗുണ്ടർട്ടിനും കുടുംബത്തിനും അതിഷ്ടമായി എന്ന് അവരെഴുതിയ കത്തുകളിൽ നിന്നും മനസിലാക്കാം. തലശേരിയിൽ എത്തിയ ഉടൻതന്നെ വൈകുന്നേരങ്ങളിൽ അദ്ദേഹം ചന്തകളിലും മറ്റും ചെന്ന് ലഘുലേഖകൾ വിതരണം ചെയ്യുകയും മറ്റുള്ളവരോട് സുവിശേഷം പങ്കിടുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഗുണ്ടർട്ട് കേരളത്തിലെത്തിയിട്ട് മാസങ്ങൾ മാത്രമേ ആയിട്ടുള്ളു, അദ്ദേഹം മലയാളം പഠിക്കുവാൻ തുടങ്ങിയതേയുള്ളൂ. എങ്കിലും അദ്ദേഹം പരസ്യപ്രസംഗത്തിനായി തുനിഞ്ഞിറങ്ങി. തലശേരി ചന്തയിൽ ഭൂരിഭാഗം വരുന്ന മുഹമ്മദീയർ അദ്ദേഹത്തിന്റെ പ്രസംഗത്തെ തടസപ്പെടുത്തി. ഭാഷാവൈകല്യങ്ങൾ നിമിത്തം പലരും പരിഹസിച്ചു. വിദ്യാസമ്പന്നരും മാന്യരുമായവർ ആരും അദ്ദേഹത്തിനു ചെവികൊടുത്തില്ല. ചന്തയിൽ അലസരായി നടന്ന ചിലർ മാത്രമാണ് ആ പ്രസംഗങ്ങൾ കേൾക്കാൻ എന്തെങ്കിലും താത്പര്യം കാട്ടിയത്. കൂടെക്കൂടെ ചന്തയിൽ കടന്നുപോയി ആവശ്യപ്പെടുന്നവർക്ക് ലഘുലേഖകൾ വിതരണം ചെയ്യുകയും താത്പര്യം കാട്ടുന്നവരെ വീട്ടിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. അനുഗൃഹീതമായ ഒരു ഇന്ത്യൻ നാവുള്ള കരുത്തനായ ഒരു പ്രഭാഷകനെ ദൈവം അയയ്ക്കുന്നെങ്കിൽ അയാളെ കേൾക്കുവാൻ എനിക്ക് താത്പര്യമുണ്ട് എന്ന് നവംബർ മാസം അദ്ദേഹം കുറിച്ചു.

അപ്പോൾത്തന്നെ ഗുണ്ടർട്ടിന്റെ പ്രവർത്തനങ്ങൾ മൂലം ചില ഫലങ്ങളും ഉളവായി . തീയ്യ സമുദായത്തിൽപ്പെട്ട മന്ദി എന്നൊരു സ്ത്രീ രോഗിയായതിനെത്തുടർന്ന് ഒരു മകളോടൊപ്പം താമസിച്ചുപോന്നു. ഗുണ്ടർട്ട് അവരോട് യേശുക്രിസ്തുവിനെക്കുറിച്ച് വിവരിച്ചപ്പോൾ ദൈവം അവരുടെ ഹൃദയം തുറന്നു. അവർ യേശുവിനെ രക്ഷിതാവായി അംഗീകരിച്ചു. അവരുടെ രോഗവും ഭേദമായി. അവർ പിന്നീട് തന്റെ ഭർത്താവായ ചോയിയെയും വചനം കേൾക്കാനായി ഗുണ്ടർട്ടിന്റെ അടുക്കൽ കൊണ്ടുവന്നു. കുറെനാൾ സുവിശേഷം കേട്ടതിനു ശേഷം അയാൾ ഞാൻ ജീവിതത്തിൽ ഒരിക്കലും പാപം ചെയ്തിട്ടില്ല എന്ന് പറഞ്ഞ് തിരികെപ്പോയി. മന്ദിയുടെ മകൾ മറിയ കർത്താവിനെ വിശ്വസിക്കുകയും പിന്നീട് കണ്ണൂരിലുള്ള തിമൊത്തി ഉപദേശിയുടെ ഭാര്യയായിത്തീരുകയും ചെയ്തു. ശുശ്രൂഷയുടെ ആദ്യഫലമായ മന്ദിയും മറിയയും എതിർപ്പുകളുടെ നടുവിലും ജീവാവസാനത്തോളം കർത്താവിനെ പിന്തുടർന്നു.

അഞ്ചരക്കണ്ടിയിൽ സുവിശേഷത്തോട് താത്പര്യം പ്രകടിപ്പിച്ച ഒരു കുടുംബത്തെ ഗുണ്ടർട്ട് തലശേരിയിലേക്ക് കൂട്ടിക്കൊണ്ടുവന്ന് സുവിശേഷം പങ്കുവച്ചു. അക്കൂട്ടത്തിൽ കണ്ടപ്പൻ എന്ന വ്യ

ക്തിയൊഴികെ ബാക്കിയെല്ലാവരും തിരികെപ്പോയി. കണ്ടപ്പൻ സ്നാനമേറ്റ് യോസേഫ് എന്ന നാമം സ്വീകരിക്കുകയും കർത്താവിനു പ്രയോജനമുള്ള ഒരു വേലക്കാരനായിത്തീരുകയും ചെയ്തു. മറ്റുള്ളവരുടെ മടങ്ങിപ്പോക്കിൽ നിരാശപ്പെട്ടിരുന്ന ഗുണ്ടർട്ടിന് യോസേഫിന്റെ മാനസാന്തരം വളരെ ആശ്വാസമായിരുന്നു. പ്രതിസന്ധികൾക്കിടയിലും അഞ്ചരക്കണ്ടിയിലെ വേല തുടർന്നു. അതിന്റെ ഫലമായി 16 പേരെ അഞ്ചരക്കണ്ടിയിൽ സ്നാനപ്പെടുത്തി.

ഇവിടെ എടുത്തു പറയേണ്ട മറ്റൊരു വ്യക്തി ഗുണ്ടർട്ടിനെ മലയാള, സംസ്കൃതഭാഷകളും വൈദ്യവും പഠിപ്പിക്കാനെത്തിയ കുഞ്ഞിക്കണ്ണൻ ഗുരുനാഥനാണ്. ചൊക്ലി സ്വദേശിയായിരുന്ന കുഞ്ഞിക്കണ്ണൻ, ഊരാച്ചേരി ഗുരുനാഥന്മാർ എന്ന പേരിൽ പ്രശസ്തരായിരുന്ന പണ്ഡിതസഹോദരങ്ങളിൽ ഏറ്റവും മൂത്ത വ്യക്തിയായിരുന്നു. ഭാഷയിലും വൈദ്യത്തിലും അതീവപ്രാവീണ്യം ഉണ്ടായിരുന്ന കുഞ്ഞിക്കണ്ണൻ വൈദ്യനുമായി ഗുണ്ടർട്ട് അടുത്തിടപഴകി വന്നു. വൃദ്ധനായ ദാർശനികൻ എന്നാണ് ഗുണ്ടർട്ട് ഇദ്ദേഹത്തെക്കുറിച്ച് ബഹുമാന പുരസരം കുറിച്ചിരിക്കുന്നത്. ഗുണ്ടർട്ടിൽ നിന്നും സുവിശേഷം കേട്ട് ഗുരുനാഥൻ ക്രിസ്തീയമാർഗത്തെപ്പോലെ രക്ഷയ്ക്കായി ഉതകുന്ന മറ്റൊരു മാർഗമില്ല എന്ന് സമ്മതിച്ചെങ്കിലും സ്നാനപ്പെടുവാൻ തയാറല്ലായിരുന്നു. അദ്ദേഹത്തിന്റെ മകൻ സുവിശേഷത്തോട് താത്പര്യം കാട്ടിയെങ്കിലും സ്നാനമേൽക്കുന്നതിനു മുമ്പെ ഗുണ്ടർട്ടിനെ വിട്ടുപോയി. ഗുണ്ടർട്ടിന് ഭാഷാപഠനത്തിലും, തുടങ്ങിവച്ച സ്കൂളുകളുടെ പ്രവർത്തനങ്ങളിലും ഒക്കെ ഈ വൃദ്ധനായ ദാർശനികനുമായുള്ള ബന്ധം നിർണ്ണായകമായിരുന്നു.

ഗുണ്ടർട്ടിന്റെ ശുശ്രൂഷയുടെ ഫലമായി നിരവധി പേർ ക്രിസ്തുവിനെ അറിഞ്ഞെങ്കിലും, പലരും തങ്ങളുടെ മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കാതിരുന്നത്, തന്നെ വളരെയധികം ദു:ഖിതനാക്കി. ഒരിക്കൽ അദ്ദേഹം ഇങ്ങനെയെഴുതി: സ്നാനപ്പെട്ടവരിൽ മിക്കപേരും ക്രേത്യരെപ്പോലെ കള്ളന്മാരും ദുഷ്ടജന്തുക്കളും അത്രേ. എന്നെ എതിർക്കുന്ന അക്രൈസ്തവരുടെ അവിശ്വാസത്തേക്കാൾ ക്രിസ്ത്യാനികൾ എന്ന് പേർ ധരിക്കുന്ന ഇക്കൂട്ടരുടെ മന്ദതയും ദുർന്നടപ്പും എന്നെ വല്ലാതെ അസഹ്യപ്പെടുത്തുന്നു. ഈ ഒരൊറ്റവരിയിൽ നിന്നും അദ്ദേഹത്തിന്റെ മനോവേദന എത്രമാത്രം ആഴമേറിയതായിരുന്നുവെന്ന് മനസിലാക്കാം.

എന്നാൽ ഗുണ്ടർട്ട് വിതച്ച വിത്തുകളിൽ ചിലത് നല്ലനിലത്തു വീണു അത്തരത്തിലുള്ള ഒരു മാനസാന്തരമായിരുന്നു മന്നന്റേത്. അഞ്ചരക്കണ്ടിയിലെ സ്കൂൾ, ചില സാഹചര്യങ്ങളാൽ നിന്നുപോകാനിടവന്നപ്പോൾ അവിടുള്ള മീൻപിടുത്തക്കാരുടെ കുട്ടികൾക്കായി ഒരു സ്കൂൾ ആരംഭിച്ചാൽ താൻ അവിടെ അദ്ധ്യാപകനായി ജോലി ചെയ്തുകൊള്ളാം എന്ന വാഗ്ദാനവുമായി എത്തിയതായിരുന്നു മന്നൻ. അദ്ദേഹത്തിന്റെ കുടുംബവും പരമ്പരാഗതമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരെങ്കിലും മന്നന്റെ പിതാവിന്റെ കാലം മുതൽ അവർ വൈദ്യവൃത്തിയിലേർപ്പെട്ടുപോന്നു. സംസ്കൃതശാസ്ത്രഗ്രന്ഥങ്ങളിൽ നൈപുണ്യമുണ്ടായിരുന്ന അദ്ദേഹം പലതരം പൂജകൾ ചെയ്തുപോന്നിരുന്നു. അതുമുഖാന്തരം അദ്ദേഹത്തിന് ജാതിമതഭേദമെന്യേ എല്ലാ തലത്തിലുമുള്ള വ്യക്തികളുമായി ബന്ധം പുലർത്താനായി. എന്നാൽ തന്റെ വ്യക്തിജീവിതത്തിൽ തീരെ മന:ശാന്തിയില്ലാതെ മന്നൻ അസ്വസ്ഥനായിരുന്നു. അങ്ങനെയിരിക്കെയാണ് ഗുണ്ടർട്ടുമായി പരിചയപ്പെടുന്നതും സുവിശേഷം കേൾക്കുന്നതും. ആദ്യമൊക്കെ അദ്ദേഹം ഗുണ്ടർട്ടുമായി തർക്കങ്ങളിലും സംവാദങ്ങളിലും ഏർപ്പെട്ടുപോന്നു. എന്നാൽ വൈകാതെ സുവിശേഷസത്യം ഗ്രഹിച്ച മന്നൻ തന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു. ക്രിസ്ത്യാനിയായ മന്നൻ, പോൾചന്ദ്രൻ എന്ന പേർ സ്വീകരിച്ചു. വളരെ സാക്ഷ്യം പുലർത്തിയ അദ്ദേഹവുമായി ഗുണ്ടർട്ട് ഉത്തമസൗഹൃദത്തിലായി. ഗുണ്ടർട്ട് ജർമനിയിലേയ്ക്ക് മടങ്ങിയശേഷം പോൾചന്ദ്രന്റെ മകൻ ഫിലിപ്പിനെ ബാസലിലേയ്ക്ക് തുടർവിദ്യാഭ്യാസത്തിനായി കൊണ്ടുപോയി. എന്നാൽ 1865 ൽ ഫിലിപ്പ് അവിടെ വെച്ച് മരണപ്പെട്ടു. പോൾചന്ദ്രന്റെ ജീവിതകഥ 1866ൽ ഗുണ്ടർട്ട് ജർമൻ ഭാഷയിൽ പ്രസിദ്ധപ്പെടുത്തി.

ഗുണ്ടർട്ടിന്റെ സുവിശേഷപ്രവർത്തനങ്ങളുടെ ചെറിയ ഒരു വിവരണം മാത്രമാണിവിടെ ചേർത്തിരിക്കുന്നത്.സുവിശേഷം പങ്കുവെക്കുവാനും നിരവധിപ്പേരെ ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുവാനും അദ്ദേഹത്തിനായി. തന്നെ രക്ഷിച്ച ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവരോട് പങ്കുവയ്ക്കുന്നതിൽ എന്നും ഉത്സുകനായിരുന്നു. ലോകപ്രകാരം എന്തൊക്കെ നേടിയാലും ക്രിസ്തുവിനായി ചെയ്തത് മാത്രമേ നിലനിൽക്കുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. എന്തായാലും നമുക്കേവർക്കും മാതൃകയാക്കാനുതകുന്ന ഉത്തമജീവിതദൃഷ്ടാന്തമാണ് ഗുണ്ടർട്ടിന്റേത്.

നാം എന്നാണ് അവസാനമായി മറ്റൊരാൾക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തിക്കൊടുത്തത്? സുവിശേഷദീപമേന്താൻ നാം തയാറാണോ? യേശുവിനെ അറിയാത്ത കോടിക്കണക്കിന് ആളുകൾ നമ്മുടെ രാജ്യത്തുണ്ട്! അവർ നശിച്ചുപോകുന്നതിനെയോർത്ത് നമ്മുടെ ഉള്ളം അസ്വസ്ഥമാകുന്നുണ്ടോ?

●



ജെസ്സി സാജു



# കുടുംബാന്തരീക്ഷത്തെ ഊഷ്മളമാക്കുവാൻ ...

കുടുംബബന്ധം എന്നു പറയുമ്പോൾ അത് ഭാര്യാഭർത്താക്കന്മാർ തമ്മിൽ മാത്രമുള്ള ബന്ധമല്ലല്ലോ. ഭാരതീയ പശ്ചാത്തലത്തിൽ പ്രത്യേകിച്ച് വിവാഹിതരാകുന്നവർ ഭാര്യയും ഭർത്താവും വിവാഹശേഷം ഭർത്താവിന്റെ മാതാപിതാക്കളോടു ചേർന്നു ജീവിക്കുന്നതാണ് പൊതുവേ നാം കണ്ടുവരുന്നത്. നമ്മുടെ സാംസ്കാരിക പശ്ചാത്തലത്തിൽ അതു വളരെ സാധാരണവുമാണ്. ചിലപ്പോഴൊക്കെ ഭർത്താവിന്റെ വീട്ടിൽ ഭർത്താവിന്റെ സഹോദരങ്ങളും കണ്ടേക്കാം. ഇതുവരെ സ്വന്തം അപ്പന്റെയും അമ്മയുടെയും സഹോദരങ്ങളുടെയും പരിലാളനയിൽ കഴിഞ്ഞിരുന്ന പെൺകുട്ടി, വിവാഹത്തോടെ പുതിയ ഒരു സാഹചര്യത്തിലേക്ക് എത്തിച്ചേരുന്നു. ഭർത്താവിനെ മാത്രമല്ല അവൾക്ക് കിട്ടിയത്, അമ്മായിയപ്പനെ, അമ്മായിഅമ്മയെ, നാത്തൂന്മാരെ, ഭർതൃ സഹോദരന്മാരെയും സഹോദരിമാരെയും.....

അവളുടെ സ്വന്തം വീട്ടിൽ കിട്ടിയ പരിലാളനയും പരിഗണനയും അവൾക്ക് ഭർത്താവിന്റെ വീട്ടിൽ നിന്ന് ലഭിക്കുക അത്ര സാധാരണമല്ലല്ലോ. അമ്മ സ്നേഹിച്ചതുപോലെ അമ്മായിയമ്മ സ്നേഹിക്കുക എന്നതും അത്ര സ്വാഭാവികമല്ല. സ്വന്തം സഹോദരങ്ങൾ എന്നപോലെ നാത്തൂന്മാർ സ്നേഹിക്കുന്നതും നമുക്ക് സാധാരണയായി പ്രതീക്ഷിക്കാൻ കഴിയില്ലല്ലോ. 'ഇൻലോസ് ബന്ധങ്ങളിൽ ഏറ്റവും സെൻസിറ്റീവ് ആയുള്ള ബന്ധം അമ്മായിയമ്മ മരുമകൾ ബന്ധം തന്നെയാണെന്ന് ആരും പറയും. വളരെ വളരെ സൂക്ഷിച്ചില്ലെങ്കിൽ ഉടഞ്ഞു പോകാൻ സാധ്യതയുള്ള ( fragile )ഒരു ബന്ധം. ഈ ബന്ധത്തെപ്പറ്റി തന്നെയാകട്ടെ ഈ ലക്കത്തിലെ പഠനം!

വിവാഹത്തോടെ ഭാര്യയും ഭർത്താവും ഒരു യൂണിറ്റായി മാറുകയാണ് എന്ന് നമുക്കറിയാം. 'പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും, അവർ ഏകദേഹമായി ത്തീരും'(ഉല്പത്തി 2:24)എന്ന് തിരുവെഴുത്തു പറയുന്നു. ഇത് പുരുഷന്റെ മാതാപിതാക്കൾ മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. തന്റെ മകനെയും അവൻ വിവാഹം കഴിച്ചു കൊണ്ടുവന്ന ഭാര്യയെയും യോജിപ്പിച്ചത് ദൈവമാണെന്നും അതിനാൽ അവരുടെ യൂണിറ്റിലേക്കു കടന്നുകയറ്റം നടത്താനുള്ള അവകാശം തങ്ങൾക്കില്ലെന്നും പുരുഷന്റെ മാതാപിതാക്കൾ പ്രത്യേകിച്ച് പുരുഷന്റെ അമ്മ മനസ്സിലാക്കണം.

തങ്ങളുടെ മകനും അവന്റെ ഭാര്യയും ദൈവം യോജിപ്പിച്ച ഒരു കുടുംബ യൂണിറ്റാണെന്നും ആ യൂണിറ്റിൽ തീരുമാനമെടുക്കേണ്ടത് പുതിയ യൂണിറ്റിന്റെ തലയായ തങ്ങളുടെ മകൻ ആണെന്നും പല അമ്മായിയപ്പൻ അമ്മായിയമ്മമാരും മനസ്സിലാക്കുന്നില്ല. ഏതു ചെറിയ കാര്യത്തിനും ഒരു തീരുമാനമെടുക്കാൻ വിവാഹിതനായ മകനെ ചിലർ അനുവദിക്കുകയില്ലെന്നു മാത്രമല്ല, ഏതെങ്കിലും കാര്യത്തിൽ മകനൊരു തീരുമാനമെടുത്തു പോയാൽ അത് അവന്റെ ഭാര്യയുടെ സ്വാധീനമാണെന്നും അവൻ ഒരു പെൺകോന്തൻ ആണെന്നും ഒക്കെ അക്രോശിച്ചു പറഞ്ഞുകളയും. വിവാഹിതരായ മക്കൾ മറ്റൊരു യൂണിറ്റ് ആണെന്നും അത് അങ്ങനെ ആക്കിയത് ദൈവമാണെന്നും അമ്മായിയമ്മമാർ മനസ്സിലാക്കട്ടെ.

സ്ത്രീയുടെ കാര്യത്തിലുമുണ്ട് ഇതുപോലെ ഓർത്തിരിക്കേണ്ട കാര്യം. 'അല്ലയോ കുമാരി, കേൾക്കുക, നോക്കുക, ചെവി ചായ്ക്കുക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക. അപ്പോൾ

രാജാവ് നിന്റെ സൗന്ദര്യം ആഗ്രഹിക്കും (സങ്കീർത്തനം 45:10,11). മകളെ വിവാഹം കഴിപ്പിച്ചയച്ചാൽ പിന്നീട് അവളുടെ ജീവിതത്തിൽ എല്ലാറ്റിനും ഏറ്റുപിടിക്കാൻ മകളുടെ മാതാപിതാക്കളും പുറകെ നടക്കരുത്. അവരുമായി സഹകരിക്കാം, സഹായിക്കാം. എന്നാൽ അതിനപ്പുറം അവളുടെ ഭർത്താവിന്റെ വീട്ടുകാരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാനും അതുപറഞ്ഞ് അവളുടെ പറ്റുമാനം നിലനിറുത്താനും സ്ത്രീയുടെ മാതാപിതാക്കൾ പരിശ്രമിക്കരുത്.

അമ്മായിയപ്പന്മാർ മനസ്സിലാക്കുക. നിങ്ങളുടെ മരുമകളെ ദൈവം നിങ്ങൾക്ക് ദാനമായി തന്നതാണ്. പകരം നിങ്ങളുടെ മകൾ മറ്റൊരു ഭവനത്തിലേക്ക് പോകാനുള്ളവളാണ്. നിങ്ങളുടെ കൂടെ നിൽക്കാൻ നിങ്ങൾക്കുള്ളത് നിങ്ങളുടെ മരുമകളാണ്. അതായത് നിങ്ങളുടെ മരുമകളാണ് നിങ്ങളുടെ മകൾ. മരുമകളെ സ്നേഹിക്കുവാനും കരുതുവാനും ഓരോ അമ്മായിയമ്മയും പഠിക്കണം. അവളുടെ അപ്പനും അമ്മയും സഹോദരങ്ങളും അവളോടൊപ്പം ഇല്ല. അവളോടൊപ്പമുള്ളത് നിങ്ങളാണ്. അവൾക്ക് നിങ്ങൾ അമ്മയായിരിക്കണം. അവളുടെ കുറ്റങ്ങൾ കണ്ടുപിടിക്കാനല്ല, അവളുടെ നന്മകൾ വെളിപ്പെടുത്താനാവണം നിങ്ങൾ ഉത്സാഹിക്കേണ്ടത്. അവർ നിങ്ങൾക്ക് ചെയ്യുന്ന ഉപകാരങ്ങൾക്ക് നന്ദി പറയാനും അവരിലെ നന്മയെ അഭിനന്ദിക്കാനുമൊക്കെ അമ്മായിയമ്മമാർ ഒന്നു തയ്യാറാകൂ. ഇങ്ങനെ ചെയ്താൽ കുടുംബാന്തരീക്ഷം വളരെ ഊഷ്മളമായിരിക്കും.

പ്രായമായവരെ അറിയുക എന്ന് 2021 ഫെബ്രുവരി നേർവീഥിയിലെ ലേഖനം വായിച്ചു കഴിഞ്ഞപ്പോൾ ചില യുവതികൾ പ്രതികരിച്ചത് ഞാൻ ഓർക്കുന്നു. പൊന്നുകൊണ്ടു പുളിശ്ശേരി ഉണ്ടാക്കിക്കൊടുത്താലും ഞങ്ങളുടെ അമ്മയുടെ വായിൽ നിന്ന് വരുന്നത് കേട്ടാൽ പിന്നൊന്നും ചെയ്തുകൊടുക്കാൻ തോന്നത്തില്ല: മറ്റൊരു യുവതി പറഞ്ഞത്: ചങ്ക് പിളർന്നു കാണിച്ചാലും ഇവർക്ക് കുറ്റമല്ലാതെ മറ്റൊന്നും കാണാൻ കണ്ണില്ല! മകളുടെ കുറവുകൾ കണ്ടില്ലെന്നു നടിക്കുന്ന പല അമ്മായിയമ്മമാർക്കും മരുമക്കളുടെ കുറവുകൾ കൊട്ടിഘോഷിക്കാൻ ഒരു പ്രത്യേക വിരുതാണ്!

അമ്മായിയമ്മ മരുമകൾ ബന്ധത്തിന്റെ ഉത്തമ ഉദാഹരണമാണല്ലോ നവോമി രൂത്ത് ബന്ധം! നമ്മൾ പലപ്പോഴും രൂത്തിന്റെ സ്വഭാവവിശേഷണങ്ങളെപ്പറ്റി പറയാറുണ്ട്. എന്നാൽ നവോമിയുടെ കാര്യം ഒന്ന് ആലോചിച്ചു നോക്കൂ. മക്കൾ മരിച്ച ശേഷം നവോമി മരുമക്കളോട് എത്ര സ്നേഹത്തോടെ ഇടപെട്ടു എന്നത് നാം കാണുമ്പോൾ, മക്കൾ ജീവിച്ചിരുന്നപ്പോഴും അവൾ മരുമക്കളെ മക്കളെപ്പോലെ തന്നെ സ്നേഹിച്ചു എന്ന് വേണം കരുതാൻ. മരിച്ചവരോടും എന്നോടും നിങ്ങൾ ചെയ്തതുപോലെ യഹോവ നിങ്ങളോട് ദയ ചെയ്യുമാറാകട്ടെ എന്നാണ് നവോമി പറയുന്നത് (രൂത്ത് 1 :8). അവർ ഇരുവരും പറയുന്നത് ഞങ്ങളും നിന്നോടുകൂടെ നിന്റെ ജനത്തിന്റെ അടുക്കൽ പോരുന്നു (രൂത്ത് 1:10) എന്നാണ്! പോരെടുക്കുന്ന ഒരു അമ്മായിയമ്മ ആയിരുന്നു നവോമി എങ്കിൽ മരുമക്കൾ അങ്ങനെ പറയുമോ?

ഓർപ്പ, ഒടുവിൽ പിരിയുന്നുവെങ്കിലും പൊട്ടിക്കരഞ്ഞ് അമ്മായിയമ്മയെ ചുംബിച്ചാണ് പിരിയുന്നത് (രൂത്ത് 1:14). രൂത്താകട്ടെ മരിക്കുംവരെ ഞാൻ നിന്നെ വിട്ടു പിരികയില്ല എന്നാണ് പറയുന്നത് (രൂത്ത് 1:17).രൂത്തുമായി ബേത്ലഹേമിൽ മടങ്ങിയെത്തിയ നവോമിയുടെ ചിന്ത രൂത്തിന്റെ ഭാവിയെക്കുറിച്ചുള്ളതായിരുന്നു (രൂത്ത് 3:1). മകൻ മരിച്ചിട്ടും മരുമകളെപ്പറ്റി ഇത്ര കരുതലുള്ള ഒരു അമ്മായിയമ്മ! അമ്മായിയമ്മമാരെ, നിങ്ങളുടെ മരുമക്കളോടുള്ള മനോഭാവവും ഇടപെടലും ഇതുപോലെയോ? മരുമക്കളേ, നിങ്ങളുടെ അമ്മായിയമ്മമാരോട് നിങ്ങൾക്കുള്ള മനോഭാവം രൂത്തിന്റെതു പോലെയുള്ളതോ?

ക്രിസ്തീയ കുടുംബത്തിൽ, നാം എല്ലാവരും ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴടങ്ങുന്നവർ ആയിരിക്കണം (എഫെസ്യർ 5:21). അന്യോന്യം ഭയപ്പെടുന്നവർ അല്ല, ക്രിസ്തുവിനെ ഭയപ്പെടുന്നവർ! അതെ, അമ്മായിയമ്മയും മരുമക്കളും വീട്ടിലെല്ലാവരും ഒരു കാര്യം മനസ്സിലാക്കണം. നാം എല്ലാവരും ക്രിസ്തുവിന്റെ സാന്നിധ്യത്തിലാണ്, അവിടുന്ന് എല്ലാം കാണുന്നു, എല്ലാം അറിയുന്നു, എല്ലാവരും അവിടുത്തെ അധികാരത്തിൻ കീഴിലാണ്! അവിടുത്തെ ഭയത്തിൽ നാം അന്യോന്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണുകയും വേണം. ക്രിസ്തുവിനെ ഭയപ്പെടുക, മറ്റുള്ളവരെ ചേർത്തു നിർത്തുക. അന്യോന്യം ബഹുമാനിക്കുക!

മരുമകൾ അമ്മായിയമ്മയെയും അമ്മായിഅമ്മ മരുമകളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. ഭവനത്തിൽ യേശു ഉണ്ടെങ്കിൽ അവിടുത്തെ സാന്നിധ്യം നമുക്ക് ഒരു യാഥാർഥ്യമാകുകയാണെങ്കിൽ തമ്മിൽ തമ്മിലുള്ള എല്ലാ പൊരുത്തക്കേടുകളും ഭയവും തീരും. ക്രിസ്തുവിന്റെ ഭയത്തിൽ നാം അന്യോന്യം കീഴ്പ്പെട്ട് ജീവിക്കും. അവിടെ സ്നേഹം കവിഞ്ഞൊഴുകും. അങ്ങനെ കുടുംബം സ്വർഗ്ഗമായിത്തീരും. അതിന് പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ●



രാജു അത്താണിക്കൽ

# ആത്മികജീവിത വിജയത്തിന്

ഇന്നത്തെ ആത്മീയലോകം വളരെ തിരക്കേറിയ ഒരു മേഖലയാണ്. ഭക്തന്മാരിൽ അനേകർ അവരുടെ ഓട്ടം തികച്ച് തിരശീലയ്ക്കുള്ളിൽ പ്രവേശിച്ചു. മറ്റനേകർ വളരെ പ്രതിസന്ധികൾ സഹിച്ചു ഞെരുക്കവഴിയിലൂടെ തങ്ങളുടെ ആത്മീയജീവിതം പ്രത്യാശയോടെ നയിക്കുന്നവരാണ്. ലോകം, ശാസ്ത്രീയമായും ബൗദ്ധികമായും പുരോഗമിച്ചു എങ്കിലും, ആത്മികമായി പലരും ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കായ്കയാൽ വിശ്വാസത്യാഗത്തിലേക്കും അനാത്മികതയിലേക്കും അധഃപ്പതിച്ചു പോയിരിക്കുന്നു. ഇതിനു കാരണമായി അനേക വിഷയങ്ങൾ ചിന്തിക്കുവാനുണ്ടെങ്കിലും വിസ്താരഭയത്താൽ ഏതാനും ചില കാര്യങ്ങൾ മാത്രം കുറിക്കുന്നു.

**1. പ്രശംസ.**

ആത്മീയയാത്രയ്ക്ക് തടസ്സം നിൽക്കുന്ന ഒരു പ്രധാന ഘടകമാണ് മറ്റുള്ളവർ പറഞ്ഞു കേൾക്കുന്ന പ്രശംസ. അത് ഇഷ്ടപ്പെടാത്തവർ വളരെ വിരളവുമാണ്. പുറമേ കാണുവാൻ കഴിയുന്നില്ലെങ്കിലും ഈ മനോഭാവം ഒരു നിശബ്ദ കൊലയാളിയാണ്. മല്ലനായ ഗോല്യാത്തിനെ ജയിച്ച ശേഷം മടങ്ങി വരുമ്പോൾ ഇസ്രായേൽ പട്ടണങ്ങളിൽ നിന്ന് കന്യകമാരും കുട്ടികളുമടക്കം തപ്പും തംബുരുവുമായി ശൗൽ ആയിരത്തെക്കൊന്നു, ദാവീദോ പതിനായിരത്തെ കൊന്നു എന്ന് ഏറ്റുപാടിക്കൊണ്ട് രാജാവായ ശൗലിനെ എതിരേറ്റു ചെന്നു. പ്രശംസ ആഗ്രഹിച്ചു കാത്തിരുന്ന ശൗലിന്, മറ്റുള്ളവർ ദാവീദിനെ പ്രശംസിക്കുന്നത് കേട്ടപ്പോൾ കോപം ഉണ്ടാവുകയും, അത് കയ്പ്പും വിദ്വേഷവും ആയി മാറുകയും ഒടുവിൽ ദുരാത്മാവിന് താൻ അടിമപ്പെടുകയും ചെയ്തു (1 ശമുവേൽ : 18,6,7). ഇവിടെ മറ്റുള്ളവർ തന്നെ പുകഴ്ത്തണം എന്ന ആഗ്രഹമാണ് ശൗലിന്റെ സിംഹാസനത്തിൽ നിന്നുള്ള വീഴ്ചയ്ക്ക് കാരണമായത്.

മറ്റൊരു ഉദാഹരണം ദാനിയേൽ 4:30 ൽ കാണുന്നു. തന്റെ രാജധാനിയെ നോക്കി സ്വയം പ്രശംസിച്ച് രസിക്കുന്ന നെബൂക്കദ്നേസർ രാജാവ്; 'ഇത് ഞാൻ എന്റെ ധനമാഹത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിനായിട്ടു രാജധാനിയായ പണിത മഹതിയാം ബാബേൽ അല്ലയോ എന്ന് പറഞ്ഞു. ദൈവത്തിനു മഹത്വം കൊടുക്കാതെ സ്വയം അത് ഏറ്റെടുത്തതിനാൽ ദൈവിക ന്യായവിധി വരികയും, ഭൂമിയിലെ മൃഗത്തെപ്പോലെ ആവുകയും ചെയ്തു. അതായത് കാളയെപ്പോലെ 7 വർഷം കാട്ടിൽ പുല്ലു തിന്നേണ്ടി വന്നു.

ധനസമൃദ്ധിയുള്ളവരാണ് പലപ്പോഴും പരസ്യമായി പ്രശംസിക്കപ്പെടാറുള്ളത്. സ്വന്തം സമ്പാദ്യത്തിൽ സ്വയം പ്രശംസിക്കുന്നവരും, സമ്പത്തിൽ കണ്ണ് വച്ച് മറ്റുള്ളവരാൽ പ്രശംസിക്കപ്പെടുന്നതും പലപ്പോഴും നാം കണ്ടിട്ടുണ്ടാവുമല്ലോ. നമ്മുടെ

വാഴ്ത്തപ്പെട്ട മശിഹാതമ്പുരാൻ; തിന്നുക, കുടിക്കുക, ആനന്ദിക്കുക, എന്നു പറഞ്ഞ് തന്റെ സ്വന്തം സമ്പാദ്യത്തിൽ പ്രശംസിച്ച ധനവാനോടു നേരിട്ട് പറഞ്ഞത്: നിന്റെ പ്രാണനെ ഇന്ന് നിന്നോട് ചോദിച്ചാൽ നിന്റെ സമ്പാദ്യങ്ങൾ ആർ അനുഭവിക്കും (ലൂക്കോസ്12:17) എന്നത് വളരെ ചിന്തനീയമാണ്. ദൈവവിഷയമായി സമ്പന്നരാകാത്തവരുടെ ഗതി ഇങ്ങനെ ആകും. സമ്പാദ്യത്തിലും സൗന്ദര്യത്തിലും ആശ്രയംവെച്ച് ജീവിതം നയിച്ച ജ്ഞാനിയായ ശലോമോൻ ജീവിതാവസാനത്തിങ്കൽ സകലതും മായ, അതായത് അർത്ഥശൂന്യം എന്ന് തിരിച്ചറിഞ്ഞു. അതു കൊണ്ടായിരിക്കുമല്ലോ യൗവനകാലത്തു നിന്റെ സൃഷ്ടാവിനെ ഓർത്തുകൊള്ളുക എന്ന് താൻ പ്രബോധിപ്പിക്കുന്നത്.

എന്നാൽ തികച്ചും വ്യത്യസ്തമായ അനുഭവത്തിൽ ശ്രേഷ്ഠനായ പൗലോസിനെ നമുക്ക് കാണാം. നശിച്ചു പോകുന്ന ഒന്നിലും പ്രശംസിക്കാതെ ക്രൂശിലും, ക്രൂശിക്കപ്പെട്ട ക്രിസ്തുവിലും, തന്റെ സ്വന്തം ബലഹീനതയിലും പ്രശംസിക്കുന്ന ഒരു ഭക്തനെ (2 കൊരിന്ത്യർ 12: 29 ). ആയതിനാൽ താൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു.

**2. ആയുധം നഷ്ടമാക്കുന്നവർ**

തിരുവചനം പരിശോധിച്ചാൽ ആത്മീയമണ്ഡലം ഒരു യുദ്ധക്കളം ആണെന്നും ജയിക്കുന്നവർക്ക് അവകാശം ഉണ്ടെന്നും ഗ്രഹിക്കാവുന്നതാണ്. ഇസ്രായേലിൽ ആദ്യത്തെ രാജാവായി, ശൗലിനെ പ്രവാചകനായ ശമുവേൽ അഭിഷേകം ചെയ്തു. എന്നാൽ ലഭിച്ച അധികാരം അവൻ വ്യർത്ഥമാക്കിക്കളഞ്ഞു. ശൗലിന്റെ അഭിഷേകം ഇല്ലാത്ത പരിച, ഗിൽബോവ പർവ്വതത്തിൽ എറിഞ്ഞു കളഞ്ഞത് പോലെ (2 ശമുവേൽ 1:21) തങ്ങളുടെ ആത്മിക ആയുധങ്ങൾ പ്രയോജനപ്പെടുത്താത്തവർ ശത്രുവിന്റെ മുമ്പിൽ വീണു പോകും. ശൗലിന്റെ അതിക്രമം ഹേതുവായും യഹോവയുടെ വചനം അവൻ പ്രമാണിക്കാതിരുന്നതിനാലും, വെളിച്ചപ്പാടത്തിയോട് അരുളപ്പാടു ചോദിക്കയാലും മരിക്കേണ്ടി വന്നു (1 ദിനവൃത്താന്തം 10:10).

വീണ്ടും ദൈവവചനം ശ്രദ്ധിച്ചാൽ സ്ത്രീസൗന്ദര്യത്തിൽ അടിമപ്പെട്ടു തന്റെ സമർപ്പണം നഷ്ടമാക്കിയ ശിംശോൻ ഫെലിസ്ത്യരുടെ അടിമയായി മരണം വരെ ജീവിക്കേണ്ടിവന്നു. തന്റെ മേൽ ദൈവം നൽകിയ അത്യന്തശക്തി സാഹചര്യങ്ങളുടെ മുമ്പിൽ പ്രയോജനപ്പെടുത്താതെ വ്യർത്ഥമാക്കിക്കളഞ്ഞു. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം യഥാസമയം ഉപയോഗിക്കുവാനുള്ള തിരിച്ചറിവ് എല്ലാ ദൈവമക്കൾക്കും ഉണ്ടായിരിക്കേണ്ടതാണ്. കാരണം, നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടാണല്ലോ (എഫെസ്യർ 6:10 - 17).

**3. പരിജ്ഞാനം ഇല്ലായ്കയാൽ**

പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു(ഹോശേയ 4:6).ഇന്നത്തെ പെന്തക്കോസ്ത് സമൂഹത്തെ ചൂണ്ടി ആരെങ്കിലും ഈ വചനം പ്രബോധിപ്പിച്ചാൽ അതിശയിക്കാനില്ല! ദാവീദിന്റെ കാലത്ത് മൂന്നു വർഷം മഞ്ഞും മഴയും ലഭിക്കാതെ ക്ഷാമത്താൽ ജനങ്ങൾ പൊറുതി മുട്ടിയത് ശൗലിന്റെ പരിജ്ഞാനം ഇല്ലായ്മ കൊണ്ടായിരുന്നു (2 ശമുവേൽ 21:1). യോശുവ ഗിബെയോന്യരോടു ചെയ്ത ഉടമ്പടി ലംഘിച്ചു കൊണ്ട് അവരെ കൊന്നു കളഞ്ഞതാണ് ശൗൽ കാണിച്ച പരിജ്ഞാനമില്ലായ്മ. കൂടാതെ ശൗലിനെ ഭയപ്പെട്ടു ഒളിവിൽ ആയിരുന്ന ദാവീദ്, പുരോഹിതനായിരുന്നഅഹീമെലോക്കിനോട് ഗോല്യാത്തിന്റെ വാൾ ചോദിക്കുമ്പോൾ, ദോവേഗ് എന്ന ശൗലിന്റെ ഭൃത്യനെ അവിടെ അടച്ചിട്ടിരുന്നു.ശൗലിനെ ദോവേഗ് വിവരം അറിയിക്കുകയും ഏഫോദ് ധരിച്ച 85 പുരോഹിതന്മാരുടെ മരണത്തിന് ഇടയാവുകയും ചെയ്തു (1 ശമുവേൽ 22: 22). അഭിഷിക്തനായിരുന്ന ദാവീദ്, ദോവേഗിനെ കണ്ടപ്പോൾ പരിജ്ഞാനത്തോടെ, ദോവേഗ് കേൾക്കാതെ അഹീമെലോക്കിനോട് രഹസ്യമായി നാവിനു കടിഞ്ഞാണിട്ട് സംസാരിച്ചിരുന്നു എങ്കിൽ ഈ ദുരന്തം സംഭവിക്കുക ഇല്ലായിരുന്നു.

ഇതുപോലെ വിവിധങ്ങളായ കഷ്ടങ്ങളും ബുദ്ധിമുട്ടുകളും പരിജ്ഞാനം ഇല്ലായ്കയാൽ ഇന്നത്തെ ആത്മീയ കൂടിവരവുകളിൽ സംഭവിക്കുന്നു. എബ്രായർ 6:1, 2 വാക്യങ്ങൾ ശ്രദ്ധിച്ചാൽ അപ്പോസ്തലൻ ഇന്നത്തെ ആത്മീയനിലവാരം അറിഞ്ഞു സംസാരിക്കുന്നതുപോലെ തോന്നും. പലരും പരിജ്ഞാനപൂർത്തിയിലേക്ക് പോകാതെ ഇന്നും പലതിലും അടിമപ്പെട്ടു കുടുങ്ങിക്കിടക്കുന്നു. കിസ്തുവിന്റെ ദിവ്യസ്വഭാവത്തിന്റെ പൂർണ്ണതയുടെ അറിവാണ് ഈ പരിജ്ഞാനം. വിശുദ്ധ പൗലോസ് ഇത് നേടേണ്ടതിന് തനിക്ക് ലാഭമായിരുന്നതെല്ലാം ഉപേക്ഷിക്കേണ്ടിവന്നു. നമ്മെ പൂർണ്ണമായി ദൈവം കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു എന്നത് അത്യത്ഭുതം തന്നെ! (സങ്കീർത്തനങ്ങൾ 139:1 - 6 ). പുതിയ നിയമസഭയ്ക്ക് ആണ് ആത്മാവിനാൽ ഇത് വെളിപ്പെടുത്തിയിരിക്കുന്നത്. ഈ പരിജ്ഞാനം ക്രിസ്തു തന്നെ! ക്രിസ്തുവിനെ നേടുവാൻ ദൈവം നമുക്കെല്ലാവർക്കും കൃപ നൽകുമാറാകട്ടെ. ●



ഡോ. സജികുമാർ കെ. പി.

# കർത്താവിന്റെ മടങ്ങിവരവ് ഈ നാളുകളിൽ തന്നെയോ?

**നോ**ഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിന് മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയും വരെ അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെ ആകും. അന്ന് രണ്ടുപേർ വയലിൽ ഇരിക്കും, ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചു കൊണ്ടിരിക്കും. ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ, ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവ് ഏത് ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ (മത്തായി 24: 37 -42)

നമ്മുടെ കർത്താവിന്റെ മടങ്ങിവരവും സഭയുടെ ഉൽപ്രാപണവും സംബന്ധിച്ച് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ വളരെ വ്യക്തമായും കൃത്യമായും നിറവേറിക്കൊണ്ടിരിക്കുന്ന ഈ അന്ത്യനാളുകളിൽ കർത്താവിന്റെ കാഹളശബ്ദം വാതുക്കൽത്തന്നെ എത്തിനിൽക്കുന്നു. ഇന്നത്തെ ആത്മീയലോകത്തിലേക്കും കാലലക്ഷണങ്ങളിലേക്കും വചനവെളിച്ചത്തിൽ ഒന്ന് കണ്ണോടിച്ചാൽ നമുക്ക് അത് പകൽപോലെ വ്യക്തമാകും. ദൈവവചന വെളിച്ചത്തിൽ കർത്താവിന്റെ വരവിനും അന്ത്യകാലത്തിനും ലക്ഷണമായി ഇന്ന് കാണുന്ന ചില വസ്തുതകൾ നമുക്ക് ഒന്ന് വിലയിരുത്തുവാൻ ശ്രമിക്കാം.

**1. സംഖ്യ കൊണ്ടും മുദ്രകൊണ്ടും ഭരണം നടത്തുന്നതിലേക്കുള്ള തയ്യാറെടുപ്പ്:**

അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരും ആയ എല്ലാവർക്കും വലംകൈ മേലോ നെറ്റിമേലോ മുദ്ര കിട്ടുമാറ് മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവൻ അല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്യുവാൻ വഹിയാതെയും ആകുന്നു (വെളിപ്പാട് 13:16,17)

ഇമിഗ്രേഷനിൽ കൂടി പുറത്തിറങ്ങുന്നതിന് മുമ്പ് യാത്രക്കാർ ഉദ്യോഗസ്ഥന്റെ സമീപം വെച്ചിട്ടുള്ള ക്യാമറയിലേക്ക് കണ്ണുതുറന്നു നോക്കണം എന്നാണ് അനുശാസിക്കപ്പെട്ടിട്ടുള്ളത്. കാരണം ഒരു വ്യക്തിയുടെ നെറ്റിയുടെ താഴെ, കണ്ണിൽ ഒരു മുദ്രയുണ്ട്. ഒരു വ്യക്തിയുടെ കണ്ണിന്റെ മുദ്ര പോലെ അല്ല ലോകത്തിൽ മറ്റാരുടെയും കണ്ണിന്റെ മുദ്ര. കൈവിരലുകളിലെ മുദ്രപോലെ നെറ്റിയുടെ താഴെ കണ്ണിലും നമുക്കെല്ലാം മുദ്രയുണ്ട് എന്നും അത് ബയോമെട്രിക് ഐഡന്റിഫിക്കേഷന്റെ ഭാഗമായി വ്യാപകമായി ഉപയോഗിക്കപ്പെടുന്നു എന്നും നമുക്കറിയാം. വെളിപ്പാട് പുസ്തകം എഴുതപ്പെട്ട കാലത്തേക്കാൾ നൂറുമടങ്ങ് വ്യക്തതയോടെ ഈ സത്യം ഇന്ന് ആർക്കും മനസ്സിലാകും. കാരണം ഒട്ടുമിക്ക ഇന്ത്യക്കാരുടെയും കൈമുദ്ര ഗവൺമെന്റിന്റെ സെർവറിൽ ശേഖരിച്ചു വെച്ചിട്ടുണ്ട്. ഇതിന്റെ പേരാണ് ആധാർ. ബാങ്ക് അക്കൗണ്ട് ഈ ബയോമെട്രിക് ഐഡന്റിഫിക്കേഷനുമായി ബന്ധിപ്പി

ച്ചില്ലെങ്കിൽ ബാങ്കിലെ അക്കൗണ്ട് നിലനിൽക്കില്ല എന്ന നിർദ്ദേശം നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ വിരലിന്റെ മുദ്ര ഏൽപ്പിക്കുമ്പോൾ തന്നെ കമ്പ്യൂട്ടറിൽ നമ്മുടെ സകല വിവരങ്ങളും ഫോട്ടോയും തെളിഞ്ഞുവരുന്ന ക്രമീകരണം ആണിത്. UID എന്നറിയപ്പെടുന്ന ഒരു സംഖ്യയാണ് ആധാർ കാർഡിൽ നൽകിയിരിക്കുന്നത്. ഈ സംഖ്യ വെച്ച് ആണ് ഗവൺമെന്റ് നമ്മെ തിരിച്ചറിയുന്നത്. മൊബൈൽ നമ്പർ, ഗ്യാസ്കണക്ഷൻ, പാൻകാർഡ് എന്നു വേണ്ട, വിൽക്കുവാനും വാങ്ങുവാനും അത്യാവശ്യം വേണ്ടിയ GST വരെ ആധാറുമായി ബന്ധിപ്പിക്കുമ്പോൾ വെളിപ്പാട് 13:16,17 വാക്യങ്ങളിലേക്കുള്ള ലോകത്തിന്റെ തയ്യാറെടുപ്പ് വിശദീകരിക്കാതെ തന്നെ നമുക്ക് മനസ്സിലാകും.

**2. ലോകരാജ്യങ്ങളുടെ അധികാര ധ്രുവീകരണം.**

കർത്താവിന്റെ മടങ്ങിവരവും എതിർ ക്രിസ്തുവിന്റെ വാഴ്ചയും വിശദീകരിക്കുന്ന ഭാഗങ്ങളിൽ അന്ത്യകാല രാഷ്ട്രീയ അധികാര ധ്രുവീകരണത്തെ പറ്റി നാം വായിക്കുന്നുണ്ട്. വെളിപ്പാട് 13: 1 ൽ എതിർക്രിസ്തുവിനെ ചിത്രീകരിക്കുന്ന ഭാഗത്ത് കാണുന്ന 10 കൊമ്പും 10 രാജമുടിയും 10 അധികാരങ്ങളെ കാണിക്കുന്നു. ദാനിയേൽ പ്രവാചകന്, വരുവാനുള്ള ലോക രാഷ്ട്രീയ ഭാവിയെപ്പറ്റി ദാനിയേൽ 2: 31 - 45 വരെയുള്ള വാക്യങ്ങളിൽ ദൈവം വെളിപ്പെടുത്തി കൊടുത്തപ്പോൾ, താൻ കണ്ട ബിംബം പ്രതിനിധാനം ചെയ്യുന്ന ലോകരാജ്യങ്ങളുടെ അധികാര പരമ്പര അവസാനിക്കുന്നത് ബിംബത്തിന്റെ 10 വിരലുകളിലാണ്. കൈ തൊടാതെ പാഞ്ഞു വന്ന കല്ല് ബിംബത്തിന്റെ കാലിൽ അടിച്ച് അതിനെ ധൂളിപ്പിച്ച് കളയുന്നത് ഈ രാജാക്കന്മാരുടെ കാലത്ത് ദൈവം തന്റെ അധികാരം ഭൂമിയിൽ നിവർത്തിക്കും എന്നതിന്റെ സൂചന ആയിരുന്നു.

അങ്ങനെയെങ്കിൽ അന്ത്യകാലത്ത് ആ ബിംബത്തിന്റെ കാൽ അവസാനിക്കുന്നത് 10 വിരലുകളിൽ എന്ന പോലെ 10 സുപ്രധാന അധികാരങ്ങളിലേക്ക് ലോകരാഷ്ട്രീയം ഒതുങ്ങണം. ഇന്ന് ലോകരാഷ്ട്രീയത്തെ നയിക്കാൻ രൂപീകൃതമായിരിക്കുന്ന ഐക്യരാഷ്ട്രസഭ നിയന്ത്രിക്കപ്പെടുന്നത് വീറ്റോ അധികാരമുള്ള 5 രാജ്യങ്ങളുടെ നേതൃത്വത്തിലാണ്. അമേരിക്ക, റഷ്യ, ചൈന, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ വൻ ശക്തികളാണ് അവ. എന്നാൽ ഈ 5 രാജ്യങ്ങൾക്കു പുറമേ G4 എന്ന പേരിൽ മറ്റ് നാല് രാജ്യങ്ങൾ ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിലിൽ സ്ഥിരം അംഗത്വത്തിനു വേണ്ടി കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യ, ജപ്പാൻ, ജർമ്മനി, ബ്രസീൽ എന്നീ രാജ്യങ്ങളാണ് അവ. അധികം വൈകാതെ ഈ സുപ്രധാന രാജ്യങ്ങളെ കൂടെ ചേർത്ത് സുരക്ഷാ കൗൺസിൽ പുന:സംഘടിപ്പിച്ചേക്കാം. ലോകരാഷ്ട്രീയത്തിന്റെ നേതൃത്വത്തിൽ ഒൻപത് രാജ്യങ്ങൾ ആകും. പിന്നെ കുറവുള്ളത് ഇസ്ലാമികലോകത്തെ പ്രതിനിധീകരിക്കുവാൻ ഒരു രാജ്യമാണ്. അങ്ങനെ ഒന്നും കൂടി ചേർന്നാൽ കൃത്യം 10 അധികാരങ്ങൾ ആയി. ഒരു ലോകനേതാവ് എതിർക്രിസ്തു എന്ന നിലയിൽ ഈ പത്ത് രാജ്യങ്ങളുടെ പിൻബലത്തോടെ എഴുന്നേറ്റാൽ ലോകത്തെ നിയന്ത്രിക്കാൻ ഒരു ബുദ്ധിമുട്ടും ഇല്ലാതെ വരും.

**3. ശാസ്ത്രത്തിന്റെ സാക്ഷ്യം.**

ലോകപ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന സ്റ്റീഫൻ ഹോക്കിംഗ് പറഞ്ഞു: ഭൂമിയുടെ അവസാനം ഒരുപക്ഷേ ഛിന്നഗ്രഹങ്ങൾ വന്നിടിച്ചു തകരുന്നത് കൊണ്ടാവാം എന്ന്. നാസയുടെ കണ്ടെത്തലുകൾ അനുസരിച്ച് ഭൂമിയുടെ അന്തരീക്ഷത്തിന്റെ പുറത്ത് കറങ്ങി നടക്കുന്ന ഛിന്നഗ്രഹങ്ങളിൽ (Asteroids) 20 ശതമാനത്തെ മാത്രമേ ഇന്നേവരെ കണ്ട് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളൂ. കിലോമീറ്ററുകൾ വ്യാസമുള്ള ഛിന്നഗ്രഹങ്ങൾ പലതും ഈ അന്തരീക്ഷത്തിന്റെ പുറത്തുകൂടെ കറങ്ങി നടക്കുന്നുണ്ട്. ഇന്ന് ദൈവം അതിനെ നിയന്ത്രിച്ച് നിർത്തിയിരിക്കുന്നത് കൊണ്ടാണ് അവയൊന്നും താഴോട്ട് വീഴാത്തത്. പക്ഷേ, അധികം താമസിയാതെ അവ താഴോട്ട് വീഴാനുള്ളതാണ് എന്ന് വചനം പറയുന്നു.

വെളിപ്പാട് 6 :12, 8: 8 - 11 വാക്യങ്ങൾ അനുസരിച്ച് തീ കത്തുന്ന വന്മല പോലെ ഇത് സമുദ്രത്തിലേക്ക് പതിക്കും എന്നും, അങ്ങനെ സമുദ്രത്തിലെ മത്സ്യസമ്പത്തും കപ്പലുകളും തകർന്നുപോകും എന്നും ഇതിന്റെ റേഡിയേഷനും ചൂടും കൊണ്ട് വെള്ളത്തിന്റെ H2O എന്ന ഘടനയ്ക്ക് രാസമാറ്റം സംഭവിച്ച് രക്തനിറം പോലെ ആകും എന്നും കാണുന്നു. അതിഭയങ്കരമായ ഉൽക്ക വന്നു പതിക്കുമ്പോൾ ഉണ്ടാകുവാൻ പോകുന്ന ഭൂകമ്പത്തിൽ ദ്വീപുകളും മലകളും വരെ സ്ഥാനം മാറിപ്പോകും (വെളിപ്പാട് 6 : 14). ഈ ഭയാനക പ്രതിഭാസത്തിൽ ഭൂമി വിണ്ടുകീറി ഒരുപക്ഷേ ഭൂമിയുടെ അധോഭാഗത്ത് ഉയർന്നുവന്ന അണ്ടർ വാട്ടർ ലെവലിലേക്ക് കൂടി കലർന്നു കുടിവെള്ള സ്രോതസ്സുകൾ കൈപ്പുള്ളതായി മാറും (വെളിപ്പാട് 8: 10,11). ഭൗമാന്തരീക്ഷം ഈ ഛിന്നഗ്രഹങ്ങളുടെ പതനം

മൂലം നശിച്ചിട്ട് സൂര്യന്റെ അപകടകരമായ രശ്മികൾ നേരിട്ട് പതിച്ച് മനുഷ്യന് മഹാവ്യാധികൾ ഭവിക്കും (വെളിപ്പാട് 6:8). വലിയ ഛിന്നഗ്രഹം വന്നിടിച്ചാൽ ഭൂമി അതിന്റെ അച്ചുതണ്ടിൽ നിന്ന് സ്ഥാനം മാറി പ്പോവുകയും ഒരു ഭാഗം മുഴുവൻ സൂര്യകിരണങ്ങളുടെ കൃത്യഅനുപാതം ലഭിക്കാതെ വരികയും ചെയ്യും. അങ്ങനെ ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യൻ കരിമ്പടം പോലെ കറുത്തും ചന്ദ്രൻ രക്തതുല്യമായും കാണപ്പെടും (വെളിപ്പാട് 6 : 12).

സത്യത്തിൽ ഉടൻ സംഭവിക്കുവാൻ പോകുന്ന ഈ ദൈവക്രോധ നിവർത്തീകരണം ഇത് വായിച്ച് കേട്ട ആദിമസഭയെക്കാൾ എത്രയോ അധികം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്! യഹൂദന്റെ ഈ മഹോപദ്രവകാലം വരുന്നതിന് മുമ്പേ സഭ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും.

**4. അന്ത്യകാലത്ത് നടക്കേണ്ടിയ വിശ്വാസ ത്യാഗം:**

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, വമ്പു പറയുന്നവരും, അഹങ്കാരികളും, ദൂഷകന്മാരും... ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരും ആയിരിക്കും. ( 2 തിമോഥെയോസ് 3:1 - 5). ആത്മീകർ അനേകരും ജഢീകരായി മാറിക്കൊണ്ടിരിക്കുന്ന ദയനീയ കാഴ്ചയാണ് ഇന്നത്തെ സഭകളിൽ നാം കാണുന്നത്. ആത്മസ്വഭാവം ഉള്ളവർ ആത്മാവിനും നിത്യതയ്ക്കും വേണ്ടിയത് ചിന്തിക്കുകയും പഠിപ്പിക്കുകയും പഠിക്കാൻ ആഗ്രഹിക്കുകയും ചെയ്യും. എന്നാൽ ജഡസ്വഭാവം ഉള്ളവർ ജഢമോഹങ്ങൾക്കും ലോകനേട്ടങ്ങൾക്കും പിറകെ പായും. വചനത്തിനും വിശുദ്ധിക്കും ത്യാഗപരമായ ക്രിസ്തീയ ജീവിതത്തിനും മനസ്സില്ലാതെ, ഭൗതിക വിടുതലും സാമ്പത്തിക നേട്ടങ്ങളും പേരും പ്രശസ്തിയും മാത്രം ഇന്ന് അനേകർ ലക്ഷ്യമാക്കുന്നു.

കഷ്ടങ്ങളും ഉപദ്രവങ്ങളും നന്മകളും അനുഭവിക്കുന്നത് ഒരു പദവിയായി കണ്ടിരുന്ന ആദിമവിശ്വാസികളുടെ സ്ഥാനത്ത് ഇവയെല്ലാം പോരും, ബാധയും, ബന്ധനവും എന്ന വിധത്തിൽ ചിത്രീകരിക്കുകയും, ഈ കഷ്ടതയിൽ നിന്നുള്ള വിടുതലും ഭൗമിക ഉയർച്ചയുമാണ് ആത്മീയതയുടെ ആത്യന്തിക ലക്ഷ്യം എന്നു പഠിപ്പിക്കുന്നവരും ഇന്ന് പെരുകി കൊണ്ടിരിക്കുന്നു. വിശ്വാസം എന്നത് ഇന്നത്തെ തലമുറയ്ക്ക് ജഡത്തിന്റെയും ഭൗമികമോഹങ്ങളുടെയും നിവർത്തികരണത്തിനുള്ള ഉപാധിയാണ്.

**ലോകത്തിനും അതിന്റെ മോഹങ്ങൾക്കും നൽകുവാൻ നമുക്ക് ഇനി സമയമില്ല. മഞ്ഞു പൊഴിയുന്ന നാടും, ഉയർന്നുപൊങ്ങുന്ന മണിമേടകളും, മിന്നിത്തിളങ്ങുന്ന ലോകനേട്ടങ്ങളും നമ്മുടെ സ്വപ്നങ്ങൾ ആകാതിരിക്കട്ടെ. ഇനി നമ്മുടെ സ്വപ്നം നശിച്ചുപോകുന്ന ആത്മാക്കളെ നേടുവാനും വിശുദ്ധിക്ക് വില കൊടുക്കുവാനും നിത്യതയിൽ എത്തിച്ചേരുക എന്നതും ആകട്ടെ.**

അത് തന്നെയാണ് ഇന്നത്തെ പല പ്രസംഗകരിലേക്കും സഭകളിലേക്കും ജനത്തെ ആകർഷിച്ചു കൊണ്ടിരിക്കുന്നത്.

ആകയാൽ ഈ അന്ത്യനാളുകളിൽ ദൈവസഭ ഉണരേണ്ടിയ സമയമായി. ഭൗമികമോഹങ്ങളിലേക്കും ജഢിക ആഗ്രഹങ്ങളിലേക്കും മനുഷ്യനെ പ്രലോഭിപ്പിക്കുന്ന പ്രസംഗകർക്കും പ്രവാചകന്മാർക്കും പകരം വിശുദ്ധിയും വേർപാടും ക്രിസ്തുവിനായി ത്യാഗം ചെയ്യലും പഠിപ്പിക്കുന്ന യഥാർത്ഥ പ്രവാചകന്മാർ എഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ലോകത്തിനും അതിന്റെ മോഹങ്ങൾക്കും നൽകുവാൻ നമുക്ക് ഇനി സമയമില്ല. മഞ്ഞു പൊഴിയുന്ന നാടും, ഉയർന്നുപൊങ്ങുന്ന മണിമേടകളും, മിന്നിത്തിളങ്ങുന്ന ലോകനേട്ടങ്ങളും നമ്മുടെ സ്വപ്നങ്ങൾ ആകാതിരിക്കട്ടെ. ഇനി നമ്മുടെ സ്വപ്നം നശിച്ചുപോകുന്ന ആത്മാക്കളെ നേടുവാനും വിശുദ്ധിക്ക് വില കൊടുക്കുവാനും നിത്യതയിൽ എത്തിച്ചേരുക എന്നതും ആകട്ടെ.

പിശാചിനെയും അവന്റെ ബന്ധനങ്ങളെയും ഭയപ്പെട്ട് ജീവിക്കുന്ന അവസ്ഥകൾ മാറിയിട്ട് ക്രിസ്തുവിൽ നാം ആരാണ് എന്ന ഉറപ്പോടെയുള്ള ജീവിതം ദൈവം നമുക്ക് നൽകട്ടെ. ഇത് സാക്ഷീകരിക്കുന്നവൻ: അതെ, ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു: ആമേൻ കർത്താവായ യേശുവേ, വരേണമേ (വെളിപ്പാട് 22 :20).

●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

**ജോയ് എം. തോമസ്**

# ആന്തരിക വിശുദ്ധി സുപ്രധാനം

'**പി**ന്നെ അവൻ പുരുഷാരത്തെ അരികെ വിളിച്ച് അവരോട് പറഞ്ഞത്: കേട്ട് ഗ്രഹിച്ചു കൊള്ളുവിൻ. മനുഷ്യന് അശുദ്ധി വരുത്തുന്നത് വായ്ക്കകത്തു ചെല്ലുന്നത് അല്ല, വായിൽ നിന്ന് പുറപ്പെടുന്നത് അത്രേ; അത് മനുഷ്യനെ അശുദ്ധമാക്കുന്നു. അപ്പോൾ ശിഷ്യന്മാർ അടുക്കെ വന്നു: പരീശന്മാർ ഈ വാക്കുകൾ കേട്ട് ഇടറിപ്പോയി എന്ന് അറിയുന്നുവോ എന്ന് ചോദിച്ചു. അതിനവൻ: സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈയൊക്കെയും വേരോടെ പറിഞ്ഞു പോകും. അവരെ വിടുവിൻ; അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ, കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും എന്നുത്തരം പറഞ്ഞു. പത്രോസ് അവനോട്: ആ ഉപമ ഞങ്ങൾക്ക് തെളിയിച്ചു തരേണം എന്ന് പറഞ്ഞു. അതിന് അവൻ പറഞ്ഞത്: നിങ്ങളും ഇന്നുവരെ ബോധമില്ലാത്തവരോ? വായ്ക്കകത്തു കടക്കുന്നത് എല്ലാം വയറ്റിൽ ചെന്നിട്ട് മറപ്പുരയിൽ പോകുന്നു എന്നു ഗ്രഹിക്കുന്നില്ലയോ? വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്ന് വരുന്നു; അത് മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു വരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രേ; കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല. (മത്തായി 15:10 -20)

പൂർവ്വന്മാരുടെ സമ്പ്രദായമനുസരിച്ച് ഭക്ഷിക്കുമ്പോൾ കൈകഴുകുന്നില്ല എന്ന ആരോപണമാണ് കർത്താവിന്റെ ശിഷ്യന്മാർക്കെതിരെ പരീശന്മാരുന്നയിച്ചത്. ശുചിത്വം (hygiene ) എന്നതല്ല വാസ്തവത്തിൽ കൈ കഴുകുന്നതിനാൽ അവർ ഉദ്ദേശിക്കുന്നത്; പ്രത്യുത, പാരമ്പര്യം അനുസരിക്കുക എന്നതാണ്. എന്നാൽ വിശദീകരിക്കുമ്പോൾ ശുചിത്വ പരിപാലനം എന്നു വരുത്തിത്തീർക്കുവാനും കഴിയും. പല അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ന്യായീകരിക്കുവാൻ മാത്രം ചില നല്ല വിശദീകരണങ്ങൾ പറയാറുണ്ട്. ഇതും ഒരുതരം വഞ്ചനയാണ്; മറ്റുള്ളവരുടെ കണ്ണിൽ പൊടിവാരി ഇടുന്ന തന്ത്രം!

പാരമ്പര്യരീതി അനുസരിച്ച് കൈകഴുകാതെ ഭക്ഷിക്കുന്നവരെ അശുദ്ധർ എന്നാണ് വിലയിരുത്തുന്നത്. പരീശന്മാരുടെ കപടഭക്തിയുടെ പൊള്ളത്തരമാണ് കർത്താവ് ഇവിടെ തുറന്നുകാട്ടുന്നത്. ആചാരാനുഷ്ഠാനങ്ങളിലൂടെ വെളിപ്പെടുത്തുന്ന പുറമേയുള്ള ഭക്തിയല്ല ദൈവം നോക്കുന്നത്; പ്രത്യുത, ഹൃദയത്തിൽ ഉരുത്തിരിയുന്ന ഭക്തിയാണ് ദൈവത്തിന് സ്വീകാര്യം. പഴയനിയമ കാലയളവിൽ ജീവിച്ചിരുന്നവർ ദൈവം കല്പിച്ച ആചാരങ്ങൾ അനുഷ്ഠിക്കണമായിരുന്നു; അത് ഹൃദയത്തിൽ ഉളവാകുന്ന ഭക്തിയോടും വിശ്വാസത്തോടും കൂടിയായിരുന്നു ചെയ്യേണ്ടിയിരുന്നത്. ശുദ്ധൻ, അശുദ്ധൻ എന്ന് ദൈവം വേർതിരിക്കുന്നത് ബാഹ്യമായതു മാത്രം നോക്കിയല്ല, ഹൃദയശുദ്ധിയുടെ അടിസ്ഥാനത്തിലാണ്.

പഴയനിയമത്തിൽ ശുചീകരണനിയമങ്ങൾ ദൈവം കൊടുത്തിട്ടുണ്ട്. അതെല്ലാം അനുസരിക്കുന്നവരുടെ നന്മയ്ക്കായിട്ടായിരുന്നു. അനുസരിക്കണം എന്ന് കർശനമായി കൽപ്പിച്ചത് ദൈവം അവരെ സ്നേഹിച്ചതു കൊണ്ടാണ്. ഉദാഹരണം, അവർക്ക് ഭക്ഷിക്കുവാൻ അനുവാദം ഉണ്ടായിരുന്നത് ശുദ്ധിയുള്ള പക്ഷികളെയോ മൃഗങ്ങളെയോ ആയിരുന്നു. പുരുഷന്മാരും സ്ത്രീകളും പാലിക്കേണ്ട ശാരീരിക ശുദ്ധിക്കുള്ള നിയമങ്ങളും ദൈവം നൽകി. പകരുന്ന രോഗം ഉള്ളവരെ മാറ്റിപ്പാർപ്പിക്കാൻ നിർദ്ദേശം നൽകി. 'ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശു

ദ്ധരാകുവിൻ' എന്ന കൽപ്പന ദൈവം അവർക്ക് നൽകി. എന്നാൽ ഇവിടെ എങ്ങും കൈകഴുകാൻ ഒരു രീതി ദൈവം അവർക്ക് കല്പനയായിട്ടു കൊടുത്തില്ല. അത് സാമാന്യബോധത്തിൽ ഉൾപ്പെടുന്നതാകയാൽ എല്ലാവരും സ്വമേധയാ ചെയ്യുന്ന കാര്യമാണ്.

പാരമ്പര്യത്തിന് പ്രാധാന്യത കൽപ്പിച്ചു തുടങ്ങിയപ്പോൾ ദൈവത്തിന്റെ കല്പനകളിൽ ശ്രദ്ധ കുറഞ്ഞു; തത്വത്തിൽ അവർ ദൈവകല്പന ദുർബലപ്പെടുത്തി. ആചാരപ്രകാരം അധരംകൊണ്ട് ദൈവത്തിനു സ്തുതി പാടി എങ്കിലും ഹൃദയം ദൈവത്തിൽനിന്ന് മാറിപ്പോയിരുന്നു. ഇത് നമുക്ക് സംഭവിക്കാതിരിക്കാൻ നാം സൂക്ഷിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ കഴുകാത്ത കൈ അല്ല കഴുകപ്പെടാത്ത ഹൃദയമാണ് മനുഷ്യനെ അശുദ്ധമാക്കുന്നത്. കഴിക്കുന്ന ഭക്ഷണം വയറ്റിൽ ചെന്നിട്ട് മറപ്പുരയിൽ പോകുന്നു. എന്നാൽ കഴുകപ്പെടാത്ത ഹൃദയത്തിൽ നിന്നും വരുന്നവ മനുഷ്യനെ അശുദ്ധമാക്കുന്നവയാണ്. എല്ലാ പാപവും മുളയ്ക്കുന്നത് ഹൃദയത്തിലാണ്. ചിന്തകൾ ശുദ്ധീകരിക്കപ്പെട്ടു എങ്കിലേ ഒരു വ്യക്തിക്ക് ശുദ്ധനായിരിക്കുവാൻ കഴിയുകയുള്ളൂ. ചിന്തകൾ അശുദ്ധമായാൽ വാക്കുകളും പ്രവർത്തികളും അശുദ്ധമാകും; അതിനാൽ ആ വ്യക്തി അശുദ്ധൻ ആയിത്തീരുന്നു.

പാരമ്പര്യവാദികളും കുരുടന്മാരുമായ പരീശന്മാരെ, കുരുടന്മാരായ വഴികാട്ടികൾ എന്നാണ് കർത്താവ് വിളിച്ചത്. അവരുടെ ആത്മീയ കാഴ്ചപ്പാട് ശരിയല്ലായിരുന്നു. കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും. ആത്മീയ നേതാക്കളായി ഗണിക്കപ്പെടുന്നവരുടെ ആത്മീയ കാഴ്ചപ്പാട് ശരിയല്ല എങ്കിൽ അവരും അവരുടെ ഉപദേശപ്രകാരം നടക്കുന്നവരും ഒരുപോലെ നശിച്ചുപോകും. ഇന്ന് ക്രിസ്തീയ ഗോളത്തിൽ ഉണ്ടാകുന്ന ആശയക്കുഴപ്പത്തിന് കാരണം ആത്മീയ നേതാക്കൾ ശരിയായ ആത്മീയ കാഴ്ചപ്പാട് പ്രാപിക്കാത്തതിനാലാണ്. ആന്തരിക വിശുദ്ധിക്കുള്ള പ്രാധാന്യം തെളിവായി മനസ്സിലാക്കി ദൈവവചനം ജനങ്ങളെ പഠിപ്പിക്കുന്നവരും, മാതൃകയുള്ള ആത്മീയജീവിതം നയിച്ച് വിശുദ്ധിയിലേക്കും ശരിയായ ആത്മീയതയിലേക്കും ജനങ്ങളെ വഴി നടത്തുവാൻ ആത്മഭാരം ഉള്ളവരും കുറഞ്ഞു പോയി.

പരീശന്മാരുടെ മറ്റൊരു പോരായ്മ അവർ തിരുത്തലുകൾ ഇഷ്ടപ്പെട്ടിരുന്നില്ല എന്നതാണ്. തെറ്റുകൾ ആർക്കും സംഭവിക്കാം. എന്നാൽ തിരുത്തുവാൻ മനസ്സില്ലാത്തവർക്ക് ജീവിതത്തെയും വിശ്വാസത്തെയും ക്രമപ്പെടുത്തുവാൻ കഴിയില്ല. കർത്താവ് അവരുടെ കപടഭക്തിയും പാരമ്പര്യത്തിന്റെ ശൂന്യതയും തുറന്നുകാട്ടിയപ്പോൾ അവർ മാനസാന്തരപ്പെട്ടില്ല; പ്രത്യുത, അവർ ഇടറിപ്പോയി. കർത്താവിന്റെ വാക്കുകൾ കേട്ടിട്ട് പരീശന്മാർ ഇടറിപ്പോയി എന്ന് കർത്താവിനോട് തന്റെ ശിഷ്യന്മാർ അറിയിച്ചപ്പോൾ കർത്താവു നൽകിയ മറുപടി 'സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും പറിഞ്ഞു പോകും 'എന്നാണ്. പിതാവ് നട്ടിട്ടുള്ള തൈയ്ക്കു ഉത്തരവാദിയായ ഉടമസ്ഥനുണ്ട്. അവയ്ക്ക് പരിപാലനം ലഭിക്കും. അത് സുരക്ഷിതവുമാണ്. യഥാർത്ഥമായും ദൈവത്തെ ഭയപ്പെടുകയും തന്റെ വഴികളിൽ നടക്കുകയും ചെയ്യുന്നവർക്ക് ദൈവം ഏറ്റവും ഉത്തരവാദിത്വമുള്ള പിതാവായിട്ടുണ്ട്. കപടഭക്തർ അരക്ഷിതരാണ്; അവരുടെ ഭാവി നശ്വരമാണ്.

**യഥാർത്ഥത്തിൽ കഴുകാത്ത കൈ അല്ല കഴുകപ്പെടാത്ത ഹൃദയമാണ് മനുഷ്യനെ അശുദ്ധമാക്കുന്നത്. കഴിക്കുന്ന ഭക്ഷണം വയറ്റിൽ ചെന്നിട്ട് മറപ്പുരയിൽ പോകുന്നു. എന്നാൽ കഴുകപ്പെടാത്ത ഹൃദയത്തിൽ നിന്നും വരുന്നവ മനുഷ്യനെ അശുദ്ധമാക്കുന്നവയാണ്.**

എല്ലാ പാപത്തിന്റെയും വിത്ത് ചിന്തയിലാണ്; അത് ഹൃദയത്തിലാണ്. മനുഷ്യനെ അശുദ്ധമാക്കുന്ന പാപങ്ങൾക്ക് ഉദാഹരണമായി ചിലത് കർത്താവ് ചൂണ്ടിക്കാണിക്കുന്നു. ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം തുടങ്ങിയവ. ഇവയെല്ലാം ചിന്തയിൽ രൂപപ്പെട്ടു പ്രവർത്തിയിൽ വെളിപ്പെടുന്നതാണ്. ചിന്തയിൽ കിടക്കുന്ന പാപത്തിന്റെ വിത്തിനു മുളച്ചു വളരുവാനുള്ള സാഹചര്യമുണ്ടായാൽ അത് ഏതു വ്യക്തിയിൽ നിന്നും പുറപ്പെടും. അതുകൊണ്ട് ചിന്തകളെ വിശുദ്ധമായി സൂക്ഷിക്കുക എന്നത് എല്ലാവരും ബോധപൂർവം ചെയ്യേണ്ടതാണ്. അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ ആണ് കർത്താവ് ഹൃദയത്തെ ശുദ്ധീകരിക്കുന്നത്. ശുദ്ധിയുള്ള ഹൃദയത്തിൽ നിന്ന് ശുദ്ധിയുള്ള ചിന്തകളും, ശുദ്ധിയുള്ള ചിന്തയിൽ നിന്ന് ശുദ്ധിയുള്ള പ്രവൃത്തിയും ഉണ്ടാകും. അപ്പോഴാണ് നാം ശുദ്ധിയുള്ളവരായി യഥാർത്ഥത്തിൽ പരിണമിക്കുന്നത്.

●

നുറുക്കാൻ ഒരുമിച്ചു കൂടിയിരുന്നു; കാരണം, പകൽ അവരിൽ മിക്കവർക്കും അവരുടെ പണിയിടങ്ങളിൽ ജോലി ചെയ്യേണ്ടിയിരുന്നു. അവരിൽ ചിലരെങ്കിലും അടിമകളായിരുന്നുവെന്നോർക്കണം. ആരാധനയ്ക്കുവേണ്ടി അവധിയെടുക്കാനുള്ള അധികാരമൊന്നും അവർക്കുണ്ടായിരുന്നില്ല.

ഒരുമിച്ചുള്ള ഭക്ഷണം അക്കാലത്തെ യോഗങ്ങളുടെ ഒരു പ്രത്യേകത ആയിരുന്നു. എന്നാൽ, വീടുകളിലും മറ്റും ആരാധന നടക്കുന്ന സന്ദർഭങ്ങളിൽ വരുന്നവർക്കെല്ലാം ഭക്ഷണം ഒരുക്കാനുള്ള "സഭാഫണ്ട്" ഒന്നും അന്നത്തെ ദരിദ്രസഭകൾക്കില്ലായിരുന്നു. തന്നെയല്ല, പന്ത്രണ്ടു മണിക്കൂർ പണിയെടുത്തിട്ടു വരുന്ന വിശ്വാസികൾക്കു പിന്നീടു വന്നു സദ്യയൊരുക്കാനുള്ള സമയവുമില്ലായിരുന്നു. പലയിടത്തും പ്രതികൂലങ്ങളുടെ നടുവിൽ ആരാധന നടന്നിരുന്നതിനാൽ വലിയ സഭയുടെ കോലാഹലങ്ങളൊക്കെ കാണിക്കാനും അവർക്കു കഴിഞ്ഞിരുന്നില്ല. അതിനാൽ അവർ ഓരോരുത്തരും അവരവരുടെ ഭക്ഷണം വീട്ടിൽനിന്നു കൊണ്ടുവരികയും സഭയിലെത്തി ഒരുമിച്ചിരുന്നു അതു പങ്കുവെച്ചു കഴിക്കയും ചെയ്തിരുന്നു... സ്നേഹവിരുന്ന് (love feast- Agape meal) എന്നാണു അവർ അതിനെ വിളിച്ചിരുന്നത്. യോഗാരംഭത്തിൽ അവർ ഒരുമിച്ചുകൂടി വീട്ടിൽനിന്നു കൊണ്ടുവന്ന പൊതിയഴിച്ച് അടുത്തിരിക്കുന്നവരൊക്കെ കറികൾ അന്യോന്യം പങ്കുവെച്ച് ആഘോഷമായി ഭക്ഷണം. അതുകഴിഞ്ഞ് ആരാധനായോഗം. യോഗത്തിനൊടുവിൽ കർത്തൃമേശയും കഴിഞ്ഞ് അവർ ഭവനത്തിലേക്കു മടങ്ങിപ്പോകും! എന്നാൽ, കൊരിന്ത്യസഭയിലെ ധനികർക്കു ദരിദ്രരുമൊരുമിച്ചിരുന്നു ഭക്ഷണപ്പൊതിയിൽ അന്യോന്യം കയ്യിട്ടു കഴിക്കുന്നതു അരോചകമായി തോന്നി.

ധനികരായ ആളുകൾക്കു നേരത്തെ യോഗത്തിനു വരാൻ കഴിഞ്ഞിരുന്നു. അവർ ആരുടെയും അടിമകളല്ലല്ലോ. നേരത്തെ കടയടച്ചിട്ടു വരാം. ധനികരുടെ വീട്ടിൽനിന്നു (നമ്മുടെ രീതിയിൽ പറഞ്ഞാൽ) അവർ ബിരിയാണിയും ബട്ടർനാനും ചില്ലി ചിക്കനും ഫ്രഷ്ജ്യൂസും പെപ്സിയും ഒക്കെയായി നേരത്തെ വരും. ധനികർ ഒരുമിച്ചിരുന്നു സമൃദ്ധിയായി ഭക്ഷണം കഴിക്കും. അതുകഴിയുമ്പോഴേക്കും പാവങ്ങളെത്തും. അവർ പാടത്തെ പണി കഴിഞ്ഞ് അന്നത്തെ കൂലികൊടുത്ത് കപ്പവാങ്ങിപ്പുഴുങ്ങി മുളകു ചമന്തിയുമായി ആകാം വരുന്നത്. അവർ വരുമ്പോഴേക്കും ധനികരുടെ പാർട്ടി കഴിഞ്ഞു. ദരിദ്രർ വന്നു "ഭക്ഷണം കഴിക്കാം" എന്നു പറഞ്ഞു നേരത്തെ വന്ന ധനികരെ ക്ഷണിക്കുമ്പോൾ അവർ പറയുന്നത്; "ഞങ്ങൾ നേരത്തെ കഴിച്ചു ബ്രദറേ.. ഷുഗറൊക്കെയുള്ളതല്ലേ... ഭക്ഷണം കഴിക്കുന്നതു താമസിച്ചാൽ വിറയ്ക്കും..." എന്നാവും മറുപടി! അവർ നോക്കുമ്പോൾ കരിമീന്റെ മുള്ളും കോഴിയുടെ എല്ലും ഒക്കെ മൂലയിലെ ഗാർബേജ്ബിന്നിൽ കിടപ്പുണ്ട്. പെപ്സിയുടെ കുപ്പികളും ഡയറ്റ്കോക്കിന്റെ ക്യാനുകളും. അതൊക്കെ കണ്ട് കൊതിച്ച് പാവങ്ങൾ ഒരുമിച്ചു കൂടി അവരുടെ പൊതിയഴിച്ച് കപ്പയും കാച്ചിലും ചോറും ഒക്കെ അന്യോന്യം പങ്കുവെച്ചു ഭക്ഷിക്കും!

രണ്ടു തട്ടിലുള്ളവർ രണ്ടു സമയങ്ങളിൽ "ലവ്ഫീസ്റ്റ്" കഴിഞ്ഞ് ആരാധനായോഗത്തിൽ ഒരുമിച്ചിരിക്കുന്നു; ഒരുമിച്ചു തിരുവത്താഴം കഴിക്കുന്നു... ദരിദ്രരോടുകൂടെ സ്വന്തഭക്ഷണം പങ്കുവയ്ക്കാത്ത ധനികരും ദരിദ്രരോടുകൂടെ കർത്തൃമേശയിൽ പങ്കാളികളാവുന്നുണ്ട്! പൗലൊസ് പറയുന്നു: "നിങ്ങൾ കൂടിവരുമ്പോൾ കർത്താവിന്റെ അത്താഴമല്ല കഴിക്കുന്നത്. ഭക്ഷണം കഴിക്കയിൽ ഓരോരുത്തൻ താന്താന്റെ അത്താഴം മുമ്പെ കഴിക്കുന്നു. അങ്ങനെ ഒരുവൻ വിശന്നും മറ്റൊരുവൻ ലഹരിപിടിച്ചുമിരിക്കുന്നു... തിന്നുവാനും കുടിക്കുവാനും നിങ്ങൾക്കു വീടുകൾ ഇല്ലയോ? അല്ല, ദൈവത്തിന്റെ സഭയെ നിങ്ങൾ തുച്ഛീകരിച്ച് ഇല്ലാത്തവരെ ലജ്ജിപ്പിക്കുന്നുവോ? (1 കൊരിന്ത്യർ 11: 20–22). ഇല്ലാത്തവരെ ലജ്ജിപ്പിക്കുമ്പോൾ നിങ്ങൾ സഭയെ തുച്ഛീകരിക്കുകയാണ്! ഇവിടെ സഭ "കർത്താവിന്റെ ശരീരം" (body of Christ) ആണ്. 'തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു" (1 കൊരിന്ത്യർ 11: 29). കർത്തൃമേശ ശിക്ഷാവിധിക്കു കാരണമായിത്തീരുന്ന മൂന്നാമത്തെ അയോഗ്യതയാണു നാം ഇവിടെ കാണുന്നത്! **ഒന്നാമതു** നമുക്കുവേണ്ടി നുറുക്കപ്പെട്ട യേശുവിന്റെ ശരീരത്തെയും നമുക്കുവേണ്ടി ചൊരിയപ്പെട്ട അവന്റെ രക്തത്തെയും ഓർക്കാതെ കർത്തൃമേശയിൽ പങ്കെടുക്കുന്നത്(1 കൊരിന്ത്യർ 11: 23–25) ശിക്ഷാവിധിക്കു കാരണമാകുന്ന അയോഗ്യതയാണ്.

**രണ്ടാമതു:** രക്തംകൊടുത്തു എന്നെ വിലയ്ക്കുവാങ്ങിയ യേശുകർത്താവിന്റെ സ്വഭാവത്തിനു

**കർത്തൃമേശ എന്നെ ഓർപ്പിക്കുന്നത്, എന്നെ വീണ്ടെടുക്കാൻ കർത്താവ് എത്ര പങ്കപ്പാടുകൾ സഹിച്ചുവെന്ന ചരിത്രമാണ്; രക്തംകൊണ്ടു എന്നെ വിലയ്ക്കു വാങ്ങിയ എന്റെ കർത്താവിന്റെ വിശുദ്ധിയിൽ ഞാൻ ജീവിക്കണം എന്ന സത്യമാണ്; എന്റെ സഹോദരനെ വേദനിപ്പിക്കാതെ എളിയവരെ ആദരിച്ച് അവരോടു പങ്കാളികളായി ഞാൻ ജീവിക്കണമെന്ന ദൈവമനസ്സാണ്! കർത്താവ് വരുവോളം...**

അനുയോജ്യമായ ജീവിതമല്ല ഞാൻ ജീവിക്കുന്നതെങ്കിൽ, യേശുവിന്റെ പേരുകളയുന്ന ഒരു ജീവിതം ജീവിച്ചിട്ട്, കർത്തൃമേശയിൽ പങ്കെടുക്കുന്നവർ അയോഗ്യമായി അപ്പം തിന്നുകയാണ്.

**മൂന്നാമതു:** സഭയിലുള്ള എന്റെ കൂട്ടുസഹോദരങ്ങളെ എന്റെ സമ്പത്തിന്റെയും സാമൂഹിക പശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിവു കാട്ടിയിട്ട്- എനിക്കുള്ളതു അവർക്കു പങ്കുവയ്ക്കാതെ ഞാൻ എന്റെ ഗർവുകാട്ടി അവരെ ലജ്ജിപ്പിച്ചിട്ടു കർത്തൃമേശയിൽ പങ്കെടുത്താൽ ഞാൻ "ശിക്ഷാവിധി തിന്നുകയും കുടിക്കുകയു"മാണ് (1 കൊരിന്ത്യർ 11: 29)."ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളുമാകുന്നു"; അനേകരും നിദ്രകൊള്ളുന്നു" (1 കൊരിന്ത്യർ 11: 30). കർത്താവിന്റെ പങ്കപ്പാടുകളെ ഓർമിക്കാതെ, എന്റെ ജീവിതത്തെ കർത്താവിന്റെ വിശുദ്ധിയിൽ സൂക്ഷിക്കാതെ, എന്റെ സഭയിലെ സഹോദന്മാർക്കു എനിക്കുള്ളതു പങ്കുവയ്ക്കാതെ തിരുവത്താഴത്തിൽ പങ്കെടുക്കുന്നവർ ശിക്ഷാവിധി തിന്നുകയും കുടിക്കുകയുമാണ്! "വിഷം കുടിക്കുക" എന്നു പറയുന്നതുപോലെയാണത്! യോഗ്യമായി അപ്പം ഭക്ഷിക്കുന്നവൻ കർത്താവിനെ ഭക്ഷിക്കുകയാണ്, അയോഗ്യമായി അപ്പം ഭക്ഷിക്കുന്നവൻ ശിക്ഷാവിധി ഭക്ഷിക്കുകയാണ്. യേശുവിനെ ഭക്ഷിക്കുന്നവൻ യേശുവിന്റെ നിറവിൽ ജീവൻ പ്രാപിക്കുന്നു; ശിക്ഷാവിധി ഭക്ഷിക്കുന്നവൻ ബലഹീനതയിലേക്കും രോഗത്തിലേക്കും ആത്യന്തികമായി ആത്മീയമരണത്തിലേക്കുമാണു ചെന്നുപെടുന്നത്!

നാം നമ്മെത്തന്നെ വിധിച്ചാൽ (ശോധന ചെയ്തു തെറ്റു തിരുത്തിയാൽ (discerned) വിധിക്കപ്പെടുകയില്ല (1 കൊരിന്ത്യർ 11: 31). അതായത് ഓരോ പ്രാവശ്യവും തിരുവത്താഴത്തിൽ പങ്കെടുക്കുമ്പോൾ എന്റെ വീണ്ടെടുപ്പിനുവേണ്ടി നുറുക്കപ്പെട്ട യേശുവിന്റെ ക്രൂശുമരണത്തെ ധ്യാനിക്കുകയും എന്റെ അനുദിന ജീവിതത്തിലെ വിശുദ്ധി ഉറപ്പുവരുത്തുകയും എളിയ സഹേദരങ്ങളോടുള്ള എന്റെ നിലപാടുകൾ പൂർണമായും ദൈവാനുരൂപമാക്കുകയും ചെയ്യുന്നുവെങ്കിൽ പിന്നെ ദൈവം എന്നെ കുറ്റം വിധിക്കുകയില്ല! 'നാം നമ്മെത്തന്നെ വിധിക്കുന്നു (ശോധന ചെയ്തു തെറ്റുതിരുത്തുന്നുവെങ്കിൽ അതു കർത്താവ് നമുക്കു നൽകുന്ന ഒരു "ബാലശിക്ഷ'യാണ് (1 കൊരിന്ത്യർ 11: 32). ഇവിടെ ബാലശിക്ഷ എന്നതിന്റെയർഥം ഒരു കുഞ്ഞിനു കൊടുക്കുന്ന ശിക്ഷണം (discipline-training) എന്നു മാത്രമാണ്, അല്ലാതെ ശിക്ഷയല്ല. കർത്താവിന്റെ മേശയിൽ അവന്റെ പങ്കുകാരനാകാൻ ഞാൻ എന്നെത്തന്നെ ഒരുക്കുന്നതാണ് ഈ ശിക്ഷണം. വിശുദ്ധിയിൽ എന്നെത്തന്നെ സൂക്ഷിക്കുന്ന ശിക്ഷണത്തിനു ഞാൻ കർത്താവിനു എന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കുന്നുവെങ്കിൽ ഞാൻ ആത്യന്തികമായി ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ (ഇവിടെ ശിക്ഷാവിധി, നിത്യനാശം എന്ന അർഥത്തിലാണു ഉപയോഗിച്ചിരിക്കുന്നത്) അകപ്പെടുകയില്ല!

കർത്തൃമേശ എന്നെ ഓർപ്പിക്കുന്നത്, എന്നെ വീണ്ടെടുക്കാൻ കർത്താവ് എത്ര പങ്കപ്പാടുകൾ സഹിച്ചുവെന്ന ചരിത്രമാണ്; രക്തംകൊണ്ടു എന്നെ വിലയ്ക്കു വാങ്ങിയ എന്റെ കർത്താവിന്റെ വിശുദ്ധിയിൽ ഞാൻ ജീവിക്കണം എന്ന സത്യമാണ്; എന്റെ സഹോദരനെ വേദനിപ്പിക്കാതെ എളിയവരെ ആദരിച്ച് അവരോടു പങ്കാളികളായി ഞാൻ ജീവിക്കണമെന്ന ദൈവമനസ്സാണ്! കർത്താവ് വരുവോളം... അതെ! കർത്താവിന്റെ വരവ് സമീപമാണ്. കർത്താവിന്റെ വരവിന്റെ പ്രത്യാശയിലാണ് ഞാൻ ഓരോ പ്രാവശ്യവും കർത്തൃമേശയിലേക്കു കൈ നീട്ടുന്നത്!

കർത്താവിന്റെ നുറുക്കപ്പെട്ട ശരീരത്തിന്റെ ഓർമയിൽ നമ്മുടെ ശരീരാത്മദേഹികളെ വിശുദ്ധമായി സൂക്ഷിച്ച് അവിടുത്തെ വരവുവരെയും സഹോദരങ്ങളോടൊരൊമിച്ച് അവിടുത്തെ മേശയിൽ പങ്കാളിയാകാൻ നമുക്ക് സമർപ്പിക്കാം

●

# ഹൃദയശുദ്ധിയോടെ ജീവിക്കാം...

ഹൃദയശുദ്ധിയുള്ള ജീവിതത്തിന്റെ സവിശേഷത തിരുവെഴുത്തിലുടനീളം ദർശിക്കാം. പഴയനിയമ ചരിത്രത്തിലും പ്രവാചകഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും സുവിശേഷങ്ങളിലും ലേഖനങ്ങളിലുമെല്ലാം നിഷ്കളങ്കനായ മനുഷ്യന്റെ വലിമ രേഖപ്പെടുത്തിയിട്ടുണ്ട്. പുരാതനഭക്തനായ ഇയ്യോബിന്റെ ഡെസിഗ്നേഷൻ; നിഷ്കളങ്കൻ, നേരുള്ളവൻ, ദൈവഭക്തൻ, ദോഷം വിട്ടകലുന്നവൻ എന്നിവയായിരുന്നു! തന്റെ തലമുറയിൽ നീതിമാനും നിഷ്കളങ്കനുമായി ജീവിച്ച നോഹയെയാണ് മാനവജാതിയുടെ നിലനിൽപ്പിനായി പെട്ടകം പണിയുവാൻ ദൈവം നിയോഗിച്ചത്. കണ്മോഹത്തിന്റെയും ജഡമോഹത്തിന്റെയും കുരുക്കിലകപ്പെട്ട, ദൈവത്തോടും മനുഷ്യരോടും പാപം ചെയ്ത, ദാവീദിന്റെ അനുതാപഹൃദയത്തിൽ നിന്നുയർന്ന നിലവിളി ഇപ്രകാരമായിരുന്നുവല്ലോ 'ദൈവമേ; നിർമലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ'

നിർമ്മലമായതും അചഞ്ചലമായ ഏകാഗ്രതയുള്ളതുമായ ജീവിതമാണ് ദൈവം തന്റെ ഭക്തന്മാരിൽ നിന്ന് എന്നും പ്രതീക്ഷിക്കുന്നത്. ഗിരിപ്രഭാഷണത്തിന്റെ ആമുഖത്തിൽ ക്രിസ്തു ഉപദേശിക്കുന്ന 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണുമെന്ന തിരുവചനം ഹെർമോൻ പർവതത്തിലെ മഞ്ഞുപോലെ മധുരമനോജ്ഞമാണ്. ശിശുക്കളെപ്പോലെ നിഷ്കളങ്കരായവർക്കുള്ളതാണ് സ്വർഗ്ഗരാജ്യ പ്രവേശനം എന്ന ക്രിസ്തുകൽപ്പനയും ഓരോ ക്രിസ്തു ശിഷ്യർക്കുമുള്ള മുന്നറിയിപ്പാണ്. അനുഷ്ഠിക്കുവാൻ എളുപ്പമുള്ള അടിസ്ഥാന ഉപദേശങ്ങൾക്കപ്പുറമുള്ള നൂറുകണക്കിന് ദൈവകൽപ്പനകളെ മനസ്സോടെ മറക്കുന്ന നാം, ഹൃദയശുദ്ധിയുള്ള ക്രിസ്തീയജീവിതത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നുവോ എന്ന് സന്ദേഹിക്കുന്നു.

അപ്പോസ്തലനായ പൗലോസ് തന്നിലും ഇളയ സഹപ്രവർത്തകനായ തിമൊഥെയൊസിനോട് ആജ്ഞാപിക്കുന്നത് എല്ലാ സുവിശേഷകർക്കും ദൈവമക്കൾക്കുമുള്ള അനുശാസനമാണ്. 'ആജ്ഞയുടെ ഉദ്ദേശ്യമോ: ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജവിശ്വാസം എന്നിവയാലുളവാകുന്ന സ്നേഹം തന്നെ' പൗലോസ് വീണ്ടും ഉപദേശിക്കുന്നതും ഇങ്ങനെ. 'ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക'

അതെ, നിർമ്മലവും സുതാര്യവുമായ ദൈവത്തോടുള്ള ഇഴയടുപ്പമാണ് നമുക്ക് എപ്പോഴും അനിവാര്യമായിട്ടുള്ളത്. അപ്രകാരമുള്ള ആത്മീയബന്ധത്തിലൂടെ മാത്രമേ ക്രിസ്താനുരൂപമായ വിശുദ്ധ ജീവിതം രൂപപ്പെടുകയുള്ളൂ. പരമാർത്ഥതയുടെ എതിർശീലമായ വ്യാജഭാവവും കപടതയും ദൈവം വെറുക്കുന്ന കാര്യങ്ങളാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്. ഉവ്വ്, വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളുമായി രൂപാന്തരപ്പെടുവാനുള്ള ദൈവവിളി തിരിച്ചറിയുകയാണ് ദൈവസഭയുടെ ഇന്നിന്റെ ആവശ്യം.

**-എംസി**


RIGHTEOUS PATH PUBLICATION TRUST

*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank

KANJIKUZHY - KOTTAYAM

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക വരിസംഖ്യ 250 രൂപ

നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.09.2022

NERVEEDHI - SEPTEMBER 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)


# ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.